2013 മെയ് / വോള്യം 5 / ലക്കം 5 / വില 15 ₹

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## വ്യാജകവചങ്ങൾ പൊളിച്ചു നേരിടണം

– ചിത്രാഷമ്മി

## സ്ത്രീപീഡനകേസിലെ ഇരകളും മേൽക്കോടതിയും

– ഗീത

## എഡിറ്റോറിയൽ



സാറാ ജോസഫ്

**കുട്ടികൾ** തെറ്റ് ചെയ്താൽ അവരെ ശിക്ഷിക്കാൻ ജുവനൈൽഹോമുകളും അവരെ പേടിപ്പിക്കാൻ പൊലീസും അവരെ തല്ലി നേരെയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഒക്കെയുണ്ട്. മാതാപിതാക്കൾ, അധ്യാപകർ, എഴുത്തുകാർ, ബാലസംഘടനാപ്രവർത്തകർ തുടങ്ങി ഒരുപാടു പേർ കുട്ടികളെ 'നേർവഴിക്ക്' നടത്താൻ അക്ഷീണം പ്രയത്നിക്കുന്നുണ്ട്. എന്നാൽ ഭയമില്ലാതെ ജീവിക്കാനുള്ള അന്തരീക്ഷം കുട്ടികൾക്ക് നൽകുന്നതിൽ ഇന്ത്യ അടിക്കടി പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. കുട്ടികളുടെ ജീവനും അഭിമാനത്തിനും സംരക്ഷണം നൽകാൻ നമുക്ക് സംവിധാനങ്ങളൊന്നുമില്ല. കുടുംബത്തിനകത്തും പുറത്തും കുട്ടികൾ അപകടത്തിലാണ്. ലോകം അവരെ പോലെ കാപട്യമില്ലാത്തതാണ് എന്ന ഉറച്ചവിശ്വാസത്തിൽ സ്വതന്ത്രമായി ജീവിക്കാൻ നമ്മുടെ രാജ്യത്ത് കുഞ്ഞുങ്ങൾക്ക് ഇന്നവസരമില്ല. കുട്ടിയെ ശകാരിച്ചതിന്റെ പേരിൽ ഇന്ത്യൻ മാതാപിതാക്കൾ വിദേശത്ത് ശിക്ഷിക്കപ്പെട്ടപ്പോൾ ആ മാതാപിതാക്കളെ സംരക്ഷിക്കാനെന്തുവഴി എന്നതിനാണ് നാം വ്യഗ്രത കാട്ടിയത്. ഒരു കുട്ടിയുടെ വ്യക്തിത്വത്തെ മാനിക്കുകയും അവകാശങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നതിന് വേണ്ടി വിദേശരാജ്യം നിലനിർത്തിയിരിക്കുന്ന നിയമവ്യവസ്ഥയോടുള്ള ബഹുമാനവും ആദരവും രേഖപ്പെടുത്തുകയല്ല നമ്മൾ ചെയ്തത്.

കുട്ടികൾക്ക് നേരെ നടക്കുന്ന ഏറ്റവും ക്രൂരമായ ലൈംഗിക ആക്രമണങ്ങൾ ഇന്ത്യയിൽ ഒരു ട്രെൻഡ് ആയി വളരുകയാണ്. കണ്ടെത്താനോ തടയാനോ സംവിധാനമില്ലാതെ ഒരു ജനാധിപത്യരാഷ്ട്രം അതിന്റെ കുഞ്ഞുങ്ങളെ ബലി കൊടുത്തുകൊണ്ടേയിരിക്കുന്നു. സ്വന്തം കുട്ടിക്ക് സംഭവിക്കുന്നതു വരെ സിവിൽ സമൂഹം വാർത്ത വായിച്ച് ആദ്യം നടുങ്ങുകയും പിന്നെ ഉദാസീനമായി പത്രം മടക്കി വെക്കുകയും ചെയ്യുന്നു. ലൈംഗിക അതിക്രമങ്ങൾക്ക് ഇരകളാകുന്ന കുട്ടികൾ പലപ്പോഴും കൊലചെയ്യപ്പെടുന്നു. ഇത്തരമൊരു ട്രെൻഡ് ഉയർന്നു വരുന്നതിന്റെ കാര്യകാരണങ്ങൾ അന്വേഷിച്ചു കണ്ടെത്തി ഉചിതമായ പ്രതിവിധി ഉണ്ടാക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ ഇപ്പോഴും ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല. മദ്യവും മയക്കുമരുന്നും കുറ്റവാളിസമൂഹങ്ങളെ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. വിദേശചാനലുകളിൽ പലതും കുട്ടികളെ ലൈംഗികമായി ഉപയോഗിക്കുന്നതിന്റെ ദൃശ്യങ്ങൾ അടങ്ങിയിട്ടുള്ളവയാണെന്ന് പറയപ്പെടുന്നു. ദില്ലിയിൽ 5 വയസ്സുള്ള കുഞ്ഞിനു നേരെ നടന്ന അക്രമസംഭവം നോക്കുക. മൊബൈലിൽ അശ്ലീലരംഗങ്ങൾ കണ്ട് പുറത്തേക്കിറങ്ങിയ പതിനഞ്ചു വയസ്സുകാരൻ ആദ്യം കണ്ട കുഞ്ഞിനെ ലൈംഗികമായി ഉപയോഗിച്ചു എന്നാണ് ഏറ്റുപറഞ്ഞത്. തടയണമെന്ന് ആത്മാർത്ഥമായി തീരുമാനിച്ചാൽ ഒരു സർക്കാരിന് എളുപ്പത്തിൽ ഇത്തരം കുറ്റവാളികളെ കണ്ടെത്താനും കുട്ടികളെ സംരക്ഷിക്കാനും കഴിയും. പക്ഷേ കുഞ്ഞുങ്ങളുടെ നേരെ നടക്കുന്ന അക്രമണങ്ങളോട് ഏറ്റവും ഉദാസീനമായ സമീപനമാണ് നാം ഇപ്പോഴും കൈക്കൊള്ളുന്നത്. കോഴിക്കോട് ആറ് വയസ്സുള്ള ഒരു കുട്ടി ഇഞ്ചിഞ്ചായി പീഡിപ്പിക്കപ്പെട്ട് മരണപ്പെടുന്നതുവരെ ചുറ്റുപാടുമുള്ളവർക്കോ അധ്യാപകർക്കോ ചൈൽഡ്‌ലൈൻ പ്രവർത്തകർക്ക് പോലുമോ ആ കുഞ്ഞിനെ രക്ഷപ്പെടുത്താനായില്ല എന്നത് നമ്മുടെ മനസ്സാക്ഷിയെ നടുക്കുന്ന സംഭവമാണ്. ബാലശാപം നെഞ്ചിലേറ്റി നമ്മൾ ഇനിയും എന്തു വളർച്ചയിലേക്കും വികാസത്തിലേക്കുമാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്?






**ഇന്ദിരാബാലൻ**

# പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

**പ്രവാസിമലയാളിസ്ത്രീകൾ** നേരിടുന്ന പ്രശ്നങ്ങൾ എന്നതിലുപരി പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്കാണ് കൂടുതൽ പ്രസക്തിയെന്നു തോന്നുന്നു. കാരണം സ്ത്രീകളുടെ പ്രശ്നങ്ങൾ എവിടേയും സങ്കീർണ്ണവും പൊതുസ്വഭാവമുള്ളതുമാണ്. എന്നിരുന്നാലും ഈ ലക്കത്തിൽ അണിനിരക്കുന്നവർ, സ്ത്രീപക്ഷത്തു നിന്നു തന്നെയാണ് പ്രശ്നങ്ങളെ കൂടുതലും നോക്കിക്കാണുന്നത്. സ്ത്രീ എന്നും അടിച്ചമർത്തപ്പെട്ടവൾ തന്നെ. അതിനിന്നും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നമുക്കുചുറ്റും നടക്കുന്ന സംഭവങ്ങളിലൂടെ വ്യക്തമാകുന്നു. തലമുറകളായി അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുന്ന സ്ത്രീയുടെ സ്വാതന്ത്ര്യബോധം, പൗരാവകാശങ്ങൾ, വ്യക്തിത്വവികസനം, സ്വത്വനിർമ്മിതി... തുടങ്ങി എല്ലാറ്റിലും ഇപ്പോഴും വിവേചനം അനുഭവിച്ചുകൊണ്ടിരിക്കുന്നു. നിലനിൽക്കുന്ന, സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ സ്ത്രീവിരുദ്ധനിലപാടുകളെ നേരിടാൻ ബൗദ്ധികവും ശാക്തികവുമായി സ്ത്രീകൾ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. സ്ത്രീപക്ഷചിന്ത വളരുന്നതിനുതകുന്ന പ്രത്യക്ഷവും പരോക്ഷവുമായ സംഘടനാപ്രവർത്തനങ്ങളും സാംസ്കാരികപ്രവർത്തനങ്ങളും വളരെയധികം സമൂഹത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്. നമ്മുടെ സാമൂഹ്യവ്യവസ്ഥയുടെ സംരക്ഷകരായ നീതിപീഠങ്ങൾ, ഭരണനിർവ്വഹണം (രാഷ്ട്രീയം) ഉദ്യോഗസ്ഥവൃന്ദം, മാധ്യമങ്ങൾ തുടങ്ങിയ എല്ലാ രംഗത്തേക്കും സ്ത്രീ നേരിടുന്ന പ്രശ്നങ്ങളെ ഉയർത്തിക്കൊണ്ടുവന്ന് അനുകൂലമായ തീരുമാനങ്ങളും അനുഭാവചിന്തകളും വളർത്തിയെടുക്കണം. സ്ത്രീവിരുദ്ധപ്രവർത്തനങ്ങളുടെ കേന്ദ്രീകൃതബിന്ദു കേവലം പുരുഷനല്ലെന്നും സ്ത്രീയും പുരുഷനുമടങ്ങുന്ന സമൂഹമാണെന്നും, മൂലധനാധിഷ്ഠിത സാമ്പത്തികരാഷ്ട്രീയ സാമൂഹ്യഘടനയിലുള്ള വ്യവസ്ഥിതിയാണെന്നുമുള്ളത് കേരളത്തിൽ മാത്രമല്ല, പ്രവാസികളും തിരിച്ചറിയേണ്ടതുണ്ട്. അടിച്ചമർത്തലുകൾക്കും ചൂഷണത്തിനും വിധേമായിക്കൊണ്ടിരിക്കുന്ന മറ്റു അവശവിഭാഗങ്ങളുടേയും പ്രശ്നങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കാൻ പ്രവാസലോകത്ത് മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരും തയ്യാറാവണം.

പ്രവാസജീവിതത്തിൽ പ്രധാനം അതിജീവനം തന്നെ. വർദ്ധിച്ചുവരുന്ന വിലക്കയറ്റത്തിലും മറ്റു ചെലവുകളിലും കടുത്തയാതനകൾ അനുഭവിക്കുന്നത് സാധാരണക്കാരാണ്. മറ്റൊന്ന് ആശയവിനിമയോപാധിയായ പ്രാദേശികഭാഷയാണ്. മലയാളം മാത്രമറിയാവുന്ന എത്രയോ സ്ത്രീകൾ ആൾക്കൂട്ടത്തിൽ ഏകാകികളായി ജീവിക്കുന്നു. ഭാഷ കൈകാര്യം (ഏതു ഭാഷയും) ചെയ്യാനറിയുന്നവർ തിരശ്ശീലക്കു പുറത്തേക്കെത്തുന്നു. ഇവിടെ അതിജീവനം പ്രധാനമാകുമ്പോൾ, അവനവന്റെ സർഗ്ഗശേഷിയെ പൂട്ടിയിടാനോ, മറക്കാനോ സ്ത്രീകൾ നിർബന്ധിതരാകുന്നു. സർഗ്ഗാത്മകപ്രതിഭകൾക്ക് കേരളത്തിൽ ലഭിക്കുന്ന അവസരങ്ങൾ മറുനാട്ടിൽ ദുർല്ലഭം പേർക്കേ കിട്ടുന്നുള്ളൂ. അവസരങ്ങളും പ്രോത്സാഹനങ്ങളും ഇല്ലാത്തതിനാൽ (നിഷേധിക്കപ്പെടുന്നതിനാൽ) ശേഷിയുടെ മാറ്റു കുറയുന്നു. പുരുഷാധിപത്യം നിറഞ്ഞ സമൂഹത്തിൽ പല കൂട്ടായ്മകളിലും സ്ത്രീയുടെ സ്ഥാനം പിന്നണിയിൽ തന്നെ. ജീവിതത്തിന്റെ ആഴങ്ങളിൽ കിടന്ന് വീർപ്പുമുട്ടുമ്പോഴും അവളൊരു തീക്കുണ്ഠമായെരിഞ്ഞു നിൽക്കുന്നു. നിലവിലുള്ളതിനോടെല്ലാം കലഹിച്ച്, സ്വാതന്ത്ര്യപഥങ്ങളെ അന്വേഷിക്കാനും, അവളുടെ സ്വത്വത്തിന്റെ പക്ഷങ്ങൾ വീശി പുതിയ ഊർജ്ജം സംഭരിക്കാനും ഒരുമ്പെടുന്ന സ്ത്രീപ്രതിച്ഛായകൾ തുലോം തുച്ഛമാണ്. നിലവിലുള്ള വെല്ലുവിളികളേയും ഉള്ളിലുള്ള പ്രതിരോധങ്ങളേയും മറികടക്കുവാൻ ജീവിതം മുഴുവൻ ഉഴിഞ്ഞുവെക്കേണ്ടി വരുന്നു. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം പ്രവാസിസ്ത്രീകൾ പലവിധ വിവേചനങ്ങൾക്ക് പാത്രമാകുന്നു.

സ്ത്രീയുടെ പ്രശ്നം മാത്രം അടർത്തിയെടുത്തുകൊണ്ട്, ഈ പ്രശ്നങ്ങൾക്ക് മാത്രമായി പരിഹാരമില്ലെന്ന തിരിച്ചറിവോടെ, സ്ത്രീപുരുഷസമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും മതനിരപേക്ഷതയും പുരോഗമനോന്മുഖവുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിലേക്കുള്ള പ്രയാണത്തിന് പ്രവാസികളായ വീട്ടമ്മമാരും അധ്യാപികമാരും കലാകാരികളും എഴുത്തുകാരികളുമായ കുറച്ചുപേർ സംഘടിതയോടൊപ്പം ചേരുന്നു. അവരുടേതായ വീക്ഷണകോണുകളിലൂടെയുള്ള അനുഭവങ്ങളും അറിവുകളും ഇവിടെ പങ്കുവെക്കുന്നു. പ്രവാസജീവിതത്തിന്റെ ആകുലതകളിലും വ്യാകുലതകളിലും പെട്ട് ജീവിതം തന്നെ ഒരു ഭാരമായി തീരുന്ന നിരവധി കുടുംബങ്ങളുണ്ടിവിടെ.

സ്ത്രീ അബലയാണ്, അനുസരിക്കാനും വിധേയയാകാനും മാത്രം വിധിക്കപ്പെട്ടവളാണ്. സ്വന്തമായ വ്യക്തിത്വമോ ചിന്തയോ ഇല്ലാത്തവളാണ്. പുരുഷന്റെ ഇച്ഛാനുസരണം വളച്ചൊടിക്കപ്പെട്ടവളാണ്... എന്നിങ്ങനെ സാമൂഹ്യബോധത്തിൽ ആഴ്ന്നിറങ്ങിയ, സ്ത്രീവിരുദ്ധധാരണകളുടെ അടിവേര് മുറിച്ച്, കായികവും ബൗദ്ധികവുമായ രംഗങ്ങളിൽ വ്യത്യസ്തതയോ, വ്യതിരിക്തതയോ ഉണ്ടാകാമെങ്കിലും യാതൊരു തരത്തിലുള്ള കുറവോ, ദൗർബ്ബല്യമോ സ്ത്രീക്ക് ഇല്ലായെന്ന് അക്ഷരങ്ങളിലൂടേയും തീവ്രപരിചരണങ്ങളിലൂടേയും പ്രവർത്തനങ്ങളിലൂടേയും തെളിയിച്ചുകൊണ്ടിരിക്കുന്ന അന്വേഷിയുടെ മുഖപത്രമായ 'സംഘടിത' യോടൊപ്പം പ്രവാസത്തുനിന്നും ഞങ്ങളും അനുഭാവപൂർവ്വം അണിനിരക്കുന്നു!



ചിത്രാഷമ്മി

**മുട്ടിപ്പോയ** ജീവിതം തിരിച്ചുപിടിക്കാൻ വേണ്ടിയാണ് ആളുകൾ പ്രവാസജീവിതം ആരംഭിച്ചത്. മറ്റുള്ളവരെ ഊട്ടാനും അവരെ നിലനിർത്താനും വേണ്ടി മടിതടങ്ങൾ വിട്ടു മറുനാട്ടിലേക്കു പോകുന്ന ജീവിതങ്ങൾ. ഇന്ന് പുരുഷന്മാർക്കൊപ്പം സ്ത്രീകളും പലവിധ ജോലികൾക്കായി വിദേശങ്ങളിലേക്ക് പോകുന്നുണ്ട്. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ലോകത്ത് പുതിയ തൊഴിൽ സാഹചര്യങ്ങൾ ഉടലെടുത്തു. അതിലൊന്നാണ് സോഫ്റ്റ്‌വെയർ വ്യവസായം. അതോടെ നമ്മുടെ നാട്ടിൽ തന്നെ ലക്ഷക്കണക്കിന് വിദഗ്ദ്ധതൊഴിലുകൾ സൃഷ്ടിക്കാൻ നമുക്കായി. ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, ഡൽഹി തുടങ്ങിയ നഗരങ്ങളിലേക്ക് എഞ്ചിനീയറിംഗ് ബിരുദധാരികൾ പ്രവഹിക്കാൻ തുടങ്ങി. ഇതിൽ തന്നെ ബാംഗ്ലൂർ ആണ് ലോകത്തിലെ നാലാമത്തെ സോഫ്റ്റ് വെയർ കേന്ദ്രം ആയി കണക്കാക്കപ്പെടുന്നത്. 750MNC കൾ ഉൾപ്പെടെ 2500 ഐ.ടി കമ്പനികളിലായി 10 ലക്ഷത്തോളം ജീവനക്കാരാണ് ബാംഗ്ലൂരിൽ മാത്രമായി ഈ രംഗത്ത് പ്രവർത്തിക്കുന്നത്. ഉയർന്ന ശമ്പളത്തിനും അതുവഴി ജീവിത നിലവാരം ഉയർത്താനും വേണ്ടി അതിവൈദഗദ്ധ്യം നേടിയ നമ്മുടെ യുവതീയുവാക്കൾ മറുനാടുകളിലേക്ക് പ്രത്യേകിച്ച് ബാംഗ്ലൂരിലേക്ക് ഒഴുകികൊണ്ടിരിക്കുകയാണ്.

അതിൽ തന്നെ ബി.പി.ഒ രംഗം എടുത്താൽ 24 മണിക്കൂർ ഹെഡ്ഫോണുകളുമായി ഇരിക്കുന്ന ഇവരെ ലോകത്തിന്റെ ഹോം മെയ്ക്കേർസ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. സ്ത്രീകൾക്ക് സാമ്പത്തികമായും സാമൂഹികമായും സ്വാതന്ത്ര്യം നൽകുന്ന തൊഴിൽമേഖലയായിട്ടാണ് ഇന്ന് ഈ രംഗം കണക്കാക്കപ്പെടുന്നത്. അനൗപചാരികമായ ജോലി സമയം ഒരു പരിധി വരെ സ്ത്രീസ്വാതന്ത്ര്യമായി കരുതി പോരുന്നവരും ഉണ്ട്.

# വ്യാജകവചങ്ങൾ പൊളിച്ചു നേരിടണം



കുടുംബത്തിലെ ഉത്തരവാദിത്തങ്ങളിൽ പുരുഷന്മാർക്കൊപ്പം സ്ത്രീകൾ കൂടി പങ്കാളികൾ ആകുന്നതോടെ കുടുംബത്തിനുള്ളിലും അവരുടെ സ്ഥാനം ഉയർന്നുവന്നു.

ഇങ്ങനെ ഒക്കെ ആണെങ്കിലും സ്ത്രീകൾക്ക് തൊഴിൽസ്ഥലങ്ങളിൽ നിന്നും പുറത്തു നിന്നും ഒട്ടനവധി അസമത്വങ്ങളും, വെല്ലുവിളികളും നേരിടേണ്ടി വരുന്നുണ്ട്. സ്ത്രീക്ഷേമത്തിന് വേണ്ടി എല്ലാ കമ്പനികളിലും വിമെൻ സെല്ലുകൾ ഉണ്ടെങ്കിലും പലവിധ ലൈംഗിക പീഡനങ്ങളും പുറംലോകം അറിയാതെ മായ്ച്ചു കളയാനാണ് അധികൃതർ ശ്രമിക്കുന്നത്. ഒരേ ജോലി ചെയ്യുന്ന പുരുഷനൊപ്പം സ്ഥാനക്കയറ്റമോ, വേതനമോ, മറ്റു അംഗീകാരങ്ങളോ ഒന്നും തന്നെ സ്ത്രീകൾക്ക് ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. വിവാഹശേഷമോ പ്രസവശേഷമോ ശമ്പളവർദ്ധന പുരുഷന് തുല്യമായി ഉയരുന്നുമില്ല. രാത്രി ഷിഫ്റ്റ് സംവിധാനം, ഇന്ത്യ പോലെ കുറ്റകൃത്യനിരക്ക് കൂടിയ രാജ്യത്തു സ്ത്രീകളുടെ സുരക്ഷാ ഭീഷണി ഉയർത്തുന്നുണ്ട്. 2005ൽ പ്രതിഭ എന്ന ബി.പി.ഒ ജീവനക്കാരി സ്വന്തം കാബ്ഡ്രൈവറാൽ ക്രൂരമായി ബലാൽസംഗം ചെയ്യപ്പെട്ട് കൊല ചെയ്യപ്പെട്ടത് നാം കണ്ടതാണ്. പല പ്രമുഖ കമ്പനികളിലും രാത്രിയാത്രാവാഹനങ്ങൾക്ക് മാനേജർമാരുടെ അനുമതിക്കായി സ്ത്രീ ജീവനക്കാർ കാത്തുനിൽക്കേണ്ട അവസ്ഥ ഉണ്ടാകുന്നുണ്ട്. 2003ൽ ചെന്നൈയിൽ രാത്രി ഷിഫ്റ്റ് കഴിഞ്ഞു മടങ്ങിയ ഒരു ബി.പി.ഒ ജീവനക്കാരിയെ വ്യഭിചാരക്കുറ്റത്തിന് ചെന്നൈ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതൊക്കെ നമ്മുടെ സ്ത്രീകളുടെ സുരക്ഷയുടെ മേൽ ഒരു ചോദ്യചിഹ്നമായി തന്നെ ഉയർന്നു നിൽക്കുകയാണ്.

കൃത്യമായ സമയക്രമം ഇല്ലാത്ത ഓഫീസ് ജോലിക്ക് ശേഷവും അവരുടെ ഉത്തരവാദിത്തങ്ങൾ അവസാനിക്കുന്നില്ല. അടുത്ത ചുമതല വീട്ടിലേതാണ്. ഇതു രണ്ടും ഒരുമിച്ചു കൊണ്ടുപോവുക എന്നത് ശ്രമകരമായ ജോലി തന്നെയാണ്. മിക്ക സ്ത്രീകളും ഇതിൽ പരാജയപ്പെട്ട് ജീവിതതാളം ആകെ തെറ്റി, പലവിധ ശാരീരിക-മാനസിക സംഘർഷങ്ങളിലേക്ക് വീഴുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വിഷാദം പോലുള്ള രോഗങ്ങളുമായി അനവധി സ്ത്രീകളാണ് തങ്ങളെ തേടി എത്തുന്നതെന്ന് മനശ്ശാസ്ത്ര വിദഗ്ദരും അഭിപ്രായപ്പെടുന്നു. ആരോഗ്യകരമായ കുടുംബ-സാമൂഹികജീവിതം നയിക്കാനാവാതെ ഒരു തലമുറ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു ഒരു അറുതി വരുത്താൻ ഇന്ന് നിലനിൽക്കുന്ന വ്യവസ്ഥിതിക്ക് കഴിയും എന്ന് തോന്നുന്നില്ല.

***90ൽ ആഗോളവൽക്കരണത്തിലൂടെ അന്തർദ്ദേശീയമായ സാമ്പത്തിക ഏകീകരണം ഇന്ത്യൻ സാമ്പത്തിക രംഗത്ത് പരിഷ്കരണങ്ങൾക്ക് വഴിവെച്ചു. തുടർന്ന് 1999ലെ എൻ.ടി.പി ഭരണനയം വാർത്താ പ്രക്ഷേപണ രംഗം കൂടുതൽ ഉദാരമാക്കുകയും തുടർന്ന് ഇലക്ട്രോണിക് വ്യവഹാരങ്ങൾക്ക് നിയമാനുമതി ലഭിക്കുകയും ചെയ്തു.***

90ൽ ആഗോളവൽക്കരണത്തിലൂടെ അന്തർദ്ദേശീയമായ സാമ്പത്തിക ഏകീകരണം ഇന്ത്യൻ സാമ്പത്തിക രംഗത്ത് പരിഷ്കരണങ്ങൾക്ക് വഴിവെച്ചു. തുടർന്ന് 1999ലെ എൻ.ടി.പി ഭരണനയം വാർത്താപ്രക്ഷേപണ രംഗം കൂടുതൽ ഉദാരമാക്കുകയും തുടർന്ന് ഇലക്ട്രോണിക് വ്യവഹാരങ്ങൾക്ക് നിയമാനുമതി ലഭിക്കുകയും ചെയ്തു. ഇന്ത്യൻസോഫ്റ്റ് വെയർ വ്യവസായരംഗം പ്രത്യേക സാമ്പത്തികമേഖല (SEZ)ൽ പെടുന്നതാണ്. ദേശീയമായ പല നിയമങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്ന മേഖലയാണ് ഇതെങ്കിലും എല്ലാവിധ തൊഴിൽനിയമങ്ങളും ഇവിടെ ബാധകമാണ് എന്നത് ഭൂരിപക്ഷം ജീവനക്കാർക്കും അറിയാത്ത ഒരു സത്യമാണ്. അദൃശ്യമായ അലിഖിതമായ ഈ ചിന്ത ഐ.ടി മേഖലയെ ഇപ്പോഴും പിന്തുടരുന്നുണ്ട്.

ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിയമപ്രകാരമുള്ള കരാറുകൾ സ്ഥാപിക്കുന്നതിനും ഓരോ സംസ്ഥാനത്തിനും അതിന്റേതായ നിയമാവലി ഉണ്ട്. അതിൽ ജോലിസമയം, അവധിദിവസങ്ങൾ, ഇടവേളകൾ, അധികജോലിസമയം, വിവിധതരം ലീവുകൾ, പിരിച്ചുവിടൽ നടപടിക്രമങ്ങൾ, സ്ത്രീജീവനക്കാരുടെ സുരക്ഷ ഒക്കെയും വ്യക്തമാക്കിയിരിക്കണം. ഒരു പ്രത്യേക കാലയളവിലേക്കോ, സ്ഥിരമായോ സർക്കാരിനു ചില സ്ഥാപനങ്ങളെ ഇതിൽ നിന്നും ഒഴിവാക്കാൻ കഴിയും. കഴിഞ്ഞ 10 വർഷമായി ഐ.ടി മേഖല ഈ ഒഴിവുകൾ അനുഭവിക്കുകയായിരുന്നു. എന്നാൽ വീണ്ടും പ്രതീക്ഷ നൽകിക്കൊണ്ട് കർണാടക സർക്കാർ ഈ ഒഴിവു എടുത്തു കളയാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് പ്രാബല്യത്തിൽ വരുകയാണെങ്കിൽ ഒരു പരിധി വരെ ഐ.ടി.ജീവനക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം. അതോടൊപ്പം സ്വന്തം വ്യാജകവചങ്ങൾ പൊളിച്ചു പൊതുവായ പ്രശ്നങ്ങളെ കൂടുതൽ സംഘബോധത്തോടെ നേരിടാൻ ഐ.ടി ജീവനക്കാർ തയ്യാറായാൽ മാത്രമേ ഇന്നത്തെ പരിതാപ അവസ്ഥയിൽ നിന്നും ശാശ്വത മോചനം ഉണ്ടാകൂ.

●



സുഷമാ ശങ്കർ

**സാമൂഹിക-സാംസ്കാരിക വേദികളിലായാലും തൊഴിൽ-വിദ്യാഭ്യാസ രംഗങ്ങളിലായാലും വാണിജ്യ-വ്യവസായമേഖലകളിലായാലും കലാസാഹിത്യതലങ്ങളിലായാലും അവൾ രണ്ടാംനിലയിലേക്ക് തള്ളപ്പെടുന്നതാണ് പ്രധാനപ്രശ്നം.**

# പ്രവാസി സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ



കേരളസ്ത്രീകൾ പ്രതിദിനം നൂറുകണക്കിന് പ്രശ്നങ്ങൾ നേരിടുമ്പോൾ, പ്രവാസി സ്ത്രീകൾ ആയിരക്കണക്കിന് പ്രശ്നങ്ങളാണ് നേരിടുന്നത്. സാമൂഹിക-സാംസ്കാരിക വേദികളിലായാലും തൊഴിൽ-വിദ്യാഭ്യാസരംഗങ്ങളിലായാലും വാണിജ്യ-വ്യവസായമേഖലകളിലായാലും കലാസാഹിത്യതലങ്ങളിലായാലും അവൾ രണ്ടാംനിലയിലേക്ക് തള്ളപ്പെടുന്നതാണ് പ്രധാനപ്രശ്നം. പുരുഷമേധാവിത്വം നിലനിൽക്കുന്നിടത്തോളം കാലം സ്ത്രീകളുടെ പ്രശ്നങ്ങൾ കുറയുന്നില്ല. പ്രവാസികളിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം വളരെ കുറയാനുള്ള കാരണവും ഇതുതന്നെയാണ്. അവിവാഹിതരായ പ്രവാസികളിൽ, സ്ത്രീകളിൽ ഏതോ ഒരു പന്തിയില്ലായ്മ കാണുക, ഒരു ശരിയില്ലായ്മ കാണുക, അവിവാഹിതരായ പെൺകുട്ടികൾക്ക് നിരക്കാത്തതാണെന്ന ഭാവത്തിൽ വീക്ഷിക്കുക ഭാര്യയേയും മക്കളേയും വിട്ടുവരുന്ന പ്രവാസിപുരുഷന്മാർക്കുള്ള അത്രയും സ്ഥാനം ഭർത്താവിനേയും കുട്ടികളേയും വിട്ടുവരുന്ന സ്ത്രീകൾക്ക് ഒരിടത്തും ലഭിക്കുന്നില്ല എന്നുള്ള തുതന്നെയാണ് അടുത്ത പ്രശ്നം. രണ്ടുപേരുടേയും ഉദ്ദേശ്യവും കർത്തവ്യവും ഒന്നുതന്നെയാണല്ലോ. സ്ത്രീപുരുഷസമത്വം അക്ഷരാർത്ഥത്തിൽ എന്നുപാലിക്കപ്പെടുന്നുവോ അന്നുമാത്രമേ ഈ പ്രശ്നങ്ങൾ അവസാനിക്കുകയുള്ളൂ.

പ്രവാസിസ്ത്രീകളുടേത് പ്രശ്നങ്ങളല്ല, ദുരിതങ്ങളാണ്. പല ദുരിതങ്ങളും ദുരന്തങ്ങളാ



***കൈക്കുഞ്ഞുങ്ങളുമായി ജോലിക്കുവരുന്ന അമ്മമാർ അനവധി കഷ്ടപ്പാടുകൾ സഹിക്കുന്നു. വിശന്നുകരയുന്ന കുട്ടിക്ക് മുലപ്പാൽ നൽകുന്നതിനുപോലും കഴിയാതെ ഇവർ കോൺക്രീറ്റ് പണിചെയ്യേണ്ടി വരുന്നു. എത്രവലിയ കെട്ടിടമാണെങ്കിലും വാർപ്പു തുടങ്ങിക്കഴിഞ്ഞാൽ അതു തീരുന്നതുവരെ ജോലി നിർത്താറില്ല.***

യി പരിണമിക്കുന്നു. പതിറ്റാണ്ടുകളായി നൂറ്റാണ്ടുകളായി ഇതുതന്നെയല്ലെ ഇവിടെ നടക്കുന്നത്. വായിച്ചു തള്ളിയ ദിനപത്രങ്ങൾ ഒന്നുകൂടി വായിച്ചുനോക്കുമ്പോൾ അതു നമുക്കു ബോധ്യപ്പെടും. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധരായ സ്ത്രീകൾ വരെ പുരുഷന്റെ കാമഭ്രാന്തിന് ഇരയാകുന്നു. അല്ലെങ്കിൽ സ്വാർത്ഥലാഭത്തിനായി വിൽക്കപ്പെടുന്നു. 'സാമൂഹ്യപരിഷ്കാരത്തിന്റേയും സംസ്കാരമഹിമയുടേയും' മധ്യത്തിൽ ഇനി വേറെന്തു പ്രശ്നമാണുണ്ടാകേണ്ടത്. ഈയിടെ കോളിളക്കം സൃഷ്ടിച്ച, ഡൽഹിയിൽ ബസ്സിൽ വച്ച് കൂട്ടബലാത്സംഗത്തിനിരയായ വിദ്യാർത്ഥിനിയുടെ കാര്യം തന്നെ ഇതിനുദാഹരണമല്ലേ.

പ്രവാസിസ്ത്രീകളിലും കൂലിവേല ചെയ്യുന്നവർ, വീട്ടുജോലിക്കായി വരുന്നവർ തുടങ്ങി, ഉന്നതമായ ഔദ്യോഗിക പദവി അലങ്കരിക്കുന്നവർവരേയും പലതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

ആന്ധ്രാപ്രദേശ്, തമിഴ്നാട്, ആസ്സാം, ബീഹാർ, പശ്ചിമബംഗാൾ പിന്നെ കർണ്ണാടകത്തിലെ തന്നെ ദൂരജില്ലകളായ ബീജാപൂർ, റായ്ചൂർ, ഗുൽബർഗ മുതലായ ജില്ലകളിൽ നിന്നും അനേകം സ്ത്രീകൾ ബാംഗ്ലൂരിൽ കൂലിവേലകൾ ചെയ്തു ജീവിക്കുന്നു.

റോഡ് പണികളിലും, കെട്ടിടനിർമ്മാണജോലികളിലുമാണ് ഒട്ടുമുക്കാലും ഏർപ്പെട്ടിരിക്കുന്നത്. പുരുഷന്മാരോടൊപ്പത്തിനൊപ്പം കരാറുകാരന്റെ കീഴിൽ ഇവർ ജോലി ചെയ്യുന്നുവെങ്കിലും പുരുഷന്മാരേക്കാൾ വളരെക്കുറച്ചാണ് ഇവർക്ക് ശമ്പളം നൽകുന്നത്. ഇവിടെത്തുടങ്ങുന്നു മറ്റൊരു പ്രശ്നം.

കൈക്കുഞ്ഞുങ്ങളുമായി ജോലിക്കുവരുന്ന അമ്മമാർ അനവധി കഷ്ടപ്പാടുകൾ സഹിക്കുന്നു. വിശന്നുകരയുന്ന കുട്ടിക്ക് മുലപ്പാൽ നൽകുന്നതിനുപോലും കഴിയാതെ ഇവർ കോൺക്രീറ്റ് പണിചെയ്യേണ്ടി വരുന്നു. എത്രവലിയ കെട്ടിടമാണെങ്കിലും വാർപ്പു തുടങ്ങിക്കഴിഞ്ഞാൽ അതു തീരുന്നതുവരെ ജോലി നിർത്താറില്ല. അഞ്ചും ആറും മണിക്കൂറുനേരം കുഞ്ഞിനെ ഒന്നെടുക്കാനോ പാലൂട്ടാനോ പാവം അമ്മമാർക്ക് കഴിയാതെ ദുരിതമനുഭവിക്കുന്നു. മരത്തിൽകെട്ടിത്തൂക്കിയ മുഷിഞ്ഞുകീറിയ തുണിത്തുണ്ടിലും സിമന്റ് ചാക്കിലും ഒന്നുമറിയാതെ കുട്ടികളുറങ്ങുന്നു. വെയിലിന്റെ തീച്ചൂടിലും മഴവെള്ളത്തിലും ഡിസംബറിലെ കൊടുംതണുപ്പിലും പൊടിപടലങ്ങൾക്കുമിടയിൽ നിഷ്കളങ്കരായ ഈ പാവം കുരുന്നുകൾ വളരുന്നു. മുതിർന്ന കുട്ടികളാണ് ഈ ചെറിയകുട്ടികളെ നോക്കുന്നത്. അതുകൊണ്ട് അവർക്ക് വിദ്യാലയങ്ങളിൽ പോകാൻ കഴിയാതെ വരുന്നു. അവരുടെ അമ്മമാരെപ്പോലെതന്നെ അവരും നിരക്ഷരരായി വളരുന്നു.

പണിസ്ഥലത്തു നിന്നു വന്നാലും അവരുടെ കഷ്ടപ്പാടുകൾ തീരുന്നില്ല. അവർക്ക് താമസിക്കുന്നതിന് പ്ലാസ്റ്റിക് കൊണ്ടോ തകിടുകൊണ്ടോ സിമന്റുചാക്കുകൾ കൊണ്ടോ മറച്ച കുടിലുകൾ/ഷെഡ്ഡുകളാണുള്ളത്. വൈദ്യുതി, ശുദ്ധജലം, ശുദ്ധവായു ഇ

വയൊന്നും തന്നെയില്ലാത്ത സ്ഥലത്തായിരിക്കും ഇവരെ പാർപ്പിക്കുക. പ്രാഥമികസൗകര്യങ്ങളൊന്നുമില്ലാത്തതുകൊണ്ട് ഇവർക്ക് മലമൂത്രവിസർജ്ജനങ്ങൾക്കുപോലും തുറസ്സായ സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പലപ്പോഴും മറ്റുള്ളവരുടെ ആക്ഷേപങ്ങൾക്ക് കരുക്കളാവുകയും ചെയ്യേണ്ടിവരുന്നു. കടകമ്പോളങ്ങളിൽ, ആശുപത്രികളിൽ എന്തിന് വെള്ളമെടുക്കുന്ന പൈപ്പിൻ ചുവട്ടിൽ കൂടി ഇവർ പിൻനിരയിലേക്ക് തള്ളപ്പെടുന്നു. മധ്യമ-ഉന്നതവർഗ്ഗക്കാർ ഇവരെ അവജ്ഞയോടെ വീക്ഷിക്കുന്നതും കണ്ടുവരാറുണ്ട്. അവരോടൊപ്പമുള്ള പുരുഷന്മാർ എല്ലാവരും തന്നെ രാത്രിയാവുമ്പോൾ മദ്യപാനവും ബഹളവും അടിയും ഒക്കെയാണ്. അവിടെയും സ്ത്രീ 'സർവ്വംസഹ'യാകുന്നു. പരിസരത്ത് എവിടെ മോഷണം നടന്നാലും 'മാന്യന്മാ'ർ ഇവരുടെ മേൽ പഴിചുമത്തുന്നതും പതിവാണ്.

കൂലിവേല ചെയ്യുന്നവരാണെങ്കിലും പ്രവാസികളാണെങ്കിലും അവരും സ്ത്രീകളാണ് എന്ന അഭിമാനബോധം ഉള്ളവരാണെന്ന ബോധം ഉണ്ടാകേണ്ടിയിരിക്കുന്നു. അവരുടെ ജീവിതത്തിനും ആരോഗ്യത്തിനും മാനത്തിനു പോലും യാതൊരു സുരക്ഷിതത്വവും ഇല്ല. ഇത് ഇവർ നേരിടുന്ന പ്രശ്നങ്ങളല്ല; അനുഭവിക്കുന്ന ദുരിതങ്ങളാണ്. ബാംഗ്ലൂർ എന്ന മഹാനഗരത്തിൽ ആകാശത്തെ തൊട്ടുനിൽക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളിൽ ആയിരക്കണക്കിന് പ്രവാസിസ്ത്രീകളുടെ കണ്ണീരിന്റെ ഉപ്പടിയുന്നു. വിദ്യാഭ്യാസക്കുറവും അപരിചിതമായ ഭാഷയും നിവർത്തികേടും അറിവില്ലായ്മയും പല ചൂഷണങ്ങൾക്കും വഞ്ചനകൾക്കും ഇവരെ കരുക്കളാക്കുന്നു. എതിർക്കാനുള്ള ശേഷിക്കുറവാണ് ഇവരുടെ മറ്റൊരു പ്രശ്നം.

ആശുപത്രികളിൽ തൂപ്പുകാരി മുതൽ ഡോക്ടർമാർവരെയും പ്രവാസികൾ ജോലി ചെയ്യുന്നു. ഇവരിൽ മുക്കാൽഭാഗവും നഴ്സുകളാണ്. മലയാളിനഴ്സുമാരുടെ സേവനത്തിനു പൊതുവെ വളരെ നല്ല അഭിപ്രായവുമാണ്. അവരുടെ സേവനം പ്രശംസാർഹമാണ്. മലയാളി എന്നനിലയിൽ അഭിമാനിക്കുന്നു. പന്ത്രണ്ടുമണിക്കൂറിൽ കൂടുതലും ജോലി ചെയ്യുന്നു. എങ്കിലും അത്രത്തോളം ശമ്പളം അവർക്ക് ലഭ്യമല്ല. പ്രവാസിസ്ത്രീകൾ രാത്രിജോലിക്ക് തദ്ദേശീയരേക്കാൾ നിർബന്ധിതരാകുന്നു. ആനുകൂല്യങ്ങൾ, അവധികൾ എല്ലാം തന്നെ അവർക്ക് പരിമിതവുമാണ്. 'ജോലിസ്ഥിരത' യെന്നതു ഇല്ലതാനും. അതിനുപുറമേ, സ്വവാസികളുടേയും സീനിയേഴ്സിന്റെയും കളിയാക്കലുകൾക്കും കമന്റുകൾക്കും പാത്രരാവുകയും അവരുടെ വാക്കുകളെ അനുസരിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. എതിർക്കുകയാണെങ്കിൽ, പെട്ടെന്ന് ജോലിയിൽ നിന്നും പിരിച്ചുവിടുന്നു. സമരം ചെയ്താൽ പ്രവാസികൾക്ക് കിട്ടുന്ന പിൻതുണയ്ക്ക് എത്രത്തോളം ശക്തിയുണ്ടാകും എന്ന് ഊഹിക്കുക!

അതുപോലെ തന്നെ സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഗാർമെന്റ്സ്, മരുന്നുകൾ, സോപ്പ്, ബിസ്ക്കറ്റ് മുതലായ ഫാക്ടറികളിലും പതിനായിരക്കണക്കിന് പ്രവാസികൾ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ടെക്പാർക്സ്, ഇന്റർനാഷണൽ ടെക്പാർക്സ്, ബിസിനസ്സ് സെന്റേർസ്, ബാങ്കുകൾ എന്നിവയിൽ ധാരാളം പ്രവാസിസ്ത്രീകൾ ജോലിചെയ്തുവരുന്നു. വേറെ വഴിയില്ലാത്തതുകൊണ്ട് പ്രശ്നങ്ങളെയെല്ലാം അതിജീവിക്കുകയല്ലാതെ എതിർക്കാനുള്ള ധൈര്യമോ പിൻതുണയോ ഇവർക്കില്ല. സ്ഥാപനത്തിന്റെ ഉയർച്ചക്കുവേണ്ടി ആത്മാർത്ഥമായി പണിചെയ്യുന്ന ഇവർക്ക് എല്ലാവിധ അവകാശങ്ങളും കമ്പനി അനുവദിക്കുന്നു

***ആശുപത്രികളിൽ തൂപ്പുകാരി മുതൽ ഡോക്ടർമാർവരെയും പ്രവാസികൾ ജോലി ചെയ്യുന്നു. ഇവരിൽ മുക്കാൽഭാഗവും നഴ്സുകളാണ്. മലയാളിനഴ്സുമാരുടെ സേവനത്തിനു പൊതുവെ വളരെ നല്ല അഭിപ്രായവുമാണ്. അവരുടെ സേവനം പ്രശംസാർഹമാണ്.***





**പോലീസ് സ്റ്റേഷനിലോ ബന്ധപ്പെട്ട ഓഫീസുകളിലോ പരാതിപ്പെട്ടാലും തെളിവുകൾ ബോധ്യപ്പെടുത്തിയാലും വളരെ തണുത്ത സാവധാനത്തിലുള്ള പ്രതികരണം മാത്രമേ ലഭിക്കാറുള്ളൂ.**

മില്ല. എപ്പോൾ വേണമെങ്കിലും ജോലിയിൽ നിന്നും പിരിച്ചുവിടുകയും ചെയ്യാറുണ്ട്. യൂണിയനുകളുടെ പ്രവർത്തനങ്ങളും തീരുമാനങ്ങളും പലപ്പോഴും പ്രവാസിക്കനുകൂലമായിട്ട് വരാറില്ല.

മറുനാട്ടുകാരാണെന്നു മനസ്സിലാക്കിയാൽ ടാക്സികൾ, ഓട്ടോറിക്ഷകൾ മുതലായവ കൂടുതൽ വാടകതട്ടിയെടുക്കുന്നത് ബാംഗ്ലൂർ നഗരത്തിൽ സർവ്വസാധാരണമായിരിക്കുകയാണ്. ഓട്ടോയിലും ടാക്സിയിലും കൊണ്ടുപോയി കത്തിയും കഠാരയും കാട്ടി കയ്യിലുള്ളതെല്ലാം തട്ടിയെടുക്കുന്ന സംഭവങ്ങൾ പലപ്പോഴും ദിനപത്രങ്ങളിൽ കാണാറുണ്ട്. അതിരാവിലേയോ സന്ധ്യകഴിഞ്ഞാലോ ആണ് ടാക്സികളിൽ കൂടുതൽ അപകടം പതിയിരിക്കുന്നത്. കൂടുതൽ വാടക ഈടാക്കുക ഇവരുടെ സ്ഥിരം വേലയാണ്. എതിർത്താൽ ഭീഷണി, അപമാനം, പിടിച്ചുപറി, കയ്യേറ്റം ഇതൊക്കെയായിരിക്കും ഫലം. അവരെ ഉപദ്രവിച്ചു എന്നുപറഞ്ഞ് നഷ്ടപരിഹാരക്കേസുകൾ കൊടുത്ത് മറുനാട്ടുകാരെ വലയ്ക്കുന്ന സംഭവങ്ങളും പുതിയതല്ല.

പോലീസ് സ്റ്റേഷനിലോ ബന്ധപ്പെട്ട ഓഫീസുകളിലോ പരാതിപ്പെട്ടാലും തെളിവുകൾ ബോധ്യപ്പെടുത്തിയാലും വളരെ തണുത്ത സാവധാനത്തിലുള്ള പ്രതികരണം മാത്രമേ ലഭിക്കാറുള്ളൂ. പ്രശ്നത്തിനു പരിഹാരം ലഭിക്കുകയില്ല എന്നുമാത്രമല്ല, സമയനഷ്ടം, സാമ്പത്തിക നഷ്ടം, അപമാനം എല്ലാം പ്രവാസിസ്ത്രീകൾ സഹിക്കേണ്ടി വരുന്നു. അതുകൊണ്ടുതന്നെ മൗനം പാലിക്കുകയാണ് ഭൂരിപക്ഷം സ്ത്രീകളും.

22 വർഷത്തെ ബാംഗ്ലൂരിലെ അനുഭവം കൊണ്ട് പറയുകയാണെങ്കിൽ ഇവിടെയെന്നും ഉത്സവങ്ങൾ തന്നെയാണ്. ഓണം, ദീപാവലി, ഈസ്റ്റർ, റംസാൻ, ബക്രീദ് മുതലായ ദിവസങ്ങളിലും അതിനുപുറമെ രാമനവമി, ഉഗാദി, വിനായകചതുർത്ഥി, മഹാലയ അമാവാസി, മകര സംക്രാന്തി, കനകദാസജയന്തി, വരമഹാലക്ഷ്മി, നാഗരപഞ്ചമി, ഹോളി, ആയുധപൂജ, വിജയദശമി, ദസറ, വൈകുണ്ഠഏകാദശി, ഹനുമൽജയന്തി, ഭീമൻ അമാവാസി, ശ്രീകൃഷ്ണജയന്തി എന്നിവയും ഇതിനുപുറമെ ഓരോ നാട്ടുകാർക്കും പ്രത്യേകം പ്രത്യേകം ഉത്സവങ്ങളും ഉണ്ട്. അതിനെല്ലാം അവർ അവധിയെടുക്കും. പ്രവാസികൾ അധികജോലിയും ചെയ്യേണ്ടി വരുന്നു. എന്തെങ്കിലും അത്യാവശ്യമുണ്ടായാൽ പോലും അവർക്ക് നാട്ടിലേക്ക് പോകാൻ കഴിയില്ല. പ്രവാസികൾക്ക് അധികം ശമ്പളം ഇതിനില്ല. പക്ഷേ ഉത്സവം ആഘോഷിച്ച പ്രാദേശിക തൊഴിലാളിക്ക് ശമ്പളം ഉണ്ടുതാനും

ഇതൊക്കെ സഹിച്ചുകൊണ്ട് ദിവസവും നൂറുകണക്കിന് പ്രശ്നങ്ങളെ തരണം ചെയ്ത്കൊണ്ട് ജീവിക്കുന്ന പ്രവാസികളുടെ ജീവനും മാനത്തിനുമെങ്കിലും രക്ഷ കിട്ടിയിരുന്നുവെങ്കിൽ അതുമാത്രമാണിപ്പോൾ പ്രവാസികളുടെ പ്രാർത്ഥന.

പിന്നെ റിലയൻസ് ഫ്രഷ്, ബിഗ്ബസാർ, ടോട്ടൽ, ഫീനിക്സ്, ഫോറം മാൾ തുടങ്ങിയ ഷോപ്പിംഗ്കോംപ്ലക്സ്കളിലും ബാംഗ്ലൂരിൽ പരക്കെയുള്ള ഇതിന്റെയെല്ലാം ബ്രാഞ്ചുകളിലും പതിനായിരക്കണക്കിന് പ്രവാസികൾ സെയിൽസ് ഗേൾസുകളായിട്ട് ജോലി ചെയ്യുന്നു. രാത്രി വളരെ ഇരുട്ടുന്നത് വരെ, ചിലപ്പോൾ രാത്രി 10 മണി വരെയും ഇവർ ജോലി ചെയ്യേണ്ടി വരുന്നു. ആഹാരം കഴിക്കാൻ പോലും ഇവർക്ക് സമയമില്ലെങ്കിലും മനോഹരമായ വസ്ത്രങ്ങൾ (അതിനു അവരുടെ ശമ്പളത്തിൽ നിന്നും പിടിക്കും) ധരിച്ച് ആത്മാർത്ഥമായി ജോലി ചെയ്യുന്നു. സ്ഥാപനത്തിന്റെ ലാഭത്തിനുവേണ്ടി പല പല അടവുകളും പറഞ്ഞു ഉപഭോക്താക്കളെ വലയിൽ വീഴ്ത്തുന്നു. സ്ഥാപനം ഇവർക്ക് വേണ്ടുന്ന ഒരാനുകൂല്യങ്ങളും കൊടുക്കുന്നില്ല. 14 മണിക്കൂറോളം ജോലിയും ചെയ്യിപ്പിക്കുന്നു.

രാത്രി യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് ഒറ്റയ്ക്കാണെങ്കിലും കൂട്ടത്തിലാണെങ്കിലും അപകടങ്ങൾ അനവധി രീതിയിലാണ്. പൂവാലന്മാരുടേയും മദ്യപാനികളുടേയും റൗഡികളുടേയും പിന്നെ പല 'മാന്യന്മാരുടേയുമൊക്കെ ശല്യമുണ്ടാകാറുണ്ട്.' ഒറ്റക്കു ബസ്സുകാത്ത് നിൽക്കുന്ന സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്നതും അനാശാസ്യപ്രവൃത്തികളിലേക്ക് അവരെ പ്രലോഭിപ്പിക്കുകയും പരാജയപ്പെട്ടാൽ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതും പുതിയ വിഷയമല്ല.

വീട് വാടകക്ക് എടുക്കുന്നത് പ്രശ്നമാണ്. വീട്ടുടമസ്ഥന്റെ എല്ലാ കരാറുകളും സമ്മതിക്കണം. കൂടുതൽ വാടക ഈടാക്കുക എഗ്രിമെന്റിനെ മറികടന്ന് 'വാടകതുക' ഇടയ്ക്കിടക്ക് കൂട്ടുക, കറണ്ട് ചാർജ്ജ്, വെള്ളത്തിന്റെ ചാർജ്ജ്, ക്ലീനിംഗ് ചാർജ്ജ് എന്നൊക്കെ പറഞ്ഞ് യാതൊരുവിധ ബില്ലുകളുമി

ല്ലാതെ, രസീതുകളുമില്ലാതെ പറയുന്ന തുക കെട്ടുക എന്നിവ കൂടാതെ പലപ്പോഴും വീട് ഒഴിയേണ്ടതായും ഒഴിയാതിരിക്കേണ്ടതായും വരുന്നു. സ്വന്തം വീടു കെട്ടുന്ന പ്രവാസികൾക്ക് അയൽപക്കക്കാരുടെ കുടിവെള്ളം, വൈദ്യുതി, എൻ.ഒ.സിക്കും മറ്റുമായി വൻതുക നൽകേണ്ടിവരുന്നു.

വാടക വീട്ടിൽ താമസിക്കുന്ന പ്രവാസികൾ, ഒഴിയുന്ന നേരത്ത് ക്ലീനിംഗ് (വൃത്തിയാക്കൽ), പെയിന്റിംഗ്, റിപ്പയറിംഗ് എന്നൊക്കെപ്പറഞ്ഞ് അഡ്വാൻസ് തുകയുടെ നല്ലൊരു ഭാഗവും ഉടമസ്ഥർ വെട്ടിയെടുക്കുന്നു. ബന്ധപ്പെട്ടവർക്ക് (കോർപ്പറേഷൻ, മേയർ) പരാതി കൊടുത്താലും അവരത് ചെവികൊള്ളുകയില്ല. പ്രവാസിയുടെ പക്ഷത്താണ് ന്യായമെങ്കിൽ പോലും, അവർ സ്വന്തം നാട്ടുകാരോടാണ് കൂറു പുലർത്തുന്നത്. അവരെ വോട്ട് ചെയ്ത് ജയിപ്പിച്ചത് പ്രവാസികളല്ലല്ലോ, തദ്ദേശവാസികളല്ലേ. പോലീസ് സ്റ്റേഷനിലും സ്ഥിതി ഇത് തന്നെയാണ്.

റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ്, ഗ്യാസ് സിലിണ്ടർ മുതലായവക്ക് പ്രവാസികൾ പലയാവർത്തി കച്ചേരികൾ കയറിയിറങ്ങേണ്ടിയിരിക്കുന്നു. കൈക്കൂലി കൊടുക്കാതെ കാര്യം നടക്കില്ലായെന്ന് മാത്രമല്ല, പ്രവാസികൾ പതിവിന്റെ ഇരട്ടികൊടുക്കണം. കാര്യം നടക്കണമെങ്കിൽ ഓഛാനിച്ച് നിൽക്കണം.

അതുപോലെ തന്നെ ഉന്നതവിദ്യാഭ്യാസത്തിനും നഴ്സിംഗ് പഠിക്കാനുമൊക്കെയെത്തുന്ന വിദ്യാർത്ഥിനികളുടെ കഥയും വ്യത്യസ്തമല്ല. അഡ്മിഷൻഫീസ്, ട്യൂഷൻഫീസ്, ഹോസ്റ്റൽഫീസ്, എമിഗ്രേഷൻഫീസ്, ഡൊണേഷൻസ് എന്നൊക്കെ പറഞ്ഞു ഇവരെ കൊള്ളയടിക്കുകയാണ്. 'ഡെപ്പോസിറ്റ്' എന്ന് പറഞ്ഞു അഡ്മിഷൻ സമയത്ത് കെട്ടുന്ന പണം പലപ്പോഴും രസീതിയിൽ 'ഡൊണേഷൻ' എന്നാകുന്ന മറിമായങ്ങൾ നിരവധിയാണ്. ഫീസ് കെട്ടിക്കഴിഞ്ഞ വിദ്യാർത്ഥിനികളുടെ അവസ്ഥ 'ത്രിശങ്കു' സ്വർഗ്ഗത്തിലകപ്പെട്ടത് പോലെയാണ്. തുടരാനും വിട്ടിട്ട് പോകാനും പറ്റാത്ത അവസ്ഥയാണ്. ക്ലാസ്സുകളിലെ പക്ഷപാതത്തിന്റേയും ഫീസിലെ അനീതിയും കെട്ടിയ പണത്തിന്റെ കാൽഭാഗത്തിന്റെ പോലും സൗകര്യമില്ലാത്ത ഹോസ്റ്റലും രുചിയില്ലാത്ത ഭക്ഷണവും സ്വവാസികളുടെ ഗുണ്ടായിസവും പഠിച്ചില്ലെങ്കിലും വേണ്ടില്ല, തിരിച്ചു പോകാം എന്നു വിചാരിക്കുമ്പോൾ കൊടുത്തിരിക്കുന്ന സർട്ടിഫിക്കറ്റുകളും തെളിവുകളും കോഴ്സ് തീർന്നല്ലാതെ, എല്ലാ പരീക്ഷകളുടേയും ഫീസ് കെട്ടിയിട്ടല്ലാതെ കൊടുക്കുകയില്ല എന്ന സത്യം മാനസികവിഭ്രാന്തിയിൽ കൊണ്ടെത്തിക്കുന്നു.

റോഡപകടങ്ങളിൽ, പ്രവാസി ഡൈവറായാലും വണ്ടിയുടമസ്ഥനായാലും കാൽനടക്കാരനായാലും പ്രവാസിയുടേത് തന്നെയായിരിക്കും തെറ്റ്. നഷ്ടവും കഷ്ടവും എല്ലാം പ്രവാസി മാത്രം നേരിടുന്നു. ട്രാഫിക് പോലീസുകാരുടെ വായിൽ പ്രവാസികൾ പെട്ടുകഴിഞ്ഞാൽ പിന്നെത്തെക്കാര്യം പറയുകയും വേണ്ട. ഇവിടെ സ്വന്തമായി കച്ചവടം നടത്തുന്നവരിൽ അനേകം പ്രവാസികളുണ്ട് അവരേക്കാൾ കൂടുതലും പ്രശ്നങ്ങളുമുണ്ട്. പ്രവാസിക്കച്ചവടക്കാരുടെ കയ്യിൽ നിന്നും 'സ്ഥിരം പിരിവ്' കൂടാതെ അതുമിതും പറഞ്ഞു കൊണ്ടുവരുന്ന എല്ലാ രസീതികളിലും സംഭാവനകൾ കൊടുക്കേണ്ടിയും വരുന്നു. 'പറ്റു'കാർ പറ്റിയ്ക്കുന്ന പതിവ് വേറെയും. കടയുടമസ്ഥൻ ഒഴിയാൻ പറഞ്ഞാൽ അപ്പോൾ തന്നെ ഒഴിയുകയും വേണം. അതിന് യാതൊരുവിധ നീക്കുപോക്കുകളുമില്ല.

പ്രവാസികളിൽ ജോലിക്ക് പോകാത്ത സ്ത്രീകൾ (ഭാര്യമാർ) ഏകാന്തതയുടേയും വിരഹത്തിന്റേയും തടവറയിലാകുന്നു. രാവിലെ ധൃതിയിൽ ജോലിക്ക് പോകുന്ന ഭർത്താവിനെ ഒരുക്കി അയക്കുന്ന ഇവർ, രാത്രിയെപ്പോഴോ തിരിച്ചെത്തുന്ന ഭർത്താവിനുവേണ്ടി വഴിക്കണ്ണുമായി അഞ്ചാമത്തേയോ ആറാമത്തേയോ നിലകളിൽ, നാലു ഭിത്തികൾക്കുള്ളിൽ തളക്കപ്പെടുന്നു. ഭാഷാപരിചയക്കുറവും സുരക്ഷിതത്വക്കുറവും കാരണം ഇവർക്ക് പുറത്തിറങ്ങാനും കഴിയുന്നില്ല. ഭർത്താവുമായി ഇവരുടെ സമ്പർക്കം ദിനംപ്രതി കുറയുന്നു. ഇനി രണ്ടുപേരും ജോലിക്കാരാണെങ്കിൽ, രണ്ടിടത്തായിട്ടാണ് ജോലിയെങ്കിൽ, അതിലും വലിയ പ്രശ്നമാണ്. രണ്ടുപേരുടേയും ആശയവിനിമയം കുറവാകുന്നു. വേറെ വേറെ സ്വഭാവമുള്ള ജോലികളാണ് ചെയ്യുന്നതെങ്കിൽ അവർ തമ്മിലുള്ള യാതൊരു വിധ ചർച്ചകൾക്കും സംഭാഷണങ്ങൾക്കും പ്രാധാന്യമേയില്ലാതാകുന്നു. മാനസികമായി, ശാരീരികമായി ജീവിതം രണ്ടുവഴികളിലാകുന്ന കഥകളും ഏറെയാണ്.

ഇനി ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകളുടെ ജീവനും മാനത്തിനും ഒരുവിലയും ഇല്ല. പട്ടാപ്പകൽ പോലും കൊള്ളയും കൊലയും നടത്തുന്നു. ആചാരത്തിനെന്നപോലെ ഒരു പോലീസ് കേസ്സും മഹസറും ഒഴിച്ചാൽ മറ്റു യാതൊരു വിധ പരിഹാരവും ലഭിക്കുന്നില്ല. പുരുഷനോടൊപ്പത്തിനൊപ്പം സ്ത്രീകളെ കാണാൻ കഴിയുന്ന ദിവസം അവളുടെ എല്ലാ പ്രശ്നങ്ങൾക്കും അറുതിവരും എന്ന് വിശ്വസിക്കാം. ●





കലാമണ്ഡലം ഗിരിജാ മുരളി

# സ്ത്രീയുടെ പ്രശ്നങ്ങൾ എവിടേയും ഒന്നുപോലെ...

**പ്രവാസിസ്ത്രീകൾ** നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചൊരു ലേഖനം വേണമെന്നാവശ്യപ്പെട്ടപ്പോൾ, പ്രവാസി കലാകാരിയുടെ പക്ഷത്തു നിന്നേ നോക്കിക്കാണാനാകൂ. കാരണം കേരളകലാമണ്ഡലത്തിൽ നിന്നും 1981ൽ നൃത്തരംഗത്തെ നാലുവർഷത്തെ പഠനം പൂർത്തിയാക്കി. വിവാഹശേഷം എത്തിച്ചേർന്നത് പശ്ചിമബംഗാളിലെ കൊൽക്കത്തയിലാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾ എവിടേയും പൊതുസ്വഭാവമുള്ളവതന്നെയാണ്. പക്ഷേ, സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കിയാൽ അല്പസ്വല്പം വ്യതിയാനങ്ങൾ കാണപ്പെട്ടേക്കാം.

ശാസ്ത്രീയനൃത്തം എന്നത് കഠിനമായ സാധനയിലൂടെ നേടിയെടുക്കേണ്ട കലയാണ്. ശരീരവും മനസ്സും ഒരു പോലെ അർപ്പിച്ചാൽ മാത്രമേ നൃത്തത്തെ സ്വായത്തമാക്കുവാൻ കഴിയൂ. ശരീരത്തിന്റെ സ്വാതന്ത്ര്യം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മാധ്യമവും നൃത്തരംഗം തന്നെ. മനസ്സും ശരീരവും അവയവങ്ങളുമെല്ലാം ഒരു പോലെ നൃത്തത്തിനു പയോഗിക്കുന്നു. ഒരു കലാകാരി പ്രവാസിയായാൽ കയ്യിലുള്ള കല നിലനിർത്തണമെങ്കിൽ അനുയോജ്യമായ ഒരു ട്രൂപ്പ് ആവശ്യമാണ്. നൃത്തത്തിന്നാവശ്യമായ സംഗീതം, മറ്റു വാദ്യോപകരണങ്ങൾ, വേഷവിധാനങ്ങൾ എല്ലാത്തിനും ഒരു പോലെ പ്രാധാന്യമുണ്ട്. വിവാഹശേഷം, കലയെ ഇഷ്ടപ്പെടുന്ന ഒരു കുടുംബത്തിലെത്തിച്ചേർന്നാലെ 'പഠിച്ച കല' യെ ഉപാസിക്കാനുമാകൂ. ഇല്ലെങ്കിൽ ഒരു കലാകാരിക്ക് ഏറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരും. നൃത്തം അവതരിപ്പിക്കണമെങ്കിൽ അകമ്പടിക്കാരില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമാകും. പ്രവാസലോകത്ത് ജീവിതത്തിന്റെ നിത്യജീവിതം കൊണ്ടുനടക്കുന്നതിനോടൊപ്പം അവനവനിണങ്ങിയ ചുറ്റുപാടാണെങ്കിൽ കയ്യിലുള്ള വിദ്യ കുട്ടികൾക്കു പറഞ്ഞു കൊടുക്കാം അത്രമാത്രം. ഒരു പരിപാടി അവതരിപ്പിക്കണമെങ്കിൽ ഹാളിനും മറ്റുമുള്ള ചെലവ് ഒരു പക്ഷേ നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറമായിരിക്കും. ഭാരതീയരുടെ ജീവിതത്തിലെന്നും കലകൾക്ക് ഉന്നതസ്ഥാനമാണുള്ളത്. എന്നാൽ പണ്ടുകാലത്ത് ഒരു പെൺകുട്ടി നൃത്തം പഠിക്കുക എന്നുവെച്ചാൽ അത് അരുതാത്തതോ, നിഷിദ്ധമോ ആണ് എന്നായിരുന്നു സമൂഹത്തിന്റെ ധാരണ. നൃത്തം ചെയ്യുന്നവളെ അഴിഞ്ഞാട്ടക്കാരിയായും മുദ്രകുത്തിയിരുന്നു. പുരോഗമനത്തിന്റെ വഴിയിൽ അത്തരം ധാരണകളെല്ലാം അസ്ഥാനത്താണ്. ഇന്ന് മത്സരവേദികളിലേക്കുള്ള തേരോട്ടമാണ് കാണുന്നത്. കേരളകലാമണ്ഡലം പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പഠിച്ചു പോരുന്നവരിൽ എത്രയോ പേർ 'കല' യെ തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. പഠിച്ചു പോരുന്ന കലാകാരികൾ എത്രയോ പേർ പ്രവാസികളുമായിത്തീരുന്നുണ്ട്. കേരളത്തിലെ സാധ്യത പ്രവാസത്തുണ്ടെങ്കിലും അതിന് വളരെയധികം സാമ്പത്തികഭദ്രത ആവശ്യമായിവരും. കാലം മാറുന്നതിനനുസരിച്ച് ശാസ്ത്രീയ കലകൾ



**പ്രവാസജീവിതം തുടരുന്ന എത്രയോ കലാകാരികൾ പലവിധ പ്രശ്നങ്ങളാൽ തങ്ങളുടെ കഴിവുകളുടെ അധ്യായം അടച്ചുവെച്ചു ജീവിക്കുന്നുണ്ട്. ശക്തമായ സാമ്പത്തികഭദ്രത ഉള്ളവർക്ക് തങ്ങളുടെ സ്വപ്നലോകം കെട്ടിപ്പെടുക്കാം.**

ആസ്വദിക്കാൻ സദസ്സ് കമ്മിയാണ്. അതിനാൽ ജനങ്ങൾക്കു രസിക്കുന്നവിധത്തിൽ കലകളെ മാറ്റേണ്ടിവരുന്ന ഒരു ദുര്യോഗവും സമൂഹത്തിലുണ്ട്. കേരളത്തിന്റെ തനതു കലയായ മോഹിനിയാട്ടം പ്രവാസയരങ്ങുകളിൽ അവതരിപ്പിക്കേണ്ടിവരുമ്പോൾ മലയാളി ഗായകരെ കിട്ടിയില്ലെങ്കിൽ അതിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടാം. ദക്ഷിണേന്ത്യൻ കലയായ ഭരതനാട്യം, കുച്ചിപ്പുടി തുടങ്ങിയ ഇനങ്ങൾ ഇത്തരം പ്രശ്നങ്ങൾ നേരിടുന്നില്ല. ഇന്നിപ്പോൾ ശാസ്ത്രീയകലകളേക്കാൾ സ്റ്റേജുകൾ കീഴടക്കുന്നത് ബ്രേക്ക്ഡാൻസുകളും സിനിമാറ്റിക്ഡാൻസുകളുമാണ്. ഇങ്ങനെയാകുമ്പോൾ, അടിസ്ഥാനമായി ശാസ്ത്രീയകലകൾ അഭ്യസിച്ച്, പ്രവാസികളായിത്തീരുന്നവർക്ക് തന്നിലേക്ക് സ്വയം ചുരുങ്ങേണ്ടിവരുന്നു. ഒരു പുതിയ നൃത്തരൂപം ശാസ്ത്രീയാടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയാൽ അതവതരിപ്പിക്കുന്നതിനു തന്നെ മറ്റു ബുദ്ധിമുട്ടുകൾ ഏറെയുണ്ട്. ഇങ്ങിനെയാകുമ്പോൾ കഴിവുള്ള പല കലാകാരികൾക്കും തന്റേതായ സ്ഥാനം അടയാളപ്പെടുത്താൻ കഴിയാതെ വരുന്നു. രാത്രിപരിപാടികൾക്ക് സ്ത്രീകൾക്ക് തനിയേ പോകാൻ പറ്റിയ തരത്തിലല്ലല്ലോ ഇപ്പോഴും നമ്മുടെ സാമൂഹ്യാവസ്ഥ!

കൊൽക്കത്തയിലെത്തിയ എന്നെ സംബന്ധിച്ച് ഒരു കലാകുടുംബത്തിൽ തന്നെ ആയിരുന്നതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടിട്ടില്ലെന്ന് പറയാം. കൊൽക്കത്തയിൽ കലക്കും സാഹിത്യത്തിനും വളരെയധികം പ്രാധാന്യം നൽകുന്നു. രവീന്ദ്രനാഥടാഗോറിന്റെ 'വിശ്വഭാരതിയൂണിവേഴ്സിറ്റി' യിൽ (ശാന്തിനികേതൻ) കേരളത്തിൽ നിന്നും പഠിച്ചെത്തിയ ഒരുപാടുപേർ അധ്യാപനരംഗത്തുണ്ട്. കലാമണ്ഡലം ഗോവിന്ദൻകുട്ടി-തങ്കമണി ദമ്പതികളുടെ നേതൃത്വത്തിൽ ഉള്ള കൊൽക്കത്ത കലാമണ്ഡലത്തിൽ വിദ്യാർത്ഥിനിയായിരുന്ന ഞാൻ അവിടെ അധ്യാപികയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏതു സ്ഥലത്തു ചെന്നാലും അവിടുത്തെ പ്രാദേശികഭാഷ പഠിച്ചാലേ പിടിച്ചുനിൽക്കുവാൻ കഴിയുകയുള്ളൂ. കൊൽക്കത്ത കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ യു.കെയിലെ ഭരതനാട്യക്ലാസ്സുകളിൽ പഠിപ്പിക്കാനും എനിക്കു നിയോഗമുണ്ടായി. അവിടെ വാറിക് യൂണിവേഴ്സിറ്റി, ലിവർപൂൾ തുടങ്ങി പല സ്ഥലങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരുന്നു. ഇന്ത്യയിലേയും ഇന്ത്യക്കുപുറത്തുമുള്ള നൃത്തപഠനത്തിന് വളരെയധികം അന്തരമുണ്ട്. വിദേശികൾ ഇന്ത്യൻ കലകളെ മനസ്സിലാക്കാനും പഠിക്കാനും വളരെയധികം ഔത്സുക്യം കാണിക്കും. കേരളത്തിൽ ഗുരുവിനെ ബഹുമാനസൂചകമായി സംബോധന ചെയ്യുമ്പോൾ, പാശ്ചാത്യർ അദ്ധ്യാപകരെ പേരു പറഞ്ഞാണ് സംബോധന ചെയ്യുക. അത് ബഹുമാനരഹിതമായിട്ടല്ല, അവിടുത്തെ ജീവിതസംസ്ക്കാരത്തിന്റെ ഭാഗമായാണ് അത്തരം രീതികൾ അവലംബിക്കുന്നത്. വളരെയധികം സഹകരണമനോഭാവവും അവരിൽ കാണാം. ഇപ്പോൾ 11 വർഷമായി ബാംഗ്ലൂരിൽ. ഇവിടെ കുട്ടികളെ നൃത്തം പഠിപ്പിക്കുന്നു.

പ്രവാസജീവിതം തുടരുന്ന എത്രയോ കലാകാരികൾ പലവിധ പ്രശ്നങ്ങളാൽ തങ്ങളുടെ കഴിവുകളുടെ അധ്യായം അടച്ചുവെച്ചു ജീവിക്കുന്നുണ്ട്. ശക്തമായ സാമ്പത്തികഭദ്രത ഉള്ളവർക്ക് തങ്ങളുടെ സ്വപ്നലോകം കെട്ടിപ്പെടുക്കാം. അല്ലാത്തവർ നിശ്ശബ്ദരാകുന്നു. കഴിവു മാത്രമല്ല, അനുയോജ്യമായ പല ഘടകങ്ങളും ഏതൊരു പ്രതിഭയുടേയും വളർച്ചക്കാവശ്യമാണ്. ക്ലാസിക് കലാരൂപങ്ങളെല്ലാം കാപ്സ്യൂൾ രൂപങ്ങളാകുന്ന ഈ ഘട്ടത്തിൽ മറുനാടൻ മലയാളിയാഘോഷങ്ങളിൽ മാത്രം ഇത്തരം കലകൾ ഒതുങ്ങുന്നു. ജീവിതം തന്നെ യാന്ത്രികമാകുമ്പോൾ, ചിട്ടപ്രധാനമായി പഠിക്കാൻ ആർക്കും നേരമില്ല. വളരെ നാളത്തെ പരിശ്രമം കൊണ്ട് പഠിച്ചെടുക്കേണ്ട കലയെ കേവലം ഒന്നോ രണ്ടോ ആഴ്ചകൊണ്ട് പഠിച്ചെടുക്കുന്ന പ്രവണതയും കാണപ്പെടുന്നു. എന്നിരുന്നാലും പുതിയ തലമുറക്ക് മുന്നിൽ സാധ്യതകളേറെയാണ്. മറ്റേതൊരു മേഖലയേയും പോലെ കലയുടെ ലോകവും കച്ചവടവത്ക്കരിക്കപ്പെട്ടിരിക്കുന്നു. എങ്ങിനെയൊക്കെയായാലും തുടങ്ങിയിടത്തു തന്നെ വിരാമം കുറിക്കട്ടെ, സ്ത്രീകളുടെ പ്രശ്നങ്ങൾ എവിടേയും ഒരുപോലെ തന്നെ!

**എല്ലാ വികസനങ്ങളും എല്ലാ മനുഷ്യരേയും ഒരേ പോലെയല്ല ബാധിക്കുന്നത്. മേൽത്തട്ടിലുള്ളവർ, മധ്യവർഗ്ഗസമൂഹം, താഴേക്കിടയിൽ എന്നിവരിൽ സാധാരണക്കാർക്ക് എല്ലാത്തരം ബുദ്ധിമുട്ടുകളും ഇന്നും നേരിട്ടുകൊണ്ടിരിക്കുന്നു.**



കനകാമോഹൻ

**പ്രവാസിസ്ത്രീകൾ** നേരിടുന്ന വിഷയങ്ങൾ എന്നതിനെക്കുറിച്ചാലോചിക്കുമ്പോൾ മുപ്പത്തഞ്ചു വർഷങ്ങൾ പിന്നിട്ട ഒരു പ്രവാസിവീട്ടമ്മയായ എന്നിലേക്കു തന്നെയാണ് ആദ്യം ഞാൻ നോക്കുന്നത്. ഒരു സ്ത്രീ എന്ന നിലയിൽ വളരെയധികം ബുദ്ധിമുട്ടുകളിലൂടെയാണ് ഇവിടെയെത്തി നിൽക്കുന്നത്. അക്കാലത്ത് ബാംഗ്ലൂരിൽ ഇന്നു കാണുന്ന സൗകര്യങ്ങൾ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. താമസത്തിനു വേണ്ടുന്നതായ എല്ലാ ഘടകങ്ങൾക്കും വളരെയധികം പ്രയാസം അനുഭവപ്പെട്ടിരുന്നു. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ഇന്ന് എത്രയോ അധികം വികസനത്തിന് വിധേയമായ അന്തരീക്ഷമാണിവിടെ. എല്ലാ വികസനങ്ങളും എല്ലാ മനുഷ്യരേയും ഒരേ പോലെയല്ല ബാധിക്കുന്നത്. മേൽത്തട്ടിലുള്ളവർ, മധ്യവർഗ്ഗസമൂഹം, താഴേക്കിടയിലുള്ളവർ എന്നിവരിൽ സാധാരണക്കാർക്ക് എല്ലാത്തരം ബുദ്ധിമുട്ടുകളും ഇന്നും നേരിട്ടുകൊണ്ടിരിക്കുന്നു. മലയാളികളേക്കാൾ മറ്റുസംസ്ഥാനങ്ങളിലുള്ളവരാണ് താഴേക്കിടയിലധികവും. ഇതിൽ ഒരു വികസനവും സാധാരണക്കാരിൽ എത്തുന്നില്ല. സാധാരണ കമ്പനിജോലികളിൽ കാര്യമായ സാമ്പത്തിക മെച്ചങ്ങളൊന്നും ഉണ്ടാകുന്നില്ല. ഐ.ടി പോലുള്ളവരെ സംബന്ധിച്ച് സാമ്പത്തികമെച്ചം ഉണ്ടുതാനും. ഏതുതരത്തിലായാലും അത്തരം ബുദ്ധിമുട്ടുകൾ ബാ

# മാറ്റങ്ങൾ പ്രതീക്ഷിക്കാം





ധിക്കുന്നത് സ്ത്രീകളെയാണ്. വിവാഹജീവിതത്തോടെ പ്രവാസികളായിത്തീരുന്ന സാധാരണസ്ത്രീകളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെട്ടതായിരിക്കില്ല.

വാടകവീട്ടിൽ തന്നെ വളരെയധികം പരിമിതികൾ ഉണ്ടാവും. ലൈൻവീടുകളിൽ താമസിക്കുന്നവർക്ക് പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കുവാൻ പോലും വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നു. നാലഞ്ച് വീടുകൾക്ക് പൊതുവായി ഒരു കുളിമുറിയോ ശൗചാലയമോ മാത്രമേ കാണൂ. അതുപോലെ നിത്യജീവിതത്തിനാവശ്യമായ വെള്ളത്തിനും ക്ഷാമം നേരിടുന്നു. അതുകൊണ്ട് ഇരട്ടിപൈസ കൊടുത്ത് ടാങ്കർ ലോറിയിൽ നിന്ന് വെള്ളം വാങ്ങിക്കേണ്ടിവരുന്നു. വെള്ളം എടുക്കുന്ന പൈപ്പിൻ ചുവട്ടിൽ ക്യൂ ആയിരിക്കും. ഇന്ന് സൗകര്യങ്ങൾ കൂടിയെങ്കിലും സാധാരണക്കാരന് താങ്ങാവുന്നതിലധികം വീട്ടുവാടക കൊടുക്കേണ്ടി വരുന്നു. ചെറിയ ജോലി ചെയ്ത് ജീവിക്കുന്ന കുടുംബങ്ങൾക്ക് അതിജീവനം ഒരു ബാധ്യതയായി മാറുന്നു. ഇവിടെ എത്തിപ്പെടുന്നവരിൽ ഏറെയും രാപ്പകൽ കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്. ഒരു പ്രവാസി വീട്ടമ്മക്ക് ജീവിതത്തിൽ മുന്നേറുവാൻ വളരെയേറെ ബുദ്ധിമുട്ടുകൾ തരണം ചെയ്യേണ്ടി വരുന്നു. വല്ലപ്പോഴും ജന്മനാട്ടിൽ പോകുമ്പോൾ കിട്ടുന്ന സന്തോഷമേ അവൾക്കുള്ളൂ. അതും മാതാപിതാക്കൾ ജീവിച്ചിരിക്കുന്നതുവരെ. അതുകഴിഞ്ഞാൽ ഭർത്താവിന്റെ ശമ്പളത്തിനുള്ളിൽ ഒതുങ്ങിക്കൂടി കഴിയേണ്ടി വരും. കുട്ടികളെ വളർത്തി അവർക്ക് നല്ല ഭാവി ഉണ്ടാക്കി കൊടുക്കുക എന്ന ചിന്തയിൽ മറ്റു ചിന്തകൾക്കൊന്നും ഇടംകൊടുക്കാതെ വീട്ടുപണികളും ചെയ്ത് അവനവന്റെ ആരോഗ്യം പോലും ശ്രദ്ധിക്കാതെ മധ്യവയസ്ക്കരാവുമ്പോഴേക്കും അവർ പലവിധ രോഗങ്ങൾക്കും അടിമകളായിത്തീരുന്നു.

എത്രയോ കാലം രാപ്പകൽ കഷ്ടപ്പെട്ടിട്ടും സ്വന്തമായൊരു തുണ്ടുഭൂമിപോലും ഇല്ലാത്തവരാണ് മിക്കവരും. അങ്ങനെയുള്ളവർക്ക് പ്രവാസജീവിതത്തിന്റെ ബദ്ധപ്പാടുകളും, കുട്ടികളുടെ വിദ്യാഭ്യാസം, കല്യാണം എന്നിവയും താങ്ങാനാവാത്ത ചുമടായിത്തീരുന്നു. ഇവിടുത്തെ വീട്ടുവാടക, അഡ്വാൻസ് എന്നിവയെല്ലാം വളരെ കൂടുതലാവുന്നു. മുൻസിപ്പാലിറ്റി ഏരിയയിൽ താമസിക്കുന്നവർക്ക് ഏറ്റവും കുറഞ്ഞ വാടക അയ്യായിരം രൂപയോ അതിൽ കൂടുതലോ ആണ്. ഒരു ചെറിയ മുറിയും അടുക്കളയും കുളിമുറി&ടോയ്ലെറ്റും. ഇതിനാണ് ഇത്രയും കൂടിയ വാടക ഈടാക്കുന്നത്. പത്തിരട്ടി അഡ്വാൻസും. പതിനൊന്നു മാസം കഴിയുമ്പോൾ ഈ കരാറുകളെല്ലാം പുതുക്കുകയും വാടകനിരക്ക് കൂട്ടുകയും വേണം. ഇതെല്ലാം കൂടുതൽ ബാധിക്കുന്നത് സാധാരണക്കാരേയും വീട്ടമ്മമാരായ സ്ത്രീകളേയും തന്നെ. സംഘടനകൾ ഒരുപാടുണ്ട്. ഇക്കാര്യങ്ങളിൽ എത്രത്തോളം ശ്രദ്ധപതിയുന്നുണ്ടെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ജീവിക്കുന്ന സ്ത്രീകൾ സ്വന്തം കഷ്ടപ്പാടുകൾ അന്യരറിയാതെ ജീവിക്കാനും ക്ലേശിക്കുന്നു. കേരളത്തിൽ സ്ത്രീസംഘടനകൾക്ക് ലഭിക്കുന്ന അംഗീകാരം ഇവിടെ ലഭിക്കുന്നില്ല. സ്ത്രീകളുടെ ഉന്നമനത്തിനും അവരുടെ സുഖദുഃഖങ്ങൾ അറിയാനും സഹായങ്ങൾ ആവശ്യമുള്ളവർക്ക് അത് എത്തിക്കാനും എന്തെങ്കിലും ചെയ്യുകയാണെങ്കിൽ പ്രവാസിസ്ത്രീകൾക്ക് അത് ഗുണകരമായിരിക്കും. ഇവിടുത്തെ ഭരണകൂടത്തിനു ഞങ്ങൾ വോട്ടുചെയ്യാറുണ്ട്. ഏതു ഗവൺമെന്റ് നിലവിൽ വന്നാലും പ്രവാസി സ്ത്രീകൾക്ക് പ്രത്യേകിച്ച് ഒരു ഗുണവുമില്ല. ഒരുപാട് ജാതി സംഘടനകളും മതനിരപേക്ഷ സംഘടനകളും നിലവിലുണ്ടെങ്കിലും സ്ത്രീക്ക് കാര്യമായ ഫലപ്രാപ്തിയുണ്ടോയെന്നു സംശയമാണ്. സ്ത്രീ സംഘടനകൾ താരതമ്യേന കുറവാണ്. സ്ത്രീകൾക്ക് സംഘടിതരാവാൻ തന്നെ വളരെയധികം ഊർജ്ജം വ്യയം ചെയ്യപ്പെടേണ്ടതുണ്ട്. അതുകൊണ്ട് തന്നെ വിജയസാധ്യത തുലോം കുറവുമാണ്. ഒരു പ്രവാസിസ്ത്രീയായ എനിക്കെഴുതാൻ തന്നെ പലകാര്യങ്ങളുണ്ട്. പക്ഷേ, എല്ലാം തുറന്നെഴുതാൻ നിർവ്വാഹമില്ല. കാരണം ജീവിതമാണ് പ്രധാനം. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് എവിടേയും പൊതുസ്വഭാവം തന്നെയാണ്. പ്രതികരണശേഷി ഇല്ലാത്തതല്ല, പ്രതികരിച്ചിട്ട് കാര്യമില്ല. 'ഉള്ള കഞ്ഞിയിൽ പാറ്റയിടാം' എന്നേയുള്ളൂ. ഭർത്താവിന്റെ ആശ്രിതയായി ജീവിക്കുന്ന സ്ത്രീക്ക് – ഭർത്താവിനെന്തെങ്കിലും സംഭവിച്ചാൽ– ജീവിതം വഴിമുട്ടുക തന്നെ ചെയ്യുന്നു. മറുനാട്ടിൽ സാമ്പത്തികമായി പിന്നോക്കമായവർ, എല്ലാ തരത്തിലും അവഗണിക്കപ്പെടുന്നു. പ്രശ്നങ്ങളേറെയാണ്; തരണം ചെയ്യാനുള്ള വഴികളോ ദുർഘടങ്ങളും. എല്ലാറ്റിനും പൊള്ളയായ വാക്കുകളല്ലാതെ പരിഹാരങ്ങൾ പ്രാവർത്തികമാക്കിയാൽ ഒരു പരിധിവരെ മാറ്റമുണ്ടായേക്കാം. ●

# പ്രതിസന്ധികളെ അതിജീവിച്ച് വ്യക്തിമുദ്ര പതിപ്പിക്കാം



സുധാകരുണാകരൻ

**പ്രവാസിസ്ത്രീകൾ** നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരു ലേഖനം എഴുതേണ്ടിവന്ന സാഹചര്യത്തിൽ ഞാനെന്ന വ്യക്തിയെക്കുറിച്ചു തന്നെയാണ് ആദ്യം ആലോചിച്ചത്.

ഏകദേശം 32 വർഷങ്ങൾക്കുമുമ്പ് എൺപതിന്റെ മധ്യഘട്ടത്തിൽ ഇൻഡ്യയുടെ ഉദ്യാനനഗരിയായ ബാംഗ്ലൂരിൽ കാലുകുത്തുമ്പോൾ ഒരു കുടുംബിനിയായതിന്റേയും ബാംഗ്ലൂർ പോലൊരു നഗരത്തിൽ വേരുറപ്പിക്കുവാൻ പോകുന്നതിന്റേയു ആഹ്ലാദത്തിലായിരുന്നു എന്റെ മനസ്സ്. പക്ഷേ, പിന്നീടങ്ങോട്ട് ഓരോരോ സന്ദർഭങ്ങളിൽ നാടും വീടും വിട്ട് ഒരു പ്രവാസി ആകേണ്ടിവന്നതിന്റെ പരാധീനതകളും ഒറ്റപ്പെടലുകളും അനുഭവിക്കേണ്ടിവന്നു. ഇന്നിപ്പോൾ കാലം ഒരുപാട് പുരോഗമിച്ചു. മുപ്പത്തിരണ്ടു വർഷം എന്നത് ഒരു ചെറിയ കാലയളവല്ല. നാടും നഗരവും ദ്രുതഗതിയിൽ വികസനോന്മുഖമായിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം മാറുന്ന ജീവിതശൈലികളും.... എങ്കിലും എന്നും ഒരു പ്രവാസിയുടെ ജീവിതത്തിൽ എന്തെങ്കിലുമൊരു ന്യൂനതയുണ്ടാകും.

മാതാപിതാക്കളെയും ബന്ധുമിത്രാദികളേയും വീടും നാടും സ്വന്തം ഭാഷയും സംസ്ക്കാരവും ഒക്കെവിട്ട് തികച്ചും വ്യത്യസ്തമായ മറ്റൊരു സംസ്ഥാനത്തിലേക്ക് പറിച്ചുനടപ്പെടുമ്പോൾ അനുഭവിക്കേണ്ടിവരുന്ന ഒരു ശൂന്യത അഥവാ ഒരു നിസ്സഹായതാബോധം അതൊരു പ്രവാസിക്കു മാത്രം അവകാശപ്പെട്ടതാണ്.

പഠനാർത്ഥമോ ഉദ്യോഗസംബന്ധമായോ സ്ത്രീകൾ സാധാരണയായി അന്യനാടുകളിൽ എത്തപ്പെടുന്നുണ്ട് അവർക്കൊരു പ്രതീക്ഷയുണ്ട് ഇന്നെല്ലെങ്കിൽ നാളെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാമെന്ന്. അതിനാൽ അവരെ 'പ്രവാസി'യെന്ന് പൂർണ്ണമായി വിശേഷിപ്പിക്കാനാവില്ല. വിവാഹത്തിനു ശേഷമായിരിക്കാം ഏറിയപക്ഷവും സ്ത്രീകൾ പ്രവാസികളാവുന്നത്. അന്യനാടുകളിൽ ജോലിചെയ്യുന്ന ഭർത്താക്കന്മാരുടെ ഗതിക്കനുസരിച്ചായിരിക്കും മിക്ക സ്ത്രീകളുടേയും ജീവിതം കെട്ടിപ്പടുക്കുന്നത്. അതിനാൽ അങ്ങനെ എത്തിപ്പെടുന്ന സ്ത്രീകളായിരിക്കും കൂടുതൽ പ്രവാസജീവിത ബുദ്ധിമുട്ടുകൾ നേരിടുന്നത്. ഒന്നാമത്തെ പ്രശ്നം അവരെത്തിപ്പെടുന്ന സ്ഥലത്തെ ഭാഷതന്നെയായിരിക്കും. കേരളം



വിട്ട് മറ്റെവിടേയും പോകാത്ത പെൺകുട്ടികൾ പെട്ടെന്നൊരു ദിവസം ഭാഷയും സംസ്ക്കാരവും അന്യമായ മറുനാട്ടിലേക്ക് പറിച്ചു നടപ്പെടുമ്പോൾ അനുഭവിക്കേണ്ടിവരുന്ന ഒറ്റപ്പെടലിന്റെ വേദന അസഹനീയമാണ്.

സമൂഹത്തിലെ മധ്യവർത്തികളായ അണുകുടുംബങ്ങളെയാണ് അങ്ങനെയൊരവസ്ഥ കൂടുതൽ ബാധിക്കുന്നത്. നല്ലൊരു സുഹൃത്ത്‌വലയമോ സാമ്പത്തികഭദ്രതയോ ഇല്ലെങ്കിൽ അവർ സമൂഹത്തിലൊറ്റപ്പെട്ടുപോകുന്നു. സമൂഹവുമായി ഇടപെടണമെങ്കിൽ ഭാഷ അറിഞ്ഞിരിക്കണം. കേരളത്തിലെ വിദ്യഭ്യാസരീതിവെച്ച് ബിരുദമോ ബിരുദാനന്തര ബിരുദമോ നേടിയവർ പോലും അനായാസമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്നവരാണ്. ഇംഗ്ലീഷ് അറിയുമെങ്കിലും അതാത് സ്ഥലത്തെ പ്രാദേശികഭാഷ പഠിച്ചേപറ്റൂ. അത് ചിലർക്ക് എളുപ്പമാണെങ്കിൽ മറ്റു ചിലർക്ക് കാലതാമസം നേരിടും. അതൊരു വെല്ലുവിളിയായി പലർക്കും അനുഭവപ്പെടാം.

ജീവിതത്തിലെ പല പ്രശ്നങ്ങളിലും ഒറ്റക്ക് തീരുമാനം എടുക്കേണ്ടിവരുന്ന സന്ദർഭങ്ങളിലും അവ പ്രാവർത്തികമാക്കേണ്ട അവസരങ്ങളിലും സ്ത്രീകളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. ലാന്റ്ഫോണോ മൊബൈലോ ഒന്നുമില്ലാതിരുന്ന ഒരു കാലത്ത് മറുനാട്ടിൽ ജീവിക്കാൻ വിധിക്കപ്പെട്ടവരിൽ ഒരാളാണ് ഞാനും എന്നു സൂചിപ്പിച്ചിരുന്നുവല്ലോ. അന്നൊക്കെ നാട്ടിൽ നിന്നും വരുന്ന കത്തുകൾക്കായി വേഴാമ്പലിനെപ്പോലെ കാത്തിരുന്നിട്ടുണ്ട്. നാട്ടിൽ കുടുംബത്തിലെ വേണ്ടപ്പെട്ടവരുടെ മരണങ്ങൾ, കല്യാണങ്ങൾ മറ്റു ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങി പല സന്ദർഭങ്ങളിലും പങ്കെടുക്കാനാവാതെ വിങ്ങുന്ന ഹൃദയവുമായി വിഷമം ഉള്ളിലടക്കി ജീവിക്കേണ്ടി വന്നിട്ടുണ്ട്. അതിനു ശേഷം എപ്പോഴെങ്കിലും നാട്ടിലെത്തിയാൽ ബന്ധുമിത്രാദികൾ, കാര്യം മനസ്സിലാക്കാതെ കുറ്റപ്പെടുത്തലുകൾ നടത്തും. അവർ കരുതുന്നത് മനപ്പൂർവ്വം വരാതിരിക്കുന്നു എന്നാണ്. വിവാഹ ശേഷം മറുനാട്ടിൽ ജീവിച്ച പലയവസരങ്ങളിലും മാനസികബുദ്ധിമുട്ടുകൾ അനുഭവിക്കുന്നയവസരത്തിൽ മാതാപിതാക്കളുടെ സാന്നിധ്യം ആഗ്രഹിച്ചിട്ടുണ്ട്. ദൈവാനുഗ്രഹം കൊണ്ട് പല പ്രശ്നങ്ങളേയും അതിജീവിച്ച് ജീവിതസായാഹ്നം സന്തോഷമായി ചിലവഴിക്കുവാൻ ഇപ്പോൾ കഴിയുന്നുണ്ട്.

എന്നാലങ്ങിനെയൊരവസ്ഥ എല്ലാവർക്കും കൈവന്നുകൊള്ളണമെന്നില്ല. ഒട്ടുമിക്ക സ്ത്രീകളും കുടുംബത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങിപ്പോകാറാണ് പതിവ്. നാലു ചുവരുകൾക്കുള്ളിലൊതുങ്ങിപ്പോകുമ്പോൾ പലരുടേയും സർഗ്ഗാത്മകശേഷിയുടെ കൂമ്പടഞ്ഞുപോകുന്നു. പലരും നല്ല കലാകാരികളോ സാഹിത്യകാരികളോ രാഷ്ട്രീയമായ കെല്പുകളുള്ളവരോ ഉന്നതവിദ്യാഭ്യാസമുള്ളവരോ ഒക്കെയായിരിക്കാം. പക്ഷേ അവരിൽ പലർക്കും തങ്ങളുടെ സർഗ്ഗശേഷികൾ ഉണർത്താനാവാതെ വെച്ചും വിളമ്പിയും മാത്രം ജീവിതം ഒടുക്കേണ്ടി വരുന്നു. അഥവാ അവർ സ്വയം ഉൾവലിയുന്നു. അത് പ്രവാസികളെമാത്രം ബാധിക്കുന്ന പ്രശ്നം അല്ലെങ്കിൽ കൂടി അധികപക്ഷവും അങ്ങനെയും സംഭവിക്കുന്നുണ്ട്. കാലക്രമേണ ഈ ഉൾവലിയലിലൂടേയും അടിച്ചമർത്തലിലൂടേയും പലപല രോഗങ്ങൾക്ക് വിധേയരാകുന്നു. വിഷാദരോഗം പിടിപെടുന്നവരുടെ എണ്ണം സമൂഹത്തിൽ വളരെ കൂടുതലാണ്. മറ്റൊന്ന് സാമ്പത്തികാടിത്തറയാണ്. കുടിക്കാനും കുളിക്കാനും മറ്റു കൃത്യങ്ങൾക്കും അത്യാവശ്യം വേണ്ട വെള്ളം പോലും കാശുകൊടുത്തു വാങ്ങേണ്ട മറുനാട്ടിൽ ചെറിയ ഒരു പക്ഷത്തിനു മാത്രമേ ജീവിതം ആസ്വാദ്യകരമാകുന്നുള്ളൂ. കുട്ടികളുടെ അവധിക്കാലം ചിലവഴിക്കാനോ കുടുംബങ്ങളിലെ അത്യാവശ്യങ്ങൾക്കോ അല്ലെങ്കിൽ ഗൃഹാതുരത്വം വീർപ്പുമുട്ടിക്കുമ്പോൾ ഒന്ന് നാട്ടിലേക്ക് യാത്രതിരിക്കുക എന്നത് സാധാരണകുടുംബങ്ങളെ സംബന്ധിച്ച് വളരെയധികം സാമ്പത്തിക ചെലവും ബുദ്ധിമുട്ടും ഉണ്ടാക്കുന്നു. ഇത് ബാധിക്കുന്നത് കൂടുതലും സ്ത്രീകളെയായിരിക്കും. മറ്റൊരുവശം ചില പുരുഷന്മാർക്ക് അവരുടെ ഭാര്യമാർ ആഗ്രഹിക്കുന്ന തരത്തിലുള്ള ജീവിതം കൊടുക്കാൻ കഴിയാത്ത അവസ്ഥയും ഉണ്ടാകുന്നുണ്ട്. ഇങ്ങനെയാകുമ്പോൾ പെ

***ജീവിതത്തിലെ പല പ്രശ്നങ്ങളിലും ഒറ്റക്ക് തീരുമാനം എടുക്കേണ്ടിവരുന്ന സന്ദർഭങ്ങളിലും അവ പ്രാവർത്തികമാക്കേണ്ട അവസരങ്ങളിലും സ്ത്രീകളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്.***





***പലതട്ടുകളിലായി പ്രവാസിസ്ത്രീകളെ കാണാം. ഇതിൽ നിന്നും വ്യത്യസ്തരായ ഒരുകൂട്ടം സ്ത്രീകൾ തങ്ങളുടെ പ്രശ്നങ്ങളെല്ലാം തരണം ചെയ്ത് സംഘടനാ പ്രവർത്തനങ്ങളിലും സ്വയംതൊഴിൽ സംരംഭങ്ങളിലും ഏർപ്പെടുന്നു.***

ട്ടെന്നുതന്നെ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. സമാധാനവും സന്തോഷവും നഷ്ടപ്പെട്ട് കുടുംബത്തിൽ അന്തഃഛിദ്രം സംഭവിക്കുന്നു. ഇങ്ങനെ പലതട്ടുകളിലായി പ്രവാസി സ്ത്രീകളെ കാണാം. ഇതിൽ നിന്നും വ്യത്യസ്തരായ ഒരുകൂട്ടം സ്ത്രീകൾ പ്രശ്നങ്ങളെയെല്ലാം തരണം ചെയ്ത് സംഘടനാ പ്രവർത്തനങ്ങളിലും സ്വയംതൊഴിൽ സംരംഭങ്ങളിലും ഏർപ്പെടുന്നു. മറുനാട്ടിൽ അവരുടേതായ വ്യക്തിമുദ്രകൾ പതിപ്പിക്കാനുള്ള സന്ദർഭങ്ങൾ നേടിയെടുക്കുന്നു. ഇന്നിപ്പോൾ മലയാളിക്ക് നിരവധി സംഘടനകൾ ഈ ബാംഗ്ലൂരിലുണ്ട്. അതിലൂടെ നിരവധിപേരുടെ പ്രശ്നങ്ങൾക്ക് പരിഹാരങ്ങളും ലഭിക്കുന്നുണ്ട്. പരസ്പരം ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നതിനോടൊപ്പം കൂട്ടായ്മകളിലൂടെ അറിയാനും ഇടപെടാനും അതിലൂടെ സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനും സാധിക്കുന്നു. അങ്ങനെയൊരവസ്ഥയിലാണ് സ്ത്രീകൾക്കായുള്ള ഒരു പ്ലാറ്റ്ഫോമിനുവേണ്ടി ഞങ്ങൾ കുറച്ചുപേർ ചേർന്ന് 'ധ്വനി' എന്നൊരു വനിതാസംഘടനക്ക് തുടക്കമിട്ടത്.

സ്ത്രീകളുടെ പുരോഗതിയും ഉന്നമനവുമാണ് ധ്വനിയുടെ ലക്ഷ്യം. ഇന്ന് ധ്വനിക്ക് മൂന്നുവയസ്സ് തികഞ്ഞു. അതിലൂടെ സ്ത്രീകൾക്കാവശ്യമുള്ള പല വിഷയങ്ങളിലും ബോധവത്ക്കരണ ക്ലാസ്സുകളും ചർച്ചകളും സംവാദങ്ങളും സാംസ്കാരിക-സാമൂഹിക പരിപാടികളും ഞങ്ങൾ നടത്താറുണ്ടെന്ന് ധ്വനിയുടെ ജന.സെക്രട്ടറി എന്ന നിലക്ക് ഞാൻ അഭിമാനത്തോടെ പറയട്ടെ. പ്രവാസത്തു നിന്നും ചെറിയതോതിലെങ്കിലും ഈ കൂട്ടായ്മയിലൂടെ സാംസ്കാരിക ഉന്നമനം നടത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അന്വേഷി സാരഥിയും സംഘടിതയുടെ മാനേജിംഗ് എഡിറ്ററുമായ കെ.അജിത ധ്വനിയുടെ വേദിയിൽ രണ്ടു പ്രാവശ്യം മുഖ്യാതിഥിയായി എത്തിയത് ഞങ്ങളുടെ പ്രവർത്തനമുഹൂർത്തത്തിലെ സ്മരണീയമായ ഒരേടാണ്. ഇതുപോലെയുള്ള പ്രശസ്തരായ സ്ത്രീകളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിനയപുരസ്സരം ഞങ്ങൾ സ്വീകരിക്കുന്നു. പ്രവർത്തനത്തിന്റെ പാതയിലൂടെ മുന്നോട്ടുള്ള യാത്ര തുടരുന്നു.

പ്രവാസി ജീവിതം ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെയാണ്. സുഖവും ദുഃഖവും ബുദ്ധിമുട്ടുകളും പ്രോത്സാഹനങ്ങളുമെല്ലാം ലഭിക്കും. അത് വേണ്ടിടത്ത് വേണ്ടപോലെ പ്രയോജപ്പെടുത്താനാണ് സ്ത്രീകൾ ശ്രമിക്കേണ്ടത്. കൊള്ളേണ്ടതിനെ കൊള്ളാനും തള്ളേണ്ടതിനെ തള്ളാനും സ്ത്രീകൾ ധൈര്യവും തന്റേടവും കാണിച്ചാൽ ഏതവസ്ഥയിലും ജീവിക്കാൻ കഴിയുന്ന ഒരു പൊരുത്തപ്പെടലിലേക്ക് പ്രവാസത്തും സ്ത്രീകൾക്കെത്താൻ കഴിയും എന്നുതന്നെയാണ് എന്റെ ഉത്തമവിശ്വാസം. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



# നിശ്ശബ്ദജീവിതങ്ങൾ



ഉഷാ ശർമ്മ

**ഉന്നതവിദ്യാഭ്യാസമോ** കൂടിയ ബാങ്ക് ബാലൻസോ അതിരുകവിഞ്ഞ ആത്മവിശ്വാസമോ ഉള്ള പ്രവാസികൾക്ക് എവിടേയും സ്വർഗ്ഗമാണ്. ഉയരുന്ന ജീവിതചിലവുകളോ, തകരുന്ന ജീവിതമൂല്യങ്ങളോ അവരെ സാരമായി ബാധിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. അവരിൽ പലർക്കും വല്ലപ്പോഴും പോകുന്ന കറന്റിനെക്കുറിച്ചോ, വൈകി വരുന്ന വൃത്തിയില്ലാത്ത ജോലിക്കാരിയെക്കുറിച്ചോ, കുഞ്ഞുങ്ങളെ സ്കൂളിൽ വിടുമ്പോൾ അശ്രദ്ധമായി ഓടിച്ച് കാറിന്റെ പെയിന്റ് കളഞ്ഞ ഡ്രൈവറിന്റെ വിവരക്കേടിനെക്കുറിച്ചോ, നിലവാരമില്ലാത്ത ഏതെങ്കിലും പുതിയ സിനിമകളെക്കുറിച്ചോ മാത്രമേ കാര്യമായി കുറ്റം പറയാൻ കാണൂ. വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവർ!

ഇതിൽ നിന്നും തികച്ചും വിഭിന്നമായ ഒരു സമൂഹമുണ്ട് ഇവിടെ. തുച്ഛമായ വരുമാനം കൊണ്ട് ജീവിതം ഉന്തിത്തള്ളി നീക്കാൻ കഷ്ടപ്പെടുന്നവർ. ദാരിദ്ര്യവും കഷ്ടപ്പാടും ആത്മവിശ്വാസക്കുറവും മാത്രം കൈമുതലായുള്ളവർ. കുറേ വീട്ടുജോലിക്കാർ. ഞാൻ താമസിക്കുന്നതുൾപ്പടെ, 1200ലധികം ഫ്ളാറ്റുകളുള്ള സ്ഥലത്ത് ഇങ്ങിനെയുള്ള വീട്ടുജോലിക്കാരികളെ ഒരുപാട് പേരെ യാതൊരു ക്ഷാമവുമില്ലാതെ കാണാം. രാവിലെ 6 മണി മുതൽ ഒരു ഫ്ളാറ്റിൽ നിന്നും മറ്റൊരു ഫ്ളാറ്റിലേക്ക് ജോലി തീർക്കാൻ നെട്ടോട്ടമോടുന്നവർ.

വീട്ടുകാരുടെ വഴക്ക് കേൾക്കാൻ മാത്രം ജനിച്ച ജന്മങ്ങൾ. വീട്ടുജോലിക്കാരികൾക്കും ഒരു വ്യക്തത്വമുണ്ടെന്നും, ഒരു മനസ്സുണ്ടെന്നും മനസ്സിലാകാതെ കൊട്ടാൻ കിട്ടിയ ചെണ്ടക്കിട്ട് ആവശ്യത്തിനും അനാവശ്യത്തിനും അടിക്കുന്ന കൊച്ചമ്മമാരുടെ ധാർഷ്ട്യങ്ങൾ. മിണ്ടിയാൽ ജോലി പോവുമോ എന്ന് ഭയന്ന് നിശ്ശബ്ദം ജോലി ചെയ്യേണ്ടി വരുന്ന പാവം മനുഷ്യജന്മങ്ങൾ. എന്റെ വീട്ടിലും ഒരു കിഴക്കേ ഇന്ത്യക്കാരി (ബംഗാളി) ജോലി ചെയ്തിരുന്നു. പേര് ലൈല. വെറും രണ്ടാംക്ലാസ് വിദ്യാഭ്യാസം, സമയം നോക്കാനും പണം കണക്കുകൂട്ടാനും ഖുറാൻ വായിക്കാനും മാത്രമറിയാവുന്ന ഒരു സാധു. ഒരിക്കലും

അവൾ ചിരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ഭയന്ന് മാത്രം ശീലിച്ചതിനാലാണോ എന്നറിയില്ല. പ്രായം 23. നമ്മൾ മലയാളികൾ പെൺമക്കളെ കല്യാണം കഴിപ്പിച്ച് വിടാൻ ആലോചിക്കുന്ന പ്രായം. അപ്പോഴേക്കും അവൾക്ക് 5 വയസ്സായ മകനുണ്ട്. ഭർത്താവിന് കാര്യമായ വിദ്യാഭ്യാസമോ വരുമാനമോ ഇല്ല. കുറേ നാൾ ഡൽഹിയിലും ബോംബെയിലും പച്ചക്കറി വില്പനയുമായി നടന്നു. അതിൽ പച്ചപിടിക്കാത്തതിനാൽ ഒരു കരാറുകാരന്റെ കീഴിൽ പെയിന്റിംഗ് പണിക്കായി ബാംഗ്ലൂരെത്തി. ഒരുവർഷമെ ആയിട്ടുള്ളൂ വന്നിട്ട്. മാസത്തിൽ പത്തുദിവസത്തിലധികം ജോലിയില്ല. ബാക്കി ദിവസങ്ങളിൽ പ്രാരബ്ധവും മുൻകോപവും വഴക്കുമായി വീട്ടിലിരിക്കും. അവസാനം ലൈല തന്നെ വീട്ടുജോലി കണ്ടുപിടിച്ചു. മൂന്നു ഫ്ളാറ്റുകളിൽ. അതിലൊന്ന് എന്റെ വീട്. ഭർത്താവ് ജോലിക്കുപോയാൽ ലൈലക്ക് 5 വയസ്സായ മോൻ ആസിഫിനെ കുടിലിൽ തനിയെ വിട്ടിട്ട് വരണം. ജോലി ഫ്ളാറ്റുകളിലായതിനാൽ മകനെ കൂടെ കൊണ്ടുപോകാൻ സെക്യൂരിറ്റി അനുവദിക്കുകയും ഇല്ല. കല്യാണം കഴിഞ്ഞ് ഇത്രയും വർഷങ്ങളായി. ഇതുവരെ നാട്ടിലെ വീട്ടിലേക്ക് ഒരുപ്രാവശ്യം പോലും പോയിട്ടില്ല. അച്ഛനും അമ്മയും കൂടപ്പിറപ്പുകളും ഓർമ്മയായി തീർന്നു. അവരെയെല്ലാം കാണാൻ കൊതിയാവുന്നു എന്നു പറഞ്ഞു സങ്കടപ്പെടുന്നത് കാണാം ചിലപ്പോൾ. ആരെല്ലാം ജീവിച്ചിരിപ്പുണ്ട് എന്നുപോലും അന്യോന്യം അറിയാത്ത അവസ്ഥ. ഈ ശമ്പളം കൊണ്ട് മൂന്നു പേരുടെ ജീവിതച്ചെലവുകൾ, കൊച്ചുകൂരയുടെ വാടക പിന്നെ കുഞ്ഞിന്റെ അസുഖങ്ങൾക്കുള്ള മരുന്നിന്റെ ചെലവുകൾ! അവന്റെ കുഞ്ഞുകുഞ്ഞു ആഗ്രഹങ്ങൾ വല്ലപ്പോഴുമെങ്കിലും നടത്തിക്കൊടുക്കണം. അക്കൂട്ടത്തിൽ നാട്ടിലേക്കുള്ള യാത്രാചെലവുകൾക്കൊന്നും കാശ് തികയില്ല. വിളിക്കാൻ അന്ന് നാട്ടിലെ വീട്ടിൽ ഫോൺ ഇല്ലായിരുന്നു. ഇന്നിപ്പോൾ അതുണ്ടോയെന്നുമറിയില്ല എന്നാണ് ലൈല പറയുന്നത്. എഴുത്തെഴുതാൻ അറിയുകയുമില്ല.



ചില ഫ്ളാറ്റുകളിലുള്ളവർ വിനോദയാത്രക്കോ മറ്റെവിടെയെങ്കിലുമോ പോകുകയാണെങ്കിൽ ലൈലയെപോലുള്ളവരോട് പറഞ്ഞിട്ട് പോകുകയില്ല. ദിവസവും അവരുടെ ഫ്ളാറ്റിൽ അവർ തിരിച്ചെത്തിയോ എന്നു പലപ്രാവശ്യം പോയി നോക്കണം. അതാണ് വീട്ടുടമസ്ഥരുടെ ഉത്തരവ്. ജോലി ചെയ്യാത്ത ദിവസങ്ങളിലെ പൈസ ചിലർ കൊടുക്കില്ല. ജോലി ചെയ്തില്ലല്ലോ എന്നാണവരുടെ വാദം. അതിപ്പോൾ വീട്ടുകാരുടെ അസാന്നിധ്യം കാരണമായാലും ജോലിക്കാരുടെ അനാരോഗ്യം മൂലമായാലും ശമ്പളം കുറക്കും. പ്രതീക്ഷിക്കുന്ന ശമ്പളം പോലും കിട്ടാതെ വരുമ്പോഴുള്ള അവരുടെ നിരാശ കുറച്ചൊന്നുമല്ല. ഏതെങ്കിലും വീട്ടുകാർ എന്തെങ്കിലും അതൃപ്തി തോന്നിയാൽ അടുത്ത ദിവസം മുതൽ ആ വീട്ടിലെ ജോലി നഷ്ടമാകും. നിന്ദിതരും പീഡിതരുമായ ഇക്കൂട്ടരെപ്പോലുള്ള പ്രവാസികൾ ഇവിടെ ഒരുപാടുണ്ട്.

പറിച്ചുനടലുകൾകൊണ്ട് വേരുറപ്പിക്കാനാകാത്തവർ, റേഷൻ കാർഡോ സർക്കാർ സൗജന്യങ്ങളോ ആനുകൂല്യങ്ങളോ ഇല്ലാത്തവർ വോട്ടവകാശം ഇല്ലാത്തതുകൊണ്ട് അവർക്കു വേണ്ടി വാദിക്കാനോ ശബ്ദമുയർത്താനോ രാഷ്ട്രീയക്കാരോ ജനപ്രതിനിധികളോ ഇല്ലാത്തവർ. ആരുടേയും പരിഗണനക്ക് ഒരുതരത്തിലും അർഹരല്ലാത്തവർ. പുറംലോകത്തിന്റെ കാപട്യങ്ങളോ അവിടെ ദിനംപ്രതി എന്തൊക്കെ സംഭവിക്കുന്നുവെന്നോ ബോധവതികളാവാൻ സമയം കിട്ടാത്തവർ. സ്വന്തം കഷ്ടപ്പാടുകളിൽ മാത്രം ഒതുങ്ങിക്കൂടേണ്ടി വന്ന കുറേ 'അനാഥജന്മങ്ങൾ' എന്നു പറയുന്നതാവും ശരി. കേരളത്തിൽ സാക്ഷരതയുള്ളതുകൊണ്ടാവും അവിടെയുള്ളവർ കുറച്ചെങ്കിലും സമൂഹത്തിലെ കാര്യങ്ങളെക്കുറിച്ച് അറിവുള്ളവരാണ്. ലൈലയെപ്പോലുള്ള പ്രവാസികളുടെ സ്ഥിതി ഇവിടെ അതല്ല. ഒന്നും ആരോടും പറയാനറിയില്ല. കൂട്ടായ്മയിലൂടെ പ്രവർത്തിക്കാനുള്ള സമയക്കുറവും അധൈര്യവും ആവാം മുഖ്യപ്രശ്നങ്ങൾ. ആസ്സാമിലെ പ്രശ്നങ്ങൾ കാരണം ഒരുപാട് പേർ പലായനം ചെയ്ത കൂട്ടത്തിൽ ലൈലയും കുടുംബവും യാത്രപറഞ്ഞ് പോയി. ഇനി കാണുമോ എന്നറിയില്ല. എങ്കിലും ഞാൻ ഓർക്കും എന്നുമാത്രമാണ് അവൾ പറഞ്ഞത്. ജനിച്ചുപോയത് കൊണ്ടും മരണം വരെ ജീവിക്കേണ്ടതുകൊണ്ടും എവിടെയെങ്കിലും പുതിയ താവളം കണ്ടുപിടിക്കാനുള്ള നെട്ടോട്ടത്തിലാവും പാവങ്ങൾ ഇപ്പോൾ... ●



**നളിനി നായ്ക്**

പരിഭാഷ: രജനി

# വ്യത്യസ്തനായ ഒരു തൊഴിലാളിസംഘടനാപ്രവർത്തകൻ



**ത്രിപുരയിലെ** അഗർത്തലയിൽവെച്ച് സഖാവ് അജോയ് ബിശ്വാസിനെ (സ്നേഹത്തോടെ ആളുകൾ അദ്ദേഹത്തെ അജോയ്ദാ എന്നാണ് വിളിക്കാറുള്ളത്) കണ്ടുമുട്ടിയത് ആഹ്ലാദകരമായ ഒരനുഭവം തന്നെയായിരുന്നു. സി.പി.ഐ(എം)ൽ നിന്നും പുറത്താക്കപ്പെട്ട, സി.ഐ.ടി.യുവുമായി തെറ്റിപ്പിരിഞ്ഞ ആ സംഘടനാ പ്രവർത്തകൻ തന്റെ 70-ാം വയസ്സിലുമുള്ള ചുറുചുറുക്കുകൊണ്ടും ശുഭാപ്തിവിശ്വാസം കൊണ്ടും എന്നെ അത്ഭുതപ്പെടുത്തി. പമല തുറകളിലുമുള്ള തൊഴിലാളിസംഘടനകളെ വളർത്തിയെടുക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ മനസ്സിലാക്കുവാൻ വെറും മൂന്നു ദിവസത്തെ പരിചയം കൊണ്ട് സാധിച്ചു. ത്രിപുരയിൽ നിന്ന് രണ്ടുതവണ എം.എൽ.എ ആയും രണ്ടുതവണ എം.പി ആയും തിരഞ്ഞെടുക്കപ്പെട്ട അജോയ്ദാ തികഞ്ഞ കമ്മ്യൂണിസ്റ്റായിരിക്കുമ്പോൾ തന്നെ വേതനമുള്ള തൊഴിലാളികളുടെ ഏറ്റവും വലിയ സം

***ത്രിപുരയിൽ നിന്ന് രണ്ടുതവണ എം.എൽ.എ ആയും രണ്ടുതവണ എം.പി ആയും തിരഞ്ഞെടുക്കപ്പെട്ട അജോയ്ദാ തികഞ്ഞ കമ്മ്യൂണിസ്റ്റായിരിക്കുമ്പോൾ തന്നെ വേതനമുള്ള തൊഴിലാളികളുടെ ഏറ്റവും വലിയ സംഘടനയെന്നനിലക്ക് ഐ.എൻ.ടി.യു.സി യുടെ സെക്രട്ടറിയായി പ്രവർത്തിച്ചുവെന്നത് ശ്രദ്ധേയമാണ്.***

ഘടനയെന്നനിലക്ക് ഐ.എൻ.ടി. യു.സിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചുവെന്നത് ശ്രദ്ധേയമാണ്. ഗോത്രവർഗ്ഗക്കാരല്ലാത്ത ജനങ്ങളുടെയിടയിൽ വേണ്ടത്ര അംഗീകാരമില്ലാതിരുന്ന കാലമായതിനാൽ സി.പി.ഐ(എം)ലെ മുതിർന്ന ചിന്തകർപോലും അജോയ്ദായെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിച്ചു. അങ്ങനെ അജോയ്ദാ ഐ.എൻ. ടി.യു.സിയിൽ പ്രവർത്തിച്ചു. പക്ഷേ ഭരണത്തിലുണ്ടായിരുന്ന കോൺഗ്രസ് സർക്കാർ ഒരു തൊഴിലാളി സമരത്തിന്റെ ആവശ്യങ്ങളെ അംഗീകരിക്കാതെ വന്നപ്പോൾ തൊഴിലാളികൾക്ക് അതൃപ്തിയുണ്ടാവുകയും അങ്ങനെ സി.പി. ഐ(എം) നേതൃസ്ഥാനത്തേക്ക് എത്തുകയും ചെയ്തു. 1970കളിലായിരുന്നു ഈ സംഭവം നടന്നത്. ക്രമേണ സംഘടിതതൊഴിലാളികളുടെ ഇടയിൽ സി.പി.ഐ(എം) ന് സ്ഥാനം ലഭിക്കുകയും ചെയ്തു. അങ്ങനെ ഗോത്രവർഗ്ഗക്കാരല്ലാത്ത ആളുകളുടെ ഇടയിലും അതുപോലെ പൊതുമേഖലാസ്ഥാപനങ്ങളിലും കോൺഗ്രസ്സിനു പകരമായി പ്രവർത്തിക്കുന്ന സംഘടനയായി സി.പി.ഐ(എം) ഉയർന്നു. ഇപ്പോൾ അഞ്ച് തവണയായി സി. പി.ഐ(എം) ആണ് ആ സംസ്ഥാനത്ത് അധികാരത്തിലേക്ക് വന്നിരിക്കുന്നത്.

തിരഞ്ഞെടുപ്പിൽ അജോയ്ദാ സി.പി.ഐ(എം)ന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചെങ്കിലും ആ പാർട്ടിയുടെ ചിഹ്നം ഉപയോഗിച്ചില്ല. സൂര്യന്റെ ചിഹ്നമായിരുന്നു അന്നദ്ദേഹം ഉപയോഗിച്ചത്. താൻ തൊഴിലാളിസംഘടനയുടെ ആളെന്ന നിലക്ക് തൊഴിലാളിവർഗ്ഗത്തെ മുഴുവൻ പ്രതിനിധീകരിക്കുകയാൽ ഒരു രാഷ്ട്രീയപാർട്ടിയുടേയും വക്താവ് മാത്രമായി അറിയപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ജനം പരക്കെ ഇതംഗീകരിക്കുകയും തിരഞ്ഞെടുപ്പിൽ അദ്ദേഹം ജയിക്കുകയും ചെയ്തു. അങ്ങനെ പാർട്ടിയുടെ സ്വാധീനത്തിൽ നിന്ന് മാറി നിൽക്കാനും അതേ സമയം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് മുൻതൂക്കം കൊടുക്കുവാനും അദ്ദേഹം ശ്രമിച്ചു. കേന്ദ്രീകൃതരീതിയിൽ ചലിക്കുന്ന ജനാധിപത്യത്തെ അജോയ്ദാ മനസ്സിലാക്കിയിരുന്നു. എങ്കിലും തർക്കങ്ങളിലൂടെയും ചർച്ചകളിലൂടെയുമുള്ള ഇടപെടലുകൾ ആവശ്യമാണെന്ന് അദ്ദേഹം ശഠിച്ചു. മാത്രവുമല്ല തൊഴിലാളികളുടെ പ്രശ്നങ്ങളിൽ പാർട്ടി യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാവരുതെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. തുടക്കത്തിൽ സംഘടിതമേഖലയിലുള്ള തൊഴിലാളികൾക്കിടയിലാണ് പ്രവർത്തിച്ചിരുന്നതെങ്കിലും പിന്നീട് അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ– കച്ചവടസ്ഥാപനങ്ങളിലെ ജീവനക്കാർ, അംഗനവാടി തൊഴിലാളികൾ, ശുചീകരണമേഖലയിലെ തൊഴിലാളികൾ– പ്രശ്നങ്ങളിലും ഇടപെട്ടിരുന്നു.

നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ അജോയ്ദായെ പാർട്ടിയിൽ നിന്നും പുറത്താക്കി. പക്ഷേ അദ്ദേഹത്തോടൊപ്പം നല്ലൊരു വിഭാഗം പ്രവർത്തകരും പാർട്ടി വിട്ടു. അങ്ങനെയാണ് ഇന്ത്യൻ കോൺഫെഡറേഷൻ ഓഫ് ലേബർ എന്ന ബദൽ സംഘടന രൂപം കൊണ്ടത്. ഈ സംഘടനയിൽ മറ്റു രാഷ്ട്രീയപാർട്ടികളോട് കൂറുള്ള തൊഴിലാളികളും ഉണ്ടായിരുന്നു. പക്ഷേ തൊഴിലാളിയൂണിയൻ എന്ന നിലക്ക് അവർ തീർത്തും സ്വതന്ത്രരും സംസ്ഥാനത്തെ ഒരു വൻശക്തിയായി മാറുകയും ചെയ്തു.

ഈ സംഘടനയിലുള്ള മെമ്പർമാരുടെ അഭിപ്രായത്തിൽ ത്രിപുര പോലുള്ള ഒരു സംസ്ഥാനത്ത് ഇത്തരം സ്വതന്ത്രസംഘടനകൾക്ക് സ്ഥാനമില്ല എന്നുതന്നെയാണ്. വാസ്തവത്തിൽ അവിടെ പൗരസമൂഹപ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കുവാൻ പോലും ഇടമില്ല. 36.5 ലക്ഷം വരുന്ന ജനസംഖ്യയിൽ 2 ലക്ഷം പേർ സർക്കാർ ഉദ്യോഗമുള്ളവരാണ്. അതായത് കാൽഭാഗം ജനങ്ങൾ സർക്കാർ ശമ്പളം വാങ്ങുന്ന വരാണ്. പരിസ്ഥിതിസംഘടനകളോ സ്ത്രീസംഘടനകളോ ഇല്ല. സി.പി.ഐ(എം)ന് മുൻതൂക്കവും കോൺഗ്രസ്സിന് ബലക്കുറവുമുള്ള ത്രിപുരയിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് യാതൊരു പിൻതുണയും ഇല്ലെന്നുവേണം കരുതുവാൻ. ജനസംഖ്യയിൽ കാൽഭാഗത്തോളം ഗോത്രവർഗ്ഗക്കാരാണ്. സി.പി.ഐ (എം)ന് അവർക്കിടയിലും അടിത്തറയുണ്ടെന്നാണ് വിശ്വസിക്കേണ്ടത്. അവർക്കിടയിൽ നിന്നും ഉയർന്നു വരുന്ന എതിർപ്പുകളെപ്പോലും ഭരിക്കുന്ന പാർട്ടിക്ക് ഒതുക്കുവാൻ കഴിയുന്നുണ്ടെന്നു വേണം അനുമാനിക്കുവാൻ.

ഞങ്ങളുടെ സന്ദർശനവേള ധാരാളം പ്രൊഫഷണലുകളും ബുദ്ധിജീവികളും മറ്റും ഒത്തുചേർന്ന സമയമായിരുന്നു. ഒരു പൗരസമൂഹപ്രസ്ഥാനം പടുത്തുയർത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. 'നിർഭയ്' എന്ന പേരിൽ പ്രവർത്തനമാരംഭിച്ച ആ സംഘടന സർക്കാറിന്റെ മുമ്പിൽ വെച്ച ആദ്യ ആവശ്യം ഇതായിരുന്നു. സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്ന ഒരു മനുഷ്യാവകാശകമ്മീഷൻ സ്ഥാപിക്കുക എന്ന ആവശ്യം. ഇത്തരം പ്രവർത്തനങ്ങൾ ജ

ശേഷം പേജ് 55 ൽ

ഉപ്പും മുളകും



പ്രശസ്ത എഴുത്തുകാരിയും ആക്ടിവിസ്റ്റും 'സംഘടിത'യുടെ പത്രാധിപസമിതി അംഗവുമാണ് ഗീത. ഗീതയുടെ കോളം ഈ ലക്കം മുതൽ ആരംഭിക്കുന്നു.



ഗീത

# സ്ത്രീപീഡനകേസിലെ ഇരകളും മേൽക്കോടതിയും

***ഇത് ഒരു സൂര്യനെല്ലി പെൺകുട്ടിയുടെ മാത്രം കാര്യമല്ല. കീഴ്ക്കോടതികളുടെ വിധി ഇരക്കനുകൂലമായാലും പ്രതികൂലമായാലും കേസു മേൽക്കോടതിയിലെത്തും. മേൽക്കോടതികളിൽ എവിടെയുണ്ട് പരാതിക്കാരികൾ? സർക്കാർ നിയോഗിക്കുന്ന പ്രോസിക്യൂട്ടറാണ് ഇരക്കുവേണ്ടി ഹാജരായി അവളുടെ വാദമുഖങ്ങൾ നിരത്തുക.***

**"ബഹുമാനപ്പെട്ട** ഹൈക്കോടതി എന്നെക്കൂടി വിചാരണചെയ്യട്ടെ. പ്രതികൾക്കു പറയാനുള്ളതു മാത്രമേ കോടതി കേട്ടുള്ളൂ."– ഇതെന്നോടു പറഞ്ഞത് സൂര്യനെല്ലി പെൺകുട്ടിയാണ്. 2005 ൽ കേരളാഹൈക്കോടതിയുടെ കുപ്രസിദ്ധവിധി വന്നപ്പോൾ. അവൾ ഇതുതന്നെ ആവർത്തിച്ചു, 2007ൽ പി.ജെ കുര്യനെതിരായ സ്വകാര്യ അന്യായത്തിന്മേൽ തീർപ്പുണ്ടായപ്പോൾ "ഹൈക്കോടതിയിൽ ഞാൻ നേരിട്ടു തുറന്നു പറയാൻ തയ്യാറാണ്. അവരെന്നെ വിസ്തരിക്കട്ടെ." എന്റെ 'അന്യായങ്ങൾ' എന്ന പുസ്തകത്തിൽ ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. (പു.34.46).

ഇത് ഒരു സൂര്യനെല്ലി പെൺകുട്ടിയുടെ മാത്രം കാര്യമല്ല. കീഴ്ക്കോടതികളുടെ വിധി ഇരക്കനുകൂലമായാലും പ്രതികൂലമായാലും കേസു മേൽക്കോടതിയിലെത്തും. മേൽക്കോടതികളിൽ എവിടെയുണ്ട് പരാതിക്കാരികൾ? സർക്കാർ നിയോഗിക്കുന്ന പ്രോസിക്യൂട്ടറാണ് ഇരക്കുവേണ്ടി ഹാജരായി അവളുടെ വാദമുഖങ്ങൾ നിരത്തുക. പ്രോസിക്യൂട്ടർ വേണ്ടരീതിയിൽ വാദിച്ചില്ലെങ്കിൽ എന്തു സംഭവിക്കാമെന്നതിന്റെ കൂടി തെളിവാണ് ജസ്റ്റിസ് ബസന്തിനെപ്പോലൊരാൾ 2005ലെ ഹൈക്കോടതിവിധിയിൽ ഒപ്പിട്ടത്. 2013ൽ സൂര്യനെല്ലിക്കേസ് വീണ്ടും ഉയർന്നു വന്നപ്പോൾ അദ്ദേഹം പ്രസ്തുതവാദമുഖങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് വിവാദാസ്പദവും നീതിരഹിതവുമായ പ്രസ്താവനകൾ ഇരക്കു നേരെ ഉയർത്തി. തന്റെ ഒപ്പിൽ ഉറച്ചുനിൽക്കാനും വർഷങ്ങൾക്കുശേഷവും അതു വിളിച്ചുപറയാനും അദ്ദേഹത്തിനീ സന്ദർഭത്തിലും ധൈര്യം വന്നത് അന്നത്തെ പ്രോസിക്യൂഷന്റെ

പിൻതുണയുണ്ടായതുകൊണ്ടുമാണ്. വിധികർത്താക്കൾ പിന്തിരിപ്പന്മാരോ അനീതിക്കാരോ ആയിരിക്കുന്നതിനേക്കാൾ അപകടകരമാണ് ഇരകളോട് കരുണയില്ലാത്ത പ്രോസിക്യൂഷൻ. ഇരക്കനുകൂലമായ കോട്ടയം സ്പെഷ്യൽ കോടതി വിധിയെ വളരെ എളുപ്പത്തിൽ മറികടക്കാൻ സഹായകമായത് പ്രോസിക്യൂഷന്റെ നിലപാടായിരുന്നുവെന്നുകൂടി നാം മനസ്സിലാക്കേണ്ടി വരുന്നു. സൂര്യനെല്ലിക്കേസിലെ സ്പെഷ്യൽ പ്രോസിക്യൂട്ടർ സ്ഥാനത്തുനിന്ന് ജനാർദ്ദനക്കുറുപ്പിനെ മാറ്റുവാനുണ്ടായ സാഹചര്യം പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും. (ജനാർദ്ദനക്കുറുപ്പിന്റെ 'എന്റെ ജീവിതം' , പു.536,537).

വക്കീലന്മാർക്കും ജഡ്ജിമാർക്കും വേണ്ടിയുള്ള വാദമുഖങ്ങളല്ല ഞാൻ നിരത്തുന്നത്. മേൽക്കോടതികളിൽ എത്തുന്ന സ്ത്രീപീഡനക്കേസുകളിലെ ഇരകളുടെ അദൃശ്യതയാണ് സൂചിപ്പിക്കുന്നത്. ഇതുകൂടാതെ മേൽക്കോടതികളിൽ കേസ് വിചാരണക്കെടുക്കുന്നത് എത്രയോ വർഷങ്ങൾക്കു ശേഷമാണ്. ഇതിനിടയിൽ ജഡ്ജിയേക്കാളേറെ പ്രോസിക്യൂട്ടർ സ്വാധീനിക്കപ്പെടാം. തെറ്റിദ്ധരിക്കപ്പെടാം. ഇനിയഥവാ ഏറെക്കാലം മുമ്പ് ഏറ്റെടുത്ത കേസിൽ അയാളുടെ ആവേശം പലകാരണങ്ങളാൽ ശമിച്ചുപോയെന്നും വരാം.

***പ്രമാദമായ കേസുകളിൽ മേൽക്കോടതികളിൽ നേരിട്ടെത്തി വാദമുഖങ്ങൾ അവതരിപ്പിക്കാനും വിചാരണ ചെയ്യപ്പെടാനും ഇരകൾക്ക് സാധിക്കണം. അതിനുതകുന്ന രീതിയിൽ നമ്മുടെ മേൽക്കോടതി നടപടികൾ മാറേണ്ടതുണ്ട്.***

ഇരകൾക്കും ഇതെല്ലാം സംഭവിക്കാം. വർഷങ്ങളോളം കേസിൽ ഉറച്ചു നിന്ന വിതുരാപെൺകുട്ടി വിവാഹാനന്തരം തനിക്ക് കേസ് വേണ്ടെന്ന് അറിയിച്ചത് ഓർക്കുക. ഐസ്ക്രീം പാർലർ കേസിൽ എന്തൊക്കെ സംഭവിച്ചു എന്നും നാം കണ്ടതാണ്. പക്ഷേ ഇത്തരം പ്രതികൂലാവസ്ഥകൾക്കിടയിലും ഇരകൾ മേൽക്കോടതികളിൽ നേരിട്ടെത്തി രഹസ്യവിചാരണ ചെയ്യപ്പെടാനുള്ള സാധ്യത ഉണ്ടായിരുന്നെങ്കിൽ കേരളത്തിലെ സ്ത്രീപീഡനക്കേസുകളിലെ മേൽക്കോടതി അനുഭവങ്ങൾ ഈവിധമായിരിക്കില്ലെന്ന് തീർച്ച.

പ്രമാദമായ കേസുകളിൽ മേൽക്കോടതികളിൽ നേരിട്ടെത്തി വാദമുഖങ്ങൾ അവതരിപ്പിക്കാനും വിചാരണ ചെയ്യപ്പെടാനും ഇരകൾക്ക് സാധിക്കണം. അതിനുതകുന്ന രീതിയിൽ നമ്മുടെ മേൽക്കോടതി നടപടികൾ മാറേണ്ടതുണ്ട്. അതിവേഗപ്രത്യേകകോടതികൾ സ്ഥാപിച്ചുകൊണ്ട് സ്ത്രീപീഡനക്കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന്റെ ആവശ്യകത സ്ത്രീപ്രവർത്തകർ പലതവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം അതിവേഗ പ്രത്യേകകോടതികളുടെ വിധി പ്രതികളെ സംബന്ധിച്ചിടത്തോളം അന്തിമമാകണമെന്ന് വ്യവസ്ഥ ചെയ്യാവുന്നതുപോലുമാണ്. കാരണം ഇക്കാര്യത്തിലിപ്പോൾ അപരാധികൾ മുഴുവൻ രക്ഷപ്പെട്ടുകൊണ്ടിരിക്കുകയും നിരപരാധിനിയായ ഇര ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഇംഗ്ലണ്ടിലെ സ്ത്രീപുരുഷബന്ധങ്ങളുടെ സ്വഭാവമല്ല ഇന്ത്യയിലെ സ്ത്രീപുരുഷബന്ധങ്ങൾക്ക്. അതുകൊണ്ട് തന്നെ ഇംഗ്ലീഷുകാരുടെ ചിട്ടകളെ ഇന്ത്യൻ കോടതികൾ മറികടക്കാൻ വൈകിയിരിക്കുന്നു. സ്ത്രീപീഡനക്കേസ്സുകളുടെ കാര്യത്തിലെങ്കിലും ഇന്ത്യൻ കോടതികളിലെ, പ്രത്യേകിച്ച് മേൽക്കോടതികളിലെ നടപടിക്രമങ്ങൾ ഇരകൾക്കനുകൂലവും ജനാധിപത്യപരവുമായി സംസ്ക്കരിക്കപ്പെടേണ്ടതുണ്ട്. ●





എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ താല്പര്യമുണ്ട്.

| കാലയളവ് | അടക്കേണ്ട തുക | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............................. |

ഇതിനോടൊപ്പം Rs......................................DD/MO അയക്കുന്നു. എന്ന്..................................................

മേൽവിലാസം..........................................................................................................................

..........................................................................................................പിൻ...............................

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



അഭിമുഖം

### എന്തുകൊണ്ട് അവൾ

# രക്ഷപ്പെട്ടില്ല ?

(സൂര്യനെല്ലി പെൺകുട്ടിയുമായി ഗീത നടത്തിയ കൂടിക്കാഴ്ചയുടെ പ്രസക്തഭാഗങ്ങൾ കേന്ദ്രീകരിച്ചു തയ്യാറാക്കിയത്)

**സ്വകാര്യക്കാരുടെ** തേയിലക്കാടുകൾ, ഇടക്കിടക്കു സ്വാഭാവിക വനം. ഇപ്പോൾ റിസോർട്ടായി വേഷം മാറിയിരിക്കുന്ന ഒരിടതുപക്ഷ കക്ഷിയുടെ പാർട്ടി ഓഫീസ്. ടാറ്റായുടെ തേയില മൊത്തമായും ചില്ലറയായും വിൽക്കുന്ന കമ്പനി ഔട്ട്ലെറ്റുകൾ. മൂന്നാർ മലമടക്കുകളിലെ പാതകൾ നീർത്തി നീർത്തി ദേവികുളത്തേക്ക്. അവിടെ നിന്നു ചിന്നക്കനാൽ, പിന്നെ സൂര്യനെല്ലി. അതെ, വർത്തമാനകേരളത്തിന്റെ സംസ്കാര ഭൂപടത്തിൽ ഇടംപിടിച്ച സൂര്യനെല്ലി. സുദീർഘമായ ഒമ്പതുവർഷത്തെ ചെറുത്തുനിൽപ്പു സമരത്തിന്റെ അടയാളം.

കോഴിക്കോട്ടുള്ള റജീനയുടെ മൊഴിമാറ്റങ്ങൾ, കൊട്ടിയത്തെ ഷൈനിയുടെ ദയനീയമായ കരച്ചിൽ ഇവയൊക്കെ മലയാളിയുടെ നിത്യജീവിതത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുമ്പോൾ വീണ്ടും സൂര്യനെല്ലി സംഭവം ഉയർന്നുവരുന്നു. നിയമചരിത്രത്തിൽ ഒരു നാഴികക്കല്ലായ കോട്ടയം സ്പെഷ്യൽ കോടതി വിധിന്യായത്തിന്റെ പകർപ്പു പോലും ഇതുവരെ പെൺകുട്ടിയുടെ അച്ഛനു കിട്ടിയിട്ടില്ല. തരാമെന്നു പറഞ്ഞു വിളിപ്പിച്ച് അവിടെ ചെന്നപ്പോൾ അതെവിടെയോ കാണാനില്ലെന്നായിരുന്നുവത്രെ പ്രോസിക്യൂട്ടർ പറഞ്ഞത്! ഹൈക്കോടതി വിധി പുറത്തു വന്നപ്പോൾ അദ്ദേഹം ആഗ്രഹിക്കുന്നു- സുപ്രീംകോടതിയിൽ ഒരപ്പീലെങ്കിലും കൊടുത്തിടണം. എന്നാൽ അദ്ദേഹത്തിനിപ്പോൾ ആശങ്കയുമുണ്ട്- അവിടെയും വിധി തങ്ങൾക്കെതിരാകുമോയെന്ന് 'അനുകൂലമായ വിധിന്യായം കേട്ടിട്ട് മരിക്കാൻ പറ്റിയെങ്കിൽ!' സാധാരണക്കാരന് കോടതികളിൽ വിശ്വാസം നഷ്ടപ്പെടുകയാണെന്നാണോ ഇദ്ദേഹത്തിന്റെ നിരാശയുടെയും ആശങ്കകളുടെയും പൊരുൾ?

സൂര്യനെല്ലിപ്പെൺകുട്ടിയെപ്പറ്റി നാം വളരെയേറെ കേട്ടുകഴിഞ്ഞു. എന്നാലിപ്പോഴും നമുക്കിവളുടെ പേരറിയില്ല. മുഖമറിയില്ല. അതെ എന്തിനറിയണം? ഇവൾക്കു നമ്മുടെ തന്നെ ഛായയാണ്. എന്നാലിവൾക്ക് സ്വന്തം അനുഭവങ്ങളെപ്പറ്റി എന്തു പറയാനുണ്ടെന്നു ഇനിയെങ്കിലും നമ്മളറിഞ്ഞേ പറ്റൂ. ഇവൾ നമ്മുടെ മകളാണ് ഇവളെ നമുക്കു ഹൃദയം കൊണ്ട് തൊട്ടറിയുക.

*സൂര്യനെല്ലിപ്പെൺകുട്ടി സ്വന്തം കഥ ഇങ്ങനെ തുടരുന്നു.*

വണ്ടിയിൽ വെച്ചു കണ്ട പരിചയമായിരുന്നു രാജുവിനോട്. അയാൾക്കു വീട്ടിൽ വലിയ ബുദ്ധിമുട്ടാണെന്നു പറഞ്ഞു. അച്ഛനും

*സൂര്യനെല്ലിപ്പെൺകുട്ടിയെപ്പറ്റി നാം വളരെയേറെ കേട്ടുകഴിഞ്ഞു. എന്നാലിപ്പോഴും നമുക്കിവളുടെ പേരറിയില്ല. മുഖമറിയില്ല. അതെ എന്തിനറിയണം? ഇവൾക്കു നമ്മുടെ തന്നെ ഛായയാണ്. എന്നാലിവൾക്ക് സ്വന്തം അനുഭവങ്ങളെപ്പറ്റി എന്തു പറയാനുണ്ടെന്നു ഇനിയെങ്കിലും നമ്മളറിഞ്ഞേ പറ്റൂ.*

അമ്മക്കും സുഖമില്ല. പിന്നെ പെങ്ങളുടെ കാര്യങ്ങളുണ്ട്. ആകെക്കൂടെ വലിയ വിഷമമാണ്. മരുന്ന് വാങ്ങാനൊന്നും കഴിയുന്നില്ല. അയാളോടു പാവം തോന്നി. അങ്ങനെ ആദ്യമൊക്കെ ഇഷ്ടമായി. പൈസ ചോദിക്കുമായിരുന്നു. ഹോസ്റ്റൽ ഫീസുവരെ കൊടുത്തിട്ടുണ്ട്. പിന്നെപ്പിന്നെ സ്വഭാവം മാറി. പേടിയായിത്തുടങ്ങി. ഒരാൽബം അയാളുടെ കയ്യിൽപ്പെട്ടിരുന്നു. വിളിച്ചിട്ടു ചെന്നില്ലെങ്കിൽ പപ്പായുടെ ഉദ്യോഗസ്ഥലത്തു പടം ഒട്ടിക്കുമെന്നു പറഞ്ഞു. കല്യാണം കഴിക്കാൻ ചെല്ലണമെന്നു പറഞ്ഞു. മമ്മായുടെ സാരി എടുപ്പിച്ചു. അയാളോടൊപ്പം പോയത് 1996 ജനുവരി 16ന് ആയിരുന്നു. ബസ്സിൽ കയറ്റിയിരുത്തി രണ്ടു ടിക്കറ്റെടുത്ത് ഒന്നു കയ്യിൽ തന്നു. കോതമംഗലത്ത് എത്തി നോക്കിയപ്പോൾ ആളെ കാണാനില്ല. എവിടെയാണ് ഇറങ്ങിപ്പോയതെന്ന് അറിയില്ല.

കോതമംഗലത്തിറങ്ങി തിരിച്ചുപോരാൻ പറ്റില്ല. കോട്ടയത്തിനു പോയാൽ മമ്മായുടെ വീട്ടിലെത്താമെന്നു വിചാരിച്ചു. കോട്ടയം ബസ്സിൽ കയറി. കോട്ടയത്തിറങ്ങുമ്പോൾ രാത്രി നല്ലപോലെ വൈകിയിരുന്നു ഇരുട്ട്. പേടിതോന്നി. അടിമാലി മുതൽ കോട്ടയം വരെ ഒരു സ്ത്രീ കൂടെയുണ്ടായിരുന്നു. അവർ അടുത്തുവന്ന് പരിചയഭാവത്തിൽ ചോദിച്ചു. '.....യെന്നല്ലേ പേര്? അറിയാം.' രാജു എന്നെ വിളിക്കുന്ന പേരും അവർ പറഞ്ഞു. ഇനി ആരു ചോദിച്ചാലും ആ പേരു പറഞ്ഞാൽ മതിയെന്നു പറഞ്ഞു. വയസ്സു പതിനെട്ടാണെന്നും കോളേജിൽ പഠിക്കുകയാണെന്നും പറയണം. ആ സ്ത്രീയുടെ പേര് ഉഷ എന്നായിരുന്നു.

ഞങ്ങൾ കോട്ടയം ബസ്സ്റ്റാൻഡിൽ നിൽക്കുമ്പോൾ ഒരാൾ വന്നു. അയാളുടെ പേര് ധർമ്മരാജൻ എന്നായിരുന്നു. മമ്മായുടെ വീടറിയാമെന്നും അവിടെ കൊണ്ടുചെന്നാക്കാമെന്നും പറഞ്ഞു. എന്നെ അവിടെ ഏൽപ്പിച്ച് ഉഷ പോയി. മുണ്ടക്കയത്തിന് ഇനി പുലർച്ചയേ ബസ്സുള്ളൂ എന്ന് അയാൾ പറഞ്ഞു. കോട്ടയം സ്റ്റാൻറിനടുത്തുള്ള ഹോട്ടലിലേക്ക് കൊണ്ടുപോയി...'

സൂര്യനെല്ലിക്കേസ് ഇവിടെയാണ് തുടങ്ങുന്നത്. രാജു ഇവളെ വിളിച്ചിരുന്ന പേര് എങ്ങനെ ഉഷ അറിഞ്ഞു? ഉഷ പെൺകുട്ടിയോടൊപ്പം ബസ്സിൽ സഞ്ചരിക്കുകയും കോട്ടയം ബസ്സ്റ്റാന്റിൽ ധർമ്മരാജൻ രക്ഷക രൂപത്തിൽ എത്തിച്ചേരുകയും ചെയ്തതെങ്ങനെ? വളരെയധികം ആസൂത്രിതമായ വലനെയ്ത്തായിരുന്നു അതെന്ന് സംഭവത്തിന്റെ തുടക്കം തന്നെ വ്യക്തമാക്കുന്നു.

ഇപ്പോൾ രാജുവിനെപ്പറ്റി എന്തു തോന്നുന്നു?

കേസൊക്കെ ആയപ്പോൾ പാർട്ടിക്കാരെവെച്ച് ഒരു മണിക്കൂറിനുള്ളിൽ രാജു പുറത്തിറങ്ങിയെന്ന് പപ്പാ പറഞ്ഞു. അടിമാലിയിൽ വെച്ച് അന്ന് കണ്ടതിനു ശേഷം പിന്നെ കണ്ടത് കോടതിയിൽ വെച്ചായിരുന്നു. കാണുമ്പോഴും ഓർക്കുമ്പോഴും ഇപ്പോൾ ദേഷ്യവും വെറുപ്പുമാണ്....

ഹൈക്കോടതി വിധി വന്ന അന്ന് രാജു പാർട്ടി നടത്തി ആഘോഷിച്ചതായി കേട്ടെന്ന് പെൺകുട്ടിയുടെ അമ്മ പറഞ്ഞു.

***പെൺകുട്ടിയുടെ സമ്മതത്തോടെയായിരുന്നു കാര്യങ്ങൾ നടന്നതെന്ന് വിലയിരുത്തിക്കൊണ്ട് പ്രതികളെ ബഹു. ഹൈക്കോടതി വെറുതെവിട്ടതായി മാധ്യമങ്ങളിൽ കാണുന്നു. എങ്ങനെയായിരുന്നു ഇക്കാര്യങ്ങളെ ഇവൾ സമ്മതിച്ചതെന്ന് നമ്മളന്വേഷിക്കേണ്ടതുണ്ട്.***

ഇക്കാര്യത്തെപ്പറ്റി മോൾക്ക് കൂടുതലെന്തെങ്കിലും പറയാനുണ്ടോ?

അന്നൊന്നും വിവരവും ആലോചനയും ഇല്ലായിരുന്നു. ഇപ്പോൾ ചിന്തിക്കാൻ കഴിയുന്നുണ്ട്. എല്ലാം നല്ലപോലെ ആലോചിക്കണം. പപ്പായോടും മമ്മായോടും പറയണം. എനിക്ക് പറ്റിയത് ഇനിയൊരാൾക്ക് പറ്റരുത്.

കഴിഞ്ഞ പത്തുവർഷത്തിനിടയിൽ നമ്മുടെ കാമ്പസുകളിൽ നിന്ന് ആത്മാർത്ഥമായ പ്രണയം അപ്രത്യക്ഷമായതിനെ ചൊല്ലി വേവലാതിപ്പെടുന്നവർക്കുള്ള ഉത്തരം കൂടിയാകുന്നു ഇത്. ഇതിനൊരുവൾ കൊടുക്കേണ്ടി വന്ന വില സ്വന്തം സ്വപ്നങ്ങളും ജീവിതം തന്നെയുമായിരുന്നു. പെണ്ണിന് ആണിനെ വിശ്വസിക്കാൻ കഴിയാതാകുന്നതിന്റെ ദുരന്തം പ്രണയത്തിന്റെ പരാജയസ്ഥാനമാകുന്നു.

പെൺകുട്ടിയുടെ സമ്മതത്തോടെയായിരുന്നു കാര്യങ്ങൾ നടന്നതെന്ന് വിലയിരുത്തിക്കൊണ്ട് പ്രതികളെ ബഹു. ഹൈക്കോടതി വെറുതെവിട്ടതായി മാധ്യമങ്ങളിൽ കാണുന്നു. എങ്ങനെയായിരുന്നു ഇക്കാര്യങ്ങളെ ഇവൾ സമ്മതിച്ചതെന്ന് നമ്മളന്വേഷിക്കേണ്ടതുണ്ട്.

*കോട്ടയത്തെ ഹോട്ടൽ മുറിയിൽ കൊണ്ടുവന്ന ശേഷം ധർമ്മരാജൻ മോളെ എന്താണ് ചെയ്തത്?*

കുറേക്കഴിഞ്ഞപ്പോൾ അയാൾ ഉപദ്രവിക്കാൻ തുടങ്ങി. തടയാൻ ശ്രമിച്ചപ്പോൾ കൈപിടിച്ച് തിരിച്ചു. കൊങ്ങക്ക് പിടിച്ചു. പറയുന്നതുപോലെ ചെയ്തില്ലെങ്കിൽ കൊന്നു കളയുമെന്നു പറഞ്ഞു. പപ്പായേയും മമ്മായേയും കൊല്ലുമെന്നു പറഞ്ഞു. അടികൊണ്ട് ഞാൻ തളർന്നു. അയാളെന്നെ നല്ലവണ്ണം ഉപദ്രവിച്ചു...

പിന്നെ എറണാകുളത്തേക്കും കുമിളിക്കുമൊക്കെ കൊണ്ടുപോയി. എന്റെ വായ്ക്കകത്ത് ബലമായി വെള്ളപ്പൊടി തേച്ചുതരുമായിരുന്നു. അപ്പോൾ മയക്കം വരും. എന്റെ കൈരണ്ടും പുറകോട്ട് കെട്ടിവെച്ച് വായിൽ ബ്രാണ്ടി ഒഴിക്കും. അധികം ഇതൊക്കെ ചെയ്തത് ധർമ്മരാജനും ജമാലുമായിരുന്നു. പിന്നെ നന്നായി അടിക്കുകയും വേദനിപ്പിക്കുകയും ചെയ്തു. എപ്പോഴും തളരും. തളർന്ന് ഉറങ്ങിപ്പോയാൽ വിളിച്ചു

ണർത്തി ഉപദ്രവിക്കും. ബാത്ത്റൂമിൽ കയറി ഒളിച്ചിരുന്നിട്ടും ഞാൻ രക്ഷപ്പെട്ടില്ല. അവരെന്നെ തെറിവിളിക്കുകയും അടിക്കുകയും ചവിട്ടുകയും ഒക്കെ ചെയ്തു. അവർ പുറത്തുപോകുമ്പോൾ മുറി പുറത്തു നിന്നു പൂട്ടും. എറണാകുളം, തേനി, കന്യാകുമാരി, തിരുവനന്തപുരം ഒക്കെ എന്നെ കൊണ്ടുപോയി. വലിയ ഹോട്ടലുകളിലും ഒഴിഞ്ഞ വീടുകളിലും കൊണ്ടുപോയി. കുമിളിയിൽ പലതവണ കൊണ്ടുപോയി. അവിടെയാണ് 'ബാജി' വന്നത്. കൊങ്ങക്കു പിടിച്ചു നോവിച്ച് ബലം ഉപയോഗിച്ചാണ് അയാളെന്നെ ഉപദ്രവിച്ചത്.

മോൾക്ക് ഭക്ഷണമോ പൈസയോ തന്നിരുന്നോ?

പൈസയോ? അവർക്ക് പൈസ കിട്ടിയോ എന്നെനിക്ക് അറിയില്ല. രണ്ടുമൂന്നുദിവസം കൂടുമ്പോൾ ഒരു നേരം ഭക്ഷണം തരുമായിരുന്നു.

അവരുടെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചില്ലേ?

പറഞ്ഞറിയിക്കാൻ മേലാത്ത ഒരവസ്ഥയായിരുന്നു എന്റേത്. എന്റടുത്ത് വന്നവരോടൊക്കെ ഞാൻ പറഞ്ഞു, എന്റെ പപ്പാ മൂന്നാർ പോസ്റ്റോഫീസിലാണെന്ന്. മമ്മാ ആശുപത്രിയിലെ നഴ്സാണെന്ന്. ഞാൻ ഇന്ന സ്ഥലത്തെ വീട്ടിലെ ആളാണെന്ന് വന്നവരോടൊക്കെ പറഞ്ഞു കൊണ്ടേയിരുന്നു. ആരും എന്നെ രക്ഷിച്ചില്ല... എല്ലാവരും വന്ന് ഉപദ്രവിച്ചിട്ടു പോയി. ഒരു പ്രൊഫസർ മാത്രം എന്നെ ഒന്നും ചെയ്തില്ല. എന്നെക്കണ്ട് അയാൾ തിരിച്ചുപോയി. അയാൾ എന്നെ ഉപദ്രവിച്ചില്ലെന്ന് പോലീസിനോട് പറഞ്ഞെങ്കിലും അവർ അയാളുടെ പേരും പ്രതിപ്പട്ടികയിൽ ചേർത്തു.

റൂമിൽ നിന്ന് എന്നെ വെളിയിലിറക്കിയതേയില്ല. ബസ്സിൽ കൊണ്ടുപോയപ്പോൾ കുനിച്ചിരുത്തി. ഒരു തവണയെ ബസ്സിൽ കൊണ്ടുപോയുള്ളൂ. അധികവും കാറിലാണ് കൊണ്ടുപോയത്. വെളുപ്പിനും വൈകുന്നേരത്തുമായിരുന്നു മിക്കവാറും യാത്ര.

അവരെങ്ങോട്ടൊക്കെയോ കൊണ്ടുപോയി.... വൈകുന്നേരം എവിടെയോ കിടത്തി.... പിന്നെയും പിന്നെയും ഉപദ്രവിച്ചു. എപ്പോഴും പേടിയായിരുന്നു. നല്ല തളർച്ചയും ഉണ്ടായിരുന്നു. എതിർത്തപ്പോഴെല്ലാം കൊല്ലുമെന്നു പറഞ്ഞു. കൊല്ലുന്നവരെ എനിക്ക് പേടിയാണ്... എന്നെ മാത്രമല്ല പപ്പായെയും മമ്മായെയും കൊല്ലുമെന്നവർ പറഞ്ഞു. രക്ഷപ്പെട്ടു വന്നാലും പപ്പായും മമ്മായും ഇല്ലെങ്കിൽ ഞാൻ എന്തുചെയ്യും.

*എങ്ങനെയാണ് വീട്ടിൽ മടങ്ങിയെത്തിയത്.*

ഏലപ്പാറയിൽ ജമാലിന്റെ വീട്ടിൽ കൊണ്ടുപോയി. അവിടെ എത്തിയപ്പോഴേക്ക് എനിക്ക് തീരെ വയ്യാതായിരുന്നു. ക്ഷീണവും പനിയും വേദനയും തുടങ്ങിയിട്ട് കുറേയായിരുന്നു. എനിക്ക് നിൽക്കാനും ഇരിക്കാനും കിടക്കാനും നടക്കാനുമൊന്നും വയ്യാതായി. മൂത്രം പോയിരുന്നില്ല. ഭയങ്കര വേദന. ബാക്ക് വേദനിച്ചിരുന്നു. ഞാൻ മരിച്ചു പോകുമെന്ന് തോന്നി. വീട്ടിലെത്താമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടു. ഏലപ്പാറയിലെ തമിഴൻ ഡോക്ടറെയാണ് കാണിച്ചത്. ഡോക്ടറോടൊന്നും പറയരുതെന്ന് നേരത്തെ അവർ പറഞ്ഞിരുന്നു. ഡോക്ടർ പരിശോധിക്കുമ്പോൾ അവരെപ്പോഴും കൂടെനിന്നു. അപ്പോൾ വയറ്റീന്ന് പോകുന്നില്ല എന്നു

***എനിക്ക് തീരേ വയ്യായിരുന്നു. വിട്ടേക്കാമെന്നു അവർക്കും തോന്നിയിരിക്കാം. തിരിച്ചെത്താമെന്ന ഉറപ്പിലാണ് എന്നെ വിട്ടത്. കോട്ടയത്തു നിന്ന് രാത്രി മുവാറ്റുപുഴ കൊണ്ടുവന്നു. പുലർച്ചക്ക് അവിടെ നിന്നും മൂന്നാറിലേക്ക് പോന്നു. പപ്പാ ജോലി ചെയ്യുന്ന പോസ്റ്റാഫീസിലെത്തി. അന്ന് ഫെബ്രുവരി 26 ആയിരുന്നു.***

മാത്രം ഞാൻ ഡോക്ടറോട് പറഞ്ഞു. എനീമ തന്നു. എന്തോ രണ്ടുമൂന്നു ഗുളികയും തന്നു. വേറെ ആശുപത്രിയിൽ കാണിക്കാൻ പറഞ്ഞു. അഡ്മിറ്റാക്കാതെ അവിടെ നിന്ന് ഡിസ്ചാർജ് വാങ്ങി എന്നെ കൊണ്ടുപോയി. അന്നു രാത്രി പോലും അവരെന്നെ ഉപദ്രവിച്ചു.... നാലുപേർ...

എനിക്ക് തീരേ വയ്യായിരുന്നു. വിട്ടേക്കാമെന്നു അവർക്കും തോന്നിയിരിക്കാം. തിരിച്ചെത്താമെന്ന ഉറപ്പിലാണ് എന്നെ വിട്ടത്. കോട്ടയത്തു നിന്ന് രാത്രി മുവാറ്റുപുഴ കൊണ്ടുവന്നു. പുലർച്ചക്ക് അവിടെ നിന്നും മൂന്നാറിലേക്ക് പോന്നു. പപ്പാ ജോലിചെയ്യുന്ന പോസ്റ്റാഫീസിലെത്തി. അന്ന് ഫെബ്രുവരി 26 ആയിരുന്നു.

ഇതിലെവിടെ ചികഞ്ഞാലാണ് പെൺകുട്ടിയുടെ 'സമ്മതം' കിട്ടുക. തെരുവുകളിലെ 'അനുവാദത്തോടെയുള്ള ലൈംഗികവേഴ്ച'യെ കുട്ടി പറഞ്ഞത് 'ഉപദ്രവിച്ചു' എന്നായിരുന്നു. ഈ കൂടിക്കാഴ്ചയിൽ അവൾ ആ വാക്കുമാത്രമേ ഉപയോഗിക്കുന്നുണ്ടായിരുന്നുള്ളൂ. രക്ഷപ്പെടാൻ ശ്രമിച്ചില്ലെന്ന് വിധിച്ചവർ അവളുടെ അമ്മയുടെ വാക്കുകൾ കൂടി ഒന്നു ശ്രദ്ധിക്കട്ടെ. 'വിസമ്മതമോ? തിരിച്ചെത്തിയപ്പോൾ എന്റെ കൊച്ചിനെ ഒന്നു കാണേണ്ടതായിരുന്നു. അത് ഞങ്ങൾ മാത്രമല്ലേ കണ്ടുള്ളൂ...'

ബഹു. കേരളഹൈക്കോടതിയിൽ വിചാരണ നടന്നകാര്യം പത്രത്തിൽ വിധി വന്നതിനുശേഷം മാത്രമേ അറിഞ്ഞുള്ളൂ എന്ന് പെൺകുട്ടിയുടെ അച്ഛൻ പറയുന്നു. ഇതേപ്പറ്റി ചോദിച്ചു തുടങ്ങുമ്പോൾ പെൺകുട്ടിയുടെ ഭാവം പകരുന്നു.

ഹൈക്കോടതി വിധി വന്നത് മോളറിഞ്ഞുവോ?

ആ വിധി വന്ന ശേഷം ആളുകളുടെ മുഖത്തു നോക്കാൻ തീരേ പറ്റാതായി. അതിനുശേഷം ആരും എന്റെ മുഖം കാണുന്നത് ഇഷ്ടപ്പെടുന്നില്ല. കുറേ പേർക്ക് എന്നോട് മിണ്ടാൻ പേടിയാണ്. എന്നോട് മിണ്ടരുതെന്ന് വീട്ടിൽ നിന്ന് പറഞ്ഞുവിട്ടുകാണും. ഫ്രണ്ട്സ് അധികം ഇല്ല. ഉള്ളവർ ഇപ്പോൾ എന്നോട് മിണ്ടുന്നില്ല. പള്ളീല് പോകും. ആപ്പീസിൽ പോയി

ത്തുടങ്ങി. ബാക്കി നേരം വീട്ടിൽ തന്നെയാണ്. എങ്ങോട്ടും പോകാനില്ല. സ്വന്തക്കാരൊക്കെ മുമ്പേ ഒറ്റപ്പെടുത്തി. ചേച്ചിക്കു കൂടി ഞാൻ ബുദ്ധിമുട്ടായി....

*കോടതി വിധിയെപ്പറ്റി എന്താണ് മോൾക്ക് പറയാനുള്ളത്?*

ബഹു.ഹൈക്കോടതി എന്നെക്കൂടി വിചാരണ ചെയ്യട്ടെ. പ്രതികൾക്ക് പറയാനുള്ളത് മാത്രമേ കോടതി കേട്ടുള്ളൂ. അവരെന്നെ കേട്ടില്ല. നാൽപത്തിയൊന്നു ദിവസം ഞാൻ സഹിച്ച വേദനകൾ ഹൈക്കോടതിയിലും ഏതു കോടതിയിലും വന്നുനിന്നു പറയാൻ ഞാൻ തയ്യാറാണ്. സ്പെഷ്യൽ കോടതിയിൽ ഞാനതൊക്കെ പറഞ്ഞതുകൊണ്ടാണ് കുറച്ചെങ്കിലും നീതികിട്ടിയത്.

പ്രതികളിൽ ചിലരെ ഞാൻ സ്പെഷ്യൽ കോടതിയിൽ വെച്ച് തിരിച്ചറിഞ്ഞില്ല. അവരൊക്കെ മുഖം മീശയും മറ്റും മാറ്റിയാണ് വന്നിരുന്നത്. എന്നെ ഉപദ്രവിച്ച ബാജിയുടെ പേര് പ്രതിസ്ഥാനത്ത് ചേർത്തിട്ടില്ല. ഒരു വലിയ പോലീസ് ഉദ്യോഗസ്ഥൻ അന്നു തന്നെ അയാൾക്കു വേണ്ടി പറഞ്ഞു. അയാൾ ഞാൻ പറഞ്ഞ ദിവസം കുമിളിയിൽ വരാൻ സാധ്യതയില്ലെന്ന് പോലീസ് പറഞ്ഞു. അയാളെയൊക്കെ വെറുതെവിട്ടാൽ ഇനിയും ഈ തെറ്റ് ആവർത്തിക്കും. അയാളെപ്പോലുള്ളവർ അധികാരത്തിലെത്തിയാൽ അത് ദുരുപയോഗം ചെയ്യും. അതിന്റെ തെളിവല്ലേ ഹൈക്കോടതി വിധി?

ഈ പെൺകുട്ടിക്ക് കോടതിയുടേയും നിയമത്തിന്റേയും സാങ്കേതികതകൾ അറിയില്ല. എങ്കിലും തനിക്ക് നീതി ലഭിച്ചില്ലെന്ന് അവളറിയുന്നു.

*മുഖം ലോകത്തിനു മുമ്പാകെ കാണിക്കാൻ താത്പര്യമുണ്ടോ?*

ഇല്ല. ആരും എന്റെ മുഖം കാണുന്നത് എനിക്കിഷ്ടമല്ല.

ഞാനത് ഇഷ്ടപ്പെടുന്നില്ല. പേടിയാണ്.

*ഒരു വിവാഹജീവിതം ആഗ്രഹിക്കുന്നുവോ?*

പേടിയാണ്. എല്ലാവരുടേയും സ്വഭാവം എപ്പോഴാണ് മാറുന്നതെന്ന് പറയാൻ പറ്റില്ലല്ലോ? നാട്ടുകാർ പറയുന്നതു കേട്ട് അയാൾക്കെന്തെങ്കിലും തോന്നിയാലോ?

അതൊക്കെയോർക്കുമ്പോൾ എന്തെങ്കിലും കടുംകൈ ചെയ്യാൻ തോന്നും.

*ഒരു കുഞ്ഞുണ്ടാകുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?*

ഇപ്പോൾ എല്ലാം പേടിയാണ്. കൊച്ചുണ്ടായാൽ നിന്റെ അമ്മ ഇങ്ങനെയൊക്കെയായിരുന്നവെന്ന് എല്ലാവരും അതിനോട് പറയില്ലേ? എന്റെ കുട്ടിക്കും ഇങ്ങനെ വരില്ലെന്നതിന് എന്താണൊരുറപ്പ്?

*പെൺകുട്ടികളോട് എന്തെങ്കിലും പറയാനുണ്ടോ?*

ഇത് എന്റെ മാത്രം പ്രശ്നമല്ല. എല്ലാ പെൺകുട്ടികൾക്കും സംഭവിക്കാം.

ഇവളുടെ ഈ തിരിച്ചറിവുകൾ കേരളത്തിലെ പൊതുസമൂഹത്തിന്റെ ഗുണമോ ദോഷമോ നമ്മുടെ ഭാഗ്യനിർഭാഗ്യമോ.

**(ഗീതയുടെ 'അന്യായങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്)**

●


അഭ്യർത്ഥന

# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

**ഇരുപത്തിയെട്ട്** ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതുവില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഈ മാസികയോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, നിങ്ങളുടെ 'സംഘടിത' ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



# സ്ത്രീവാദങ്ങളും സ്ത്രീവസ്തുതകളും സമകാലിക കേരളത്തിൽ



കെ.ആർ. ഇന്ദിര

***"അധികാരത്തിന്റെ കേന്ദ്രങ്ങളിൽ നിന്നും ആധികാരിക വ്യവഹാരങ്ങളിൽ നിന്നും സ്ത്രീകൾ ഒഴിവാക്കപ്പെടുന്നത് അക്ഷന്തവ്യവും അന്യായവുമായി വായിക്കപ്പെടുന്ന സന്ദർഭങ്ങളിൽ സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ സാദ്ധ്യതകൾ നാമ്പിടുന്നു."***

**"അധികാരത്തിന്റെ** കേന്ദ്രങ്ങളിൽ നിന്നും ആധികാരിക വ്യവഹാരങ്ങളിൽ നിന്നും സ്ത്രീകൾ ഒഴിവാക്കപ്പെടുന്നത് അക്ഷന്തവ്യവും അന്യായവുമായി വായിക്കപ്പെടുന്ന സന്ദർഭങ്ങളിൽ സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ സാദ്ധ്യതകൾ നാമ്പിടുന്നു."

കേരളത്തിലെ പ്രമുഖയായ ഒരു സമകാലീനസ്ത്രീപക്ഷ എഴുത്തുകാരിയുടെ വാക്യമാണിത്. ഇതിലെ ഘടനാവൈകല്യങ്ങൾ വിഗണിച്ചുകൊണ്ട് അർത്ഥത്തെ മാത്രം പരിഗണിക്കുന്നു ഈ ലേഖനത്തിൽ. സ്ത്രീകൾ അധികാരത്തിൽ നിന്ന് ഇപ്പോഴും ഒഴിവാക്കപ്പെടുന്നുണ്ട്. എങ്കിലും നിരവധി സ്ത്രീകൾ അടുക്കളയിൽ നിന്ന് പുറത്തിറങ്ങി എവിടെയൊക്കെയോ കയറിച്ചെല്ലുന്നുമുണ്ട്. എവിടേക്കാണീ സ്ത്രീകൾ നടന്നുകയറുന്നത്? അവരുടെ ഇന്നലെയും ഇന്നും വ്യത്യസ്തമാണോ?

ഇതേക്കുറിച്ചാലോചിക്കാൻ സ്ത്രീകളുടെ പൊതുപ്രവർത്തനത്തിന്റെ ഭൂതകാലത്തെപ്പറ്റി അറിയേണ്ടതുണ്ടല്ലോ. 19ാം നൂറ്റാണ്ടു മുതലുള്ള സമരചരിത്രമാണ് ഈ വിഷയത്തെക്കുറിച്ച് നമുക്കറിവു നൽകുന്നത്. ചാന്നാർസ്ത്രീകളുടെ മാറുമറയ്ക്കൽ സമരവും കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരവും യഥാക്രമം ദക്ഷിണകേരളത്തിലേയും ഉത്തരകേരളത്തിലേയും 19-ാം ശതകത്തിലെ ആദ്യത്തെ സ്ത്രീമുന്നേറ്റമായി ഗണിക്കാവുന്നതാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാതിയിൽ രൂപപ്പെട്ട കർഷകസമരങ്ങളും സ്വാതന്ത്ര്യസമരങ്ങളും സ്ത്രീകളുടെ സഹനത്താൽ സേവിക്കപ്പെട്ടവയായിരുന്നു. വി.ടി-എം.ആർ.ബി-പ്രേംജി ത്രയ

ത്തിന്റെ നേതൃത്വത്തിൽ അന്തർജ്ജനങ്ങൾ സാമൂഹ്യപരിഷ്കരണത്തിനു വേണ്ടി നടത്തിയ ശ്രമങ്ങൾ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന കർഷകസമരങ്ങൾ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സാമൂഹ്യനവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിലെ സ്ത്രീകളുടെ പങ്കാളിത്തവും അനുഭവവും ഒന്നിനൊന്നു വ്യത്യസ്തമായിരുന്നു.

അമ്പതുകളും അറുപതുകളും മഹിളാസമാജങ്ങളുടെ കാലമായി. മുടി പൊക്കിക്കെട്ടിവെക്കുകയും ഉയരമുള്ള ചെരുപ്പിടുകയും വാനിറ്റിബാഗ് കൈത്തണ്ടയിൽ തൂക്കുകയും ചെയ്ത സ്ത്രീകൾ 'ബഹളാസമാജ' ത്തിൽ കലപില പറയുന്നതായി അന്നത്തെ കാർട്ടൂണിസ്റ്റുകളും സറ്റയറിസ്റ്റുകളും ചിത്രീകരിച്ചു. എഴുപതുകളും എൺപതുകളും തൊണ്ണൂറുകളും കണ്ടത് ആധുനിക ഫെമിനിസ്റ്റ് ചിന്തകൾ സ്വായത്തമാക്കിയ സ്ത്രീസംഘടനകളെയാണ്. പ്രചോദന (തിരുവനന്തപുരം), ബോധന (കോഴിക്കോട്), മാനുഷി (പട്ടാമ്പി), ചേതന (തൃശ്ശൂർ), പ്രബുദ്ധത (കാഞ്ഞങ്ങാട്) തുടങ്ങിയവ അക്കാലത്ത് രൂപം കൊള്ളുകയും പ്രവർത്തിക്കുകയും അസ്തമിക്കുകയും ചെയ്ത സംഘങ്ങളിൽ പ്രമുഖങ്ങളാണ്.

പ്രമുഖരാഷ്ട്രീയപാർട്ടികൾക്കെല്ലാം അന്നും ഇന്നും വനിതാഘടകങ്ങളുണ്ടായിരുന്നിട്ടുണ്ട്. ഇവ വനിതാ മുന്നേറ്റങ്ങളുടെ ഭൂതകാലവേദികൾ.

## സ്ത്രീയുടെ പ്രവർത്തനമേഖലകൾ ഇന്ന്

ഗൃഹസേവനം തന്നെയാണ് അന്നെന്ന പോലെ ഇന്നും സ്ത്രീയുടെ പ്രധാന പ്രവർത്തനമണ്ഡലം. കല, സാഹിത്യം, ഉദ്യോഗം, തൊഴിൽ, രാഷ്ട്രീയം, സന്നദ്ധസേവനം എന്നിവ ഇതരമണ്ഡലങ്ങളും.


ഗൃഹഭരണം എന്ന പദത്തിനു പകരം ഗൃഹസേവനം എന്നു പ്രയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ഗൃഹം എന്നാൽ ഗൃഹത്തിലെ അംഗങ്ങൾ എന്നു വേണം ഗണിക്കാൻ. ഗൃഹനാഥനെ ഭയക്കുകയും മാനിക്കുകയും അനുസരിക്കുകയും സേവിക്കുകയും ചെയ്യുക; മക്കളെ ഭരിക്കുക എന്നതായിരുന്നുവല്ലോ മുൻകാലങ്ങളിൽ ഗൃഹങ്ങളിലെ സ്ത്രീകളുടെ കടമ. എന്നാൽ ആധുനിക അണുകുടുംബങ്ങളിൽ കുഞ്ഞുങ്ങൾ പ്രമുഖരായിരിക്കുന്നതുകൊണ്ട് അവരെ ഭരിക്കാൻ നിവൃത്തിയില്ല. അവരെയും സേവിക്കുകയാണ് സ്ത്രീ ചെയ്യുന്നത്. എന്നാൽ വീടിനകത്ത് തൊഴിലുപകരണങ്ങൾ ആധുനീകരിക്കപ്പെട്ടിട്ടുള്ളതു കൊണ്ട് ജോലിഭാരം കുറഞ്ഞിട്ടുണ്ട്. അതുവഴി ലാഭിക്കുന്ന സമയത്തിലേക്ക് പുതിയ ജോലികളും നേരമ്പോക്കുകളും കയറിവന്നിരിക്കുന്നു. കുട്ടികളെ പഠിപ്പിക്കുക, ടി.വി.കാണുക, ബ്യൂട്ടിപാർലറിൽ പോവുക, ഷോപ്പിങ്ങിനു പോവുക, സാമൂഹ്യസേവനത്തിനിറങ്ങുക എന്നിവയാണ് പുതിയ ജോലികളും നേരമ്പോക്കുകളും. സ്ത്രീകൾ സംതൃപ്തകളും തടിച്ചികളുമാണിന്ന്. 'മെലിഞ്ഞവരെ സൂക്ഷിക്കുക; അവർ അപകടകാരികളാണ്.' എന്ന് ഷെയ്ക്സ്പിയർ ജൂലിയസ് സീസറിൽ താക്കീത് ചെയ്ത് ഓർക്കുക. അതിനർത്ഥം തടിച്ചവരെ ഭയക്കേണ്ടതില്ല എന്നുകൂടിയാണ്. ധനസമൃദ്ധമായ ഒരു സമൂഹത്തിൽ, വയറിന്റെ വിശപ്പു ശമിപ്പിക്കാൻ വേണ്ടി ജോലി ചെയ്യേണ്ടതില്ലാത്ത ഒരു സമൂഹത്തിൽ സ്വാഭാവികമായും അലസത പടരുന്നു. യാത്രികനായിരുന്ന രവീന്ദ്രൻ സ്വിസ് ജനതയെപ്പറ്റി എഴുതി.

'അന്തസ്സിനും ആഹാരത്തിനും വേണ്ടി പൊരുതേണ്ടതില്ലാത്ത ഒരു സമൂഹത്തിന് കർത്തവ്യങ്ങളുണ്ടാകില്ല.' കേരളത്തിലും അതുതന്നെ സംഭവിച്ചിരിക്കുന്നു. ഈ ആലസ്യത്തിൽ നിന്ന് സ്ത്രീകൾക്കും ഒഴിവില്ല.

എങ്കിലും ഗൃഹത്തിനു പുറത്തുള്ള ജീവിതമേഖലകളിലേക്കു കയറിച്ചെല്ലുന്ന സ്ത്രീകൾ ഏറെയുണ്ടീ കേരളത്തിൽ. അവരിൽ ഏറെപ്പേരും ഉദ്യോഗങ്ങളിൽ ചെന്നുചേരുന്നു. ഈ ഉദ്യോഗസ്ഥകളുടെ പ്രത്യുത്പന്നമതിത്വത്തെക്കുറിച്ച് വലിയ അവകാശവാദങ്ങളുണ്ട്. പക്ഷേ, കേരളത്തിലെ യാതൊരു ഉദ്യോഗവും കാര്യക്ഷമമോ ഉത്പാദനക്ഷമമോ സേവനതത്പരമോ രാഷ്ട്രപുനർനിർമ്മാണകരമോ അല്ല എന്നതുകൊണ്ട് ഈ അവകാശവാദത്തിനു ചെവി കൊടുക്കേണ്ടതില്ല.

തൊഴിലുകളുടെ കാര്യവും വ്യത്യസ്തമല്ല. കെട്ടിട നിർമ്മാണം മാത്രമാണല്ലോ സമകാലകേരളത്തിലെ ഒരേയൊരു നിർമ്മാണപ്രവർത്തനം. മറ്റെല്ലാം തൊഴിലുറപ്പു പ്രവർത്തനമാണല്ലോ. ആദ്യത്തേതിൽ കേരളസ്ത്രീക്കു തൊഴിലില്ല. രണ്ടാമത്തേതിൽ തൊഴിൽ ചെയ്യേണ്ടതുമില്ല. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം എന്നിവ വ്യാപാരാടിസ്ഥാനത്തിൽ നടക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. അവിടെ അവർ കുറഞ്ഞ വേതനത്തിന് കൂടുതൽ ജോലി ചെയ്യുന്നുണ്ടുതാനും. എന്തുകൊണ്ട്? ഈ തൊഴിലുകൾ ഉയർന്ന വൈവാഹികനിലവാരത്തിലെത്താനുള്ളതോ ഉയർന്ന തൊഴിൽ മേഖലകളിലെത്താനുള്ളതോ ആയ ഇടനിലങ്ങളാണ്. അതുകൊണ്ട് ഈ ഇടനിലങ്ങളിൽ യുവതികൾ സഹനസന്നദ്ധരാകുന്നു. മാത്രമല്ല, ഈ





**തൊഴിലുകളുടെ കാര്യവും വ്യത്യസ്തമല്ല. കെട്ടിട നിർമ്മാണം മാത്രമാണല്ലോ സമകാലകേരളത്തിലെ ഒരേയൊരു നിർമ്മാണ പ്രവർത്തനം മറ്റെല്ലാം തൊഴിലുറപ്പു പ്രവർത്തനമാണല്ലോ. ആദ്യത്തേതിൽ കേരളസ്ത്രീക്കു തൊഴിലില്ല.**

തൊഴിലിടങ്ങൾ വരേണ്യങ്ങളാണ്. വരേണ്യത നേടാൻ സഹനം ശീലിക്കുന്നതിൽ നഷ്ടമില്ല. ഈയൊരു ഘടകം ഇല്ലായിരുന്നുവെങ്കിൽ വെറും രണ്ടായിരത്തിഅഞ്ഞൂറ് രൂപക്ക് ഇരുപത്തിനാലു ദിവസം ജോലി ചെയ്യാൻ ഒരാളെപ്പോലും കേരളത്തിൽ ലഭിക്കില്ലായിരുന്നു.

ഏറ്റവും വരേണ്യം എന്ന് എക്കാലത്തും കരുതപ്പെടുന്ന മേഖല കലയുടേതും സാഹിത്യത്തിന്റേതും തന്നെ. കൂടുതൽ നർത്തകികളും ഗായികകളും ചിത്രകാരികളും കരകൗശലക്കാരികളും കേരളത്തിലുണ്ടിപ്പോൾ. നൃത്തവും ഗാനവും ചിത്രവും കൗതുകവസ്തുക്കളും വിനോദോപാധികളായതുകൊണ്ടും വിനോദത്തിനു വേണ്ടി വ്യയം ചെയ്യാൻ കൂടുതൽ ധനവും സമയവും കേരളീയർക്കുള്ളതുകൊണ്ടും നിരവധിപേർ ഈ രംഗത്തേക്കു കടന്നുവരുന്നുണ്ട് പ്രയോക്താക്കളായും പ്രായോജകരായും ദൃഷ്ടാക്കളായും അവർ വെള്ളിവെളിച്ചത്തിൽ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നു.

സാമൂഹ്യസേവനമാണ് സ്ത്രീകൾക്കിഷ്ടമുള്ള മറ്റൊരു മേഖല. സേവനമേഖലക്ക് ഉത്പാദനമേഖലയേക്കാൾ പ്രാധാന്യമുള്ള ഒരു സമ്പദ്വ്യവസ്ഥയിൽ സാമൂഹ്യസേവനത്തിന് പ്രാധാന്യം കൂടാനിടയുണ്ടോ? പ്രതിഫലം പറ്റാതെയുള്ള സാമൂഹ്യസേവനം സേവനമേഖലയെ അനുകൂലമോ പ്രതികൂലമോ ആയി ബാധിക്കുമോ? ഈ ചോദ്യങ്ങൾ ലേഖനത്തിന്റെ പരിധിക്കു പുറത്തു നിൽക്കുന്നതു കൊണ്ട് മാത്രം ഇപ്പോൾ ഒഴിവാക്കുന്നു. സാമൂഹ്യസേവനം ചെയ്യുന്ന സ്ത്രീകളാണല്ലൊ ഇവിടെ ചർച്ചാവിഷയം.

സേവിക്കപ്പെടുന്നതാര്? രോഗികൾ, വൃദ്ധർ, അനാഥരായ കുട്ടികൾ, പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ.

സേവിക്കാനാവശ്യമായ ധനം ലഭിക്കുന്നത് ദാനം വഴിയും. പ്രായേണ സ്ത്രീകൾ ആകൃഷ്ടരാവുന്ന ഈ മേഖലയിൽ അവർ കൂടുതൽ പ്രവർത്തനനിരതത്വം പ്രകടിപ്പിക്കുന്നു.

ലേഖനത്തിന്റെ വിഷയവിചാരത്തിന്നാമുഖമായിട്ടാണിത്രയും വസ്തുതകൾ രേഖപ്പെടുത്തിയത്.

കേരളത്തിലെ ഫെമിനിസത്തിന്റേയും ഫെമിനിസ്റ്റിന്റേയും ഇന്നത്തെ അവസ്ഥ എന്ത് എന്ന് ആലോചിക്കാം ഇനി.

സ്ത്രീകളുടെ അവകാശത്തർക്കങ്ങളുടെ സ്വഭാവമെന്താണ്? തങ്ങളെ പീഡിപ്പിക്കരുതേ എന്ന് വിലപിക്കുകയാണോ അവർ ചെയ്യുന്നത്? പീഡനം ഇല്ലാതിരുന്നാൽ തൃപ്തരാവുന്നുണ്ടോ അവർ? അതോ അതിനപ്പുറം വീട്ടിലും പുറത്തും പുരുഷനും സ്ത്രീയും തമ്മിൽ അധികാരത്തിലും കടമകളിലും സമ്പത്തിലും തൊഴിലിലും തുല്യതയുണ്ടാവാൻ വേണ്ടി പൊരുതുന്നുണ്ടോ അവർ? മുൻകാലത്ത് പൊരുതിയിരുന്നുവോ? ഏതെങ്കിലും രംഗത്ത് അവർ തുല്യത നേടിക്കഴിഞ്ഞിട്ടുണ്ടോ?

ഈ ലേഖനത്തിന്റെ തുടക്കത്തിൽ രേഖപ്പെടുത്തിയ സ്ത്രീ മുന്നേറ്റ ചരിത്രം പരിശോധിച്ചാൽ എഴുപതുകളിലേയും എൺപതുകളിലേയും ശേഷവും ഉള്ള സ്ത്രീസംഘടനകൾ മാത്രമാണ് സ്ത്രീക്കും പുരുഷനും തമ്മിൽ തുല്യത വേണം എന്ന് ഡിമാൻഡ് ചെയ്തിട്ടുള്ളത് എന്നുകാണാം. ഈ ആവശ്യം നേടിയെടുക്കുന്നതിൽ അവർ പരാജയപ്പെട്ടിട്ടുണ്ട്. ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടിയാണല്ലോ സമരം ചെയ്തത്. ആ സമരം ഉയർന്നജാതിക്കാരോടായിരുന്നു. രഹസ്സിൽ താനുമായി ഇണചേരുകയും പകൽ മാന്യന്മാരായി നടക്കുകയും ചെയ്ത പുരുഷന്മാർക്കെതിരെ തെളിവും മൊഴിയും നൽകുകയായിരുന്നു കുറിയേടത്തുതാത്രി. സമാനമായ പ്രവർത്തനം നടത്തുന്നു സ്ത്രീപീഡനക്കേസുകളിൽ ഇടപെടുന്ന വനിതാസംഘടനകൾ. കർഷകകലാപങ്ങളിൽ കലാപകാരികളെ ഒളിവിൽ പാർപ്പിക്കുകയും ഊട്ടുകയും സ്വയം പട്ടിണികിടക്കുകയും പോലീസിന്റെ മർദ്ദനം സഹിക്കുകയും ചെയ്തു സ്ത്രീകൾ. സ്ത്രീ-പുരുഷ വർഗ്ഗ സമരമായിരുന്നില്ല അത്.

വി.ടി മുതലായവരുടെ നേതൃത്വത്തിൽ നമ്പൂതിരിസമുദായത്തിൽ നടന്ന പരിഷ്കരണശ്രമങ്ങളിൽ അന്തർജ്ജനങ്ങൾ പങ്കെടുക്കുകയും ജീവിതപുരോഗതി നേടുകയും ചെ

യ്തിട്ടുണ്ട്. അപ്ഫൻ നമ്പൂതിരിമാർ മുഴുവനും അന്തർജ്ജനങ്ങൾ മുഴുവനും ഒന്നിച്ചുചേർന്ന് എണ്ണത്തിൽക്കുറഞ്ഞ മൂസാമ്പൂരിമാർക്കെതിരെ അണിനിരന്ന നമ്പൂതിരി വിപ്ലവത്തിന്റെ വിജയരഹസ്യം മറ്റൊന്നുമല്ല. സ്വജാതീയവിവാഹവും സ്വത്തവകാശവും അപ്ഫൻ നമ്പൂതിരിമാരുടെ ആവശ്യമായിരുന്നു.

സ്ത്രീസമരങ്ങൾ വിജയിക്കുന്നതെപ്പോൾ, പരാജയപ്പെടുന്നതെപ്പോൾ എന്നു വ്യവച്ഛേദിക്കാൻ ഈ ഉദാഹരണങ്ങൾ സഹായകമാകുന്നു. പുരുഷന്മാരുടെ ആഗ്രഹങ്ങൾക്കുനുസൃതമായും സഹായകമായും സ്ത്രീകൾ ചുവടുവെയ്ക്കുമ്പോൾ അവർക്ക് പിൻതുണയും മുൻതുണയും പുരുഷന്മാരിൽ നിന്നു ലഭിക്കുന്നു. മറിച്ചാണെങ്കിലോ? സ്ത്രീവർഗ്ഗം പുരുഷവർഗ്ഗത്തിന്നെതിർ നിൽക്കുമ്പോൾ എന്തുവിലകൊടുത്തും സ്ത്രീവർഗ്ഗത്തെ പരാജയപ്പെടുത്തുവാൻ പുരുഷവർഗ്ഗത്തിന്റെ അബോധമനസ്സുപോലും ജാഗരൂകമാവുന്നു. സ്ത്രീകളുടെ അത്തരം സമരങ്ങൾ പരാജയപ്പെടുന്നു. സ്ത്രീക്കും പട്ടികജാതിക്കും പട്ടികവർഗ്ഗത്തിനും പ്രത്യേകസംരക്ഷണനിയമങ്ങളുണ്ടായിരിക്കെ. ഈ മൂന്നുവിഭാഗങ്ങളുടെയും സംരക്ഷണനിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടവെ സ്ത്രീകൾക്കെതിരെ പുരുഷപീഡനപരിഹാരവേദി രൂപപ്പെടുകയും പട്ടികജാതിക്കും പട്ടികവർഗ്ഗത്തിനും എതിരെ അത്തരം വേദികൾ ഉണ്ടാകാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം മറ്റൊന്നല്ല.

സ്ത്രീയും പുരുഷനും പരസ്പരപൂരകമാണെന്നും അവർ തോളോടു തോൾ ചേർന്നു നിൽക്കേണ്ടവരാണെന്നും സൗമ്യസ്വരത്തിൽ കേൾക്കുന്ന ഉപദേശങ്ങൾക്കും ആഹ്വാനങ്ങൾക്കും അടിയിൽ പതുങ്ങിയിരിക്കുന്ന ഭീഷണി അതിനു തന്നെ അനുപൂരകമാണ്. അതായത് നേർക്കുനേർ നിൽക്കുന്ന വർഗ്ഗപരമായ എതിർപ്പ് അടിച്ചമർത്തപ്പെടും എന്ന ഭീഷണിയാണ് അതിൽ ഒളിപ്പിച്ചുവെച്ചിരിക്കുന്നത്. പുരുഷന്റെ അനുവർത്തിയായി നിന്നുകൊണ്ട് അയാൾക്കഹിതമാവാത്ത തരത്തിലുള്ള പൊതുപ്രവർത്തനമോ കലാപ്രവർത്തനമോ നടത്തുന്നതാണ് സ്ത്രീക്കു നല്ലത് എന്ന് പുരുഷൻ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

**സ്ത്രീ അതു പാലിക്കുന്നു!**

രാഷ്ട്രീയത്തിൽ അവൾ അനുസരണയുള്ള വാർഡ്മെമ്പറും പഞ്ചായത്തുപ്രസിഡണ്ടുമായിരിക്കുന്നു. സാഹിത്യസമ്മേളനങ്ങളിൽ അവൾ മേശവിരി വിരിക്കുകയും പൂക്കുടയൊരുക്കുകയും ചന്ദനത്തിരി കത്തിക്കുകയും നിലവിളക്കിനു തിരി തെറുക്കുകയും ചെയ്യുന്നു. അവൾ ബാനർ പിടിച്ച് ജാഥയുടെ മുന്നിൽ നടക്കുന്നു. പൂക്കളമിടുകയും അടിച്ചുവാരുകയും ചെയ്യുന്നു. രോഗശുശ്രൂഷ ചെയ്യുകയും സാന്ത്വനം നൽകുകയും ചെയ്യുന്നു. അവൾക്കായി ദയാപുരസ്സരം നൽകപ്പെടുന്ന സ്ഥാനങ്ങളിൽ മൃദുവായി ഇരുന്നുകൊണ്ട് അവൾ അലങ്കാരമാവുന്നു. ഓഫീസുകളിൽ ഭരണം കീഴുദ്യോഗസ്ഥരെ ഏൽപ്പിച്ചുകൊണ്ട് അവൾ ഓണസദ്യയിലും റീത്ത് സമർപ്പണത്തിലും ഒതുങ്ങുന്നു. സാഹിത്യരചനയിലും സാഹിത്യസംഗമങ്ങളിലും അവൾ പുരുഷന് ഇക്കിളിയും കൗതുകവും നൽകാൻ സന്നദ്ധയായിരിക്കുന്നു.

എവിടേയും സ്ത്രീ പുരുഷനു തുല്യയായില്ല. അവൾ ഏറെ വിദ്യാഭ്യാസം നേടിയിട്ടും ഉദ്യോഗം നേടിയിട്ടും രണ്ടാം വർഗ്ഗമായിത്തന്നെ തുടരുന്നു. അതിൽ അവൾക്ക് പരാതിയില്ലാതായിരിക്കുന്നു എന്നതാണ് ഈ നൂറ്റാണ്ടിലെ സവിശേഷമായ 'നേട്ടം'. ധനികയും വിദ്യാസമ്പന്നയും പരിഷ്കൃതയും ആയിരിക്കുകയും അതേ സമയം പുരുഷന്റെ ആജ്ഞാനുവർത്തിനിയായിരിക്കുകയും ചെയ്യുന്ന കേരളസ്ത്രീ കോർപ്പറേറ്റ് മുതലാളിത്തത്തിനു പ്രിയപ്പെട്ടവളാണത്രെ.

സാമ്പത്തികനില ഏതുമാകട്ടെ, കുടുംബത്തിനകത്ത് സ്ത്രീയിൽ നിന്ന് പ്രതീക്ഷിക്കുന്നത് കഠിനാദ്ധ്വാനിയും സഹിഷ്ണുവും പ്രസന്നവദനയുമായ അനുവർത്തിനിയെയാണ്. സോക്രട്ടീസിന്റെ പത്നിയും ടോൾസ്റ്റോയിയുടെ പത്നിയും നിന്ദിക്കപ്പെടുന്നതും കാൾമാർക്സിന്റെ പത്നി വാഴ്ത്തപ്പെടുന്നതും അതുകൊണ്ടാണ്. പക്ഷേ മാർക്സിന് ഒരു ഏംഗൽസ് ഉണ്ടായിരുന്നു. മാർക്സ് പ്രണയപുരസ്സരം ജെന്നിയെ പരിരംഭണം ചെയ്തുകൊണ്ടിരുന്നു. ജെന്നി പ്രസവിച്ചു കൊണ്ടുമിരുന്നു. കുട്ടികൾക്ക് വിശന്നു. അവർ രോഗാതുരരായി. കാൾമാർക്സ് എന്ന അച്ഛൻ അപ്പോൾ ദാസ്ക്യാപിറ്റൽ എന്ന കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ രചനയിലായിരുന്നു. ലോകത്ത് തൊഴിലാളിവർഗ്ഗസർവ്വാധിപത്യം വന്നു ചേരുന്ന പൊൻപുലരിയെ വിഭാവനം ചെയ്യുകയായിരുന്നു. അന്നേരം ഏംഗൽസ് മാർക്സിന്റെ കുട്ടികൾക്ക് മരുന്നും ഭക്ഷണവും നൽകി.

എന്തിനേറെ പറയുന്നു! ജെന്നി വാഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്നു. ജെന്നിയായിരുന്നു കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതാനിരുന്നതെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

ആരുടെയൊക്കെയോ ഭാഗ്യത്തിന് കേരളത്തിൽ യഥാർത്ഥ ഫെമിനിസ്റ്റ് ചിന്തകൾ മൃതമായിരിക്കുന്നു. മദ്ധ്യവർത്തി ജീവിതത്തിന്റെ സുഖസൗകര്യങ്ങൾ ആസ്വദിച്ചുകൊണ്ട് അലസമായി ജീവിച്ച് കറൻസിനോട്ടുകളുടെ കൈമാറ്റത്തിൽ അഭിരമിച്ച് വെറു



**മിനിക്കഥ**

**സിൽവി**

# സന്ദർശകൻ

ഇൻജക്ഷനെടുക്കുമ്പോൾ വേദനിച്ചു ഞരങ്ങുന്ന മകളുടെ രോഗക്കിടക്കക്കരികിൽ അനാഥയെപ്പോലെ അവളിരുന്നു. അപ്പോഴാണയാൾ വന്നത്. എന്തെന്നില്ലാത്ത ആശ്വാസത്തോടെയും നന്ദിയോടെയും അവൾ അയാളെ നോക്കി. തന്റെയരികിൽ ഒഴിഞ്ഞുകിടക്കുന്ന കസേരയിൽ അയാൾ ഇരിക്കുമെന്നവൾ ആശിച്ചു.

അയാൾ പക്ഷേ ചെന്നിരുന്നത് രോഗിയുടെ കിടക്കയിലാണ്. മരുന്നിന്റെ ശക്തികൊണ്ട് മകൾ മയങ്ങുകയാണ്. പനി തൊട്ടുനോക്കാനെന്ന മട്ടിൽ അയാൾ രണ്ടുകൈകൾകൊണ്ടും അവളുടെ മുഖത്ത് പലതവണ അമർത്തി. തുടുത്തുവരുന്ന ഒരു മുഖക്കുരുവിനെ പ്രത്യേക വാത്സല്യത്തോടെ ലാളിച്ചു. മുടി പിന്നിലേക്കൊതുക്കിവെക്കുന്നതുപോലെ നെറ്റിയിൽ അമർത്തിക്കൊണ്ട് മുഖം അവളോടുചേർത്തുവെച്ച് അയാളവളെ മെല്ലെ വിളിച്ചുകൊണ്ടിരുന്നു. അയാളുടെ ഉച്ഛ്വാസവായുവിന്റെ ചൂടേറ്റ് മകൾ ഉണർന്നു. പരിഭ്രമത്തോടെ കണ്ണുതുറന്ന് അയാളെ നോക്കി. അയാളുടെ കൂർത്ത കോമ്പല്ലുകൾ അവളെ ഭയപ്പെടുത്തി. അവൾ അമ്മയെ നോക്കിയെങ്കിലും അയാളുടെ കനത്ത ചുമലുകൾ അവളുടെ കാഴ്ച മറച്ചുകളഞ്ഞു. ക്ഷീണിച്ച ശരീരത്തെ പണിപ്പെട്ടുയർത്തി അവൾ എഴുന്നേറ്റ് ഭിത്തിയിൽ ചാരിയിരുന്നു. പകപ്പോടെ അമ്മയെ നോക്കി. 'ഈ അമ്മയ്ക്കൊന്നും മനസ്സിലാവണില്ലേ?' കുട്ടി ഈർഷ്യയോടെ ജനലിൽക്കൂടെ പുറത്തേക്കുനോക്കി.

'കിടന്നോളൂ... ക്ഷീണമല്ലേ', എന്നലിവാർന്ന് അയാൾ കിടക്കയിൽ കൈ വിലങ്ങനെ വെച്ച് അതിലേക്കു കിടക്കാൻ കുട്ടിയെ നിർബന്ധിച്ചുകൊണ്ടിരുന്നു. കൗമാരത്തിന്റെ തെറിപ്പോടെ കുട്ടി മുഖം വീർപ്പിച്ച് ഭിത്തിയിൽ ചാരിയിരുന്നു.

അയാൾ വാത്സല്യത്താലെന്നോണം കുട്ടിയെ തലോടി. നെറുകയിൽനിന്നും ബാലൻസുതെറ്റിവീഴും പോലെ അയാളുടെ കൈകൾ കുട്ടിയുടെ നെഞ്ചിലൂടുരുമ്മി തുടയിൽവീണു. അതയാൾ മെല്ലെ ഊർത്തി പാദത്തിലൂടെ വലിച്ചെടുത്തു. കുട്ടി അമ്മയേയും അയാളെയും മാറിമാറി നോക്കി കടുപ്പിച്ചു പറഞ്ഞു;

"എനിക്കുറങ്ങണം."

അവളുടെ കണ്ണുകൾ പനികൊണ്ട് തിളങ്ങിയിരുന്നു. അയാൾ പെട്ടെന്ന് ഭയന്നുപോയി. രോഗസൗഖ്യമാശംസിച്ച് യാത്രപറഞ്ഞ് തിടുക്കത്തിൽ മുറിവിട്ടുപോയി. അമ്മ കട്ടിലിലേക്കു കമഴ്ന്നു വീണുകിടന്ന് സ്വയം ശപിച്ചുകൊണ്ട് അടക്കിപ്പിടിച്ചു കരഞ്ഞു.

---

തെയങ്ങു മരിച്ചുപോവുന്ന ഒരു ജനതയിൽ സ്ത്രീകൾക്കു മാത്രമായിട്ടെന്തു സംഭവിക്കാൻ?

കേരളത്തിലെ കുടുംബശ്രീയെ തകർക്കാൻ കോൺഗ്രസ്സുകാർ ശ്രമിക്കുന്നത് കേവലം കുടുംബശ്രീക്കെതിരെയുള്ള വെല്ലുവിളി മാത്രമായി കാണാൻ പാടില്ല എന്നും കഴിഞ്ഞ കുറെ വർഷങ്ങളിൽ മലയാളി സ്ത്രീ സമൂഹം നേടിയെടുത്ത നേട്ടങ്ങളിലും ഇടങ്ങളിലും ഇവിടുത്തെ പുരുഷാധികാരികൾ പായിക്കുന്ന അസഹിഷ്ണുതയാർന്ന നോട്ടം തന്നെ അതിന്റെ പശ്ചാത്തലം എന്നും ജെ. ദേവിക പറയുന്നു. (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2012 നവം.4) അതേ ലേഖനത്തിലെ മറ്റൊരു വാക്യം ഇപ്രകാരമാണ്.

'സി.പി.എമ്മിന്റെ പോഷകസംഘടനയായ മഹിളാ അസോസിയേഷനിലേക്കാണ് കുടുംബശ്രീവനിതകളിൽ അധികം പേർക്കും പ്രവേശനം ലഭിച്ചത്'.

പ്ലസ്വൺ പ്രവേശനം പോലെയാണ് കുടുംബശ്രീവനിതകളുടെ രാഷ്ട്രീയ പ്രവേശനം എന്നറിയാൻ കഴിഞ്ഞത് നന്നായി! കുടുംബശ്രീക്ക് ഈ ലേഖനത്തിലുള്ള പ്രസക്തി അത് കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പോഷക സംഘടനയായി മാറ്റപ്പെട്ടിരിക്കുന്നു എന്നതാണ്. പുരുഷാധിപത്യത്തിന്റെ കൂത്തരങ്ങായ രാഷ്ട്രീയ പ്പാർട്ടികൾ ശ്രദ്ധയോടെ നിർവ്വഹിക്കുന്ന ഒരു ധർമ്മമാണ് സംഘം ചേരുന്ന സ്ത്രീകളെ ആവഹിക്കുക എന്നത്. എപ്പോൾ ഒരു സ്ത്രീസംഘം പുരുഷന്മാരുടെ അധീനതയിൽപ്പെടുന്നുവോ അപ്പോൾ മുതൽ അതിന്റെ അജണ്ട തിരുത്തിയെഴുതപ്പെടുകയായി. പൊതുലക്ഷ്യത്തിൽ നിന്ന് ശ്രദ്ധ വ്യതിചലിക്കാതിരിക്കാൻ വേണ്ടി സ്ത്രീകളുടേത് മാത്രമായ പ്രശ്നങ്ങളെ അവഗണിക്കുക എന്നതാണല്ലോ പാർട്ടി നയം. അതനുസരിച്ച് സ്ത്രീസംഘടനകളുടെ നിശ്ചിതകർമ്മങ്ങൾ എന്തെല്ലാം?

സർക്കാർധനസഹായത്തോടെയോ വിദേശധനസഹായത്തോടെയോ പ്രോജക്ടുകൾ നടത്തുക, മാസികകകൾ പ്രസിദ്ധീകരിക്കുക, സെമിനാർ സംഘടിപ്പിക്കുക, പുസ്തകപ്രസാധനം നിർവ്വഹിക്കുക, വിദേശരാജ്യങ്ങളിൽ പര്യടനം നടത്തുക തുടങ്ങിയവയാണവ.

ഇവയെല്ലാം സുഗമമായി നടക്കുന്നു. എന്നാൽ ഒരു ഐസ്ക്രീം പാർലർക്കേസോ സൂര്യനെല്ലിക്കേസോ മുന്നിൽ വന്നുപെടുമ്പോൾ മാർഗ്ഗം ദുർഗ്ഗമമാകുന്നു. യഥാർത്ഥ പ്രശ്നം ന്യൂനീകരിക്കപ്പെടുകയോ അപ്രസക്തമാക്കപ്പെടുകയോ ചെയ്യുന്നു. അധികാരത്തിന്റേയും കിടമത്സരത്തിന്റേയും ധനദുർവിനിയോഗത്തിന്റേയും ദുർഗന്ധം അതിനെ അമുക്കിക്കളയുന്നു. ആദർശശാലിയായി നിലകൊണ്ട് നീതിക്കും തുല്യതക്കും വേണ്ടി ശബ്ദമുയർത്തുന്ന സ്ത്രീ നിർദ്ദാക്ഷിണ്യം അടിച്ചമർത്തപ്പെടുന്നു. കഥ തുടരുന്നു.

●

പെൺപക്ഷം

അജിത. കെ

# ചരിത്രം പുറകോട്ട് പോകുന്നോ?

**കഴിഞ്ഞ** രണ്ട് ലക്കങ്ങളിൽ സംഘടിത പ്രസിദ്ധീകരിച്ചത് കടന്നുപോയ മുപ്പത് വർഷങ്ങളിലെ സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ അനുഭവങ്ങളെക്കുറിച്ചുള്ള സൃഷ്ടികളാണ്. മറ്റൊരു ഉള്ളടക്കത്തിനും സ്ഥലമില്ലാതിരുന്നത് കൊണ്ട് പെൺപക്ഷം ഒഴിവാക്കി.

പക്ഷേ, ഇത്തവണ അതെഴുതേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. കാരണം ലോകം അത്രമേൽ സംഭവബഹുലമായകാര്യങ്ങളിലൂടെ കടന്നുപോവുകയാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഒരു പഴയ കഥ പോലെ ആവർത്തനവിരസമാണെന്ന് പൊതുസമൂഹം കരുതുമ്പോഴും പുതിയ രൂപഭാവങ്ങളോടെ, ക്രൂരതക്ക് അതിരില്ലേ എന്ന് തോന്നിപ്പിക്കും വിധം ഭീകരമായിക്കൊണ്ടിരിക്കുകയാണ്. ലൈംഗികമായി കടന്നാക്രമിക്കപ്പെടുന്നത് ഇന്ന് കൗമാരപ്രായത്തിലുള്ള പെൺകുട്ടികളോ, യുവതികളോ മാത്രമല്ല, മൂന്ന്-അഞ്ച്-ആറ് വയസ്സുകാരികൾ കൂടിയാണെന്നത് ഏറെ ആശങ്കയുണ്ടാക്കുന്നു. ആഴ്ചകൾക്കുമുമ്പ് വയനാട്ടിലെ പുൽപ്പള്ളിയിൽ ഇരുപത്തഞ്ചുകാരിയായ ഒരു സ്ത്രീയെ, തന്റെ ബന്ധുക്കളുടെ എതിർപ്പു വകവെക്കാതെ പ്രണയത്തിന്റെ പ്രചോദനം മൂലം വിവാഹം ചെയ്ത ഭർത്താവു തന്നെ പട്ടിയെ കെട്ടുന്ന ചങ്ങലകിട്ട് ചുട്ടുകൊന്ന സംഭവം പത്രവാർത്തകളുടെ അശ്രദ്ധമായ ഒരു കോണിലുണ്ടായിരുന്നു. ഈ വാർത്ത കേട്ട് ആരെങ്കിലും ഞെട്ടിയോ എന്നറിയില്ല. അത്രമാത്രം നിസ്സംഗമായിരിക്കുന്നു നമ്മുടെ പൊതുമനസ്സ്-മാദ്ധ്യമങ്ങളുടേയും.

ആറുവയസ്സുകാരി അദിതി കോഴിക്കോട് നഗരത്തിന്റെ തിരക്കേറിയ വാസസ്ഥലങ്ങളിലൊന്നായ ബിലാത്തിക്കുളത്ത് കാര്യവിവരമുള്ള അദ്ധ്യാപകരും റസിഡന്റ്സ് അസോസിയേഷനുകളും ചൈൽഡ്‌ലൈനും അന്വേഷിയുമെല്ലാം സജീവമായി നിലകൊള്ളുന്ന ഒരു പ്രദേശത്ത് സ്വന്തം അച്ഛന്റേയും രണ്ടാനമ്മയുടേയും പൈശാചികമായ പീഡനപരമ്പരകളുടെ ഫലമായി കൊലചെയ്യപ്പെട്ടു. ഈ പിഞ്ചുകുഞ്ഞിന്റെ കൊലപാതകത്തിൽ അച്ഛനമ്മമാർ പ്രത്യക്ഷപ്രതികളാണെങ്കിൽ നമ്മളടങ്ങുന്ന പൊതുസമൂഹം പരോക്ഷപ്രതികളാണ്. പോലീസിലേക്കുള്ള ഒരൊറ്റ ഫോൺവിളിയിലൂടെ ആ കുഞ്ഞിന്റെ ജീവൻ നമുക്ക് രക്ഷിക്കാമായിരുന്നില്ലേ?

ഈ രീതിയിൽ ചിത്രം ഒരു വശത്ത് കൂടുതൽ ഇരുണ്ടതായിക്കൊണ്ടിരിക്കുമ്പോൾ മറുവശത്ത് രാഷ്ട്രീയകേരളത്തിന്റെ ചിത്രം ഏറെ വർഗ്ഗീയമായിക്കൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് നമുക്ക് നേരിടേണ്ടിവരുന്നത്. മുസ്ലീം മതന്യൂനപക്ഷവിഭാഗത്തിനു നേരെ 2002ൽ ഇന്ത്യ ഇന്നുവരെ കണ്ടിട്ടില്ലാത്ത വിധം നടന്ന വംശഹത്യ ആക്രമണങ്ങൾക്ക് അന്തരീക്ഷമൊരുക്കിക്കൊടുത്ത നരേന്ദ്രമോഡി എന്ന ബി.ജെ.പി നേതാവിനെ കേരളത്തിൽ അവതരിപ്പിക്കാൻ എസ്.എൻ.ഡി.പിയോഗം നടത്തിയ നീചമായ ശ്രമത്തെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിച്ചത്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നൊക്കെ മനുഷ്യകുലത്തെ ഉദ്ബോധിപ്പിച്ച മഹാനായ ഒരു മനുഷ്യസ്നേഹിയായിരുന്നു ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ നാമത്തിൽ ജാതീയതക്കെതിരായും സവർണ്ണമേധാവിത്തത്തിനെതിരായും രൂപീകരിക്കപ്പെട്ട എസ്.എൻ.ഡി.പി പ്രസ്ഥാനം ഇന്ന് എത്തിനിൽക്കുന്നത് വർഗ്ഗീയതയുടെ പടുകുഴിയിലാണ് എന്ന് തെളിയിക്കുന്ന ഇത്തരം സംഭവങ്ങൾ നമുക്ക് തരുന്ന പാഠം ഏറെ വേദനാജനകമാണ്. ഇടതുപക്ഷപ്രസ്ഥാനങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ ദുർബലമാകുന്നിടത്ത്, വ്യവസ്ഥാപിത ഇടതുപക്ഷം പ്രത്യയശാസ്ത്രപരമായ പാപ്പരത്തത്തിലേക്കും ജീർണ്ണതയിലേക്കും കൂപ്പുകുത്തിക്കൊണ്ടിരിക്കുമ്പോൾ അവിടെ സൃഷ്ടിക്കപ്പെടുന്ന ശൂന്യതയിൽ ഹിന്ദുത്വം-ഇസ്ലാമിന്റെ പേരിലുള്ള മൗലികവാദം-ക്രൈസ്തവമൗലികവാദം തുടങ്ങിയ വർഗ്ഗീയ വിഷങ്ങൾ കടന്നുകയറുക എന്നത് ചരിത്രനിയമമാണ്. ഒരു യഥാർത്ഥ ഇടതുപക്ഷ ബദലിനെക്കുറിച്ച് ചിന്തിക്കുന്നവരും ആഗ്രഹിക്കുന്നവരും ഗൗരവത്തോടെ ഏറ്റെടുക്കേണ്ട വെല്ലുവിളികളിലൊന്നാണിത്.



'കുഞ്ഞേ, പൊറുക്കുക!'

***ഈ പിഞ്ചുകുഞ്ഞിന്റെ കൊലപാതകത്തിൽ അച്ഛനമ്മമാർ പ്രത്യക്ഷ പ്രതികളാണെങ്കിൽ നമ്മളടങ്ങുന്ന പൊതുസമൂഹം പരോക്ഷപ്രതികളാണ്.***



# പ്രശ്നം എന്റേതു മാത്രമോ ?



ലവ്‌ലി രവീന്ദ്രൻ

കേരളത്തിലെ ആദ്യകാല ഫെമിനിസ്റ്റുപ്രവർത്തകരുടെ കുറിപ്പുകൾ വായിച്ചപ്പോൾ എന്റെ ഭാഗവും പറയണമെന്നു തോന്നി. സ്ത്രീകളെ മുൻനിർത്തി സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചു പഠിക്കാൻ ഇത്തരം അനുഭവക്കുറിപ്പുകൾ ഗുണം ചെയ്യുമല്ലോ. 1986ലാണ് ഞങ്ങളുടെ നാടായ ചാലക്കുടിയുടെ പരിസരത്ത് ആദ്യമായി ഫെമിനിസ്റ്റ് ആശയങ്ങൾ വിശദീകരിക്കുന്ന ഒരു ക്ലാസ് നടക്കുന്നത്. സാറാടീച്ചറെ കൊണ്ടുവന്ന് കൊരട്ടിയിൽവെച്ച് ഇങ്ങനെയൊരു ക്ലാസ് നടത്താൻ മുൻകയ്യെടുത്തത് എന്റെ ഭർത്താവ് എ.കെ.രവീന്ദ്രനും സുഹൃത്തുക്കളുമായിരുന്നു. പ്രസവിച്ചു കിടക്കുകയായതിനാൽ ഞാൻ ക്ലാസിൽ പങ്കെടുക്കാതെ വീട്ടിൽ മടിച്ചിരുന്നു. ഉച്ച കഴിഞ്ഞുള്ള ചർച്ചകളിൽ പങ്കെടുക്കാൻ രവിയേട്ടൻ നിർബന്ധിച്ചുകൊണ്ടുപോയതും കൈക്കുഞ്ഞുമായി ചർച്ചയിൽ സജീവമായി പങ്കാളിയായതുമാണ് എന്റെ ആദ്യത്തെ ഫെമിനിസ്റ്റ് പ്രവർത്തനാനുഭവം. തുടർന്ന് വീട്ടിലും പുറത്തുമുള്ള എല്ലാ ചർച്ചകളിലും പരിപാടികളിലും നേതൃത്വപരമായിത്തന്നെ പങ്കാളിയാവാൻ മാത്രം ഞാൻ ആവേശത്തിലായിത്തീർന്നിരുന്നു.

നക്സലൈറ്റ് ഭൂതകാലമുണ്ടായിരുന്ന രവിയേട്ടന് അതിന്റെ പേരിൽ കുടുംബത്തിലെ വിഹിതത്തിൽ കടുത്ത അവഗണനയുണ്ടായതും ബിസിനസ്സ് ചെയ്യാൻ വാടക വാങ്ങാതെ സൗജന്യമായി നൽകിയ രവിയേട്ടന്റെ പേരിലുള്ള സ്വന്തം സ്ഥലവും പീടികമുറികളും കൈവശപ്പെടുത്താൻ അടുത്ത ബന്ധുക്കളിൽ ചിലർ കോടതിയേയും പോലീസിനേയും ഗുണ്ടകളേയും കൂട്ടുപിടിച്ച് വിരട്ടിയതും മറ്റും വീട്ടിനകത്തെ രാഷ്ട്രീയവുമായി മാത്രമല്ല, കോടതിയും പോലീസും നാട്ടുകാരുമായി അടുത്തിടപഴകാനുള്ള നല്ലൊരവസരം കൂടിയാണ് എനിക്കു സമ്മാനിച്ചത്. ഇടുക്കിയിലെ ഒരു യാഥാസ്ഥിതിക ക്രിസ്ത്യൻ കുടുംബത്തിൽ നിന്ന് രവിയേട്ടനോടൊപ്പം ഇറങ്ങിപ്പോന്ന, എട്ടുമക്കളിൽ മൂത്തവളെന്ന നിലയിൽ എന്നെ നാട്ടുകാരൊക്കെ ആദ്യം ഭയവും കൗതുകവും കലർന്നാണ് നോക്കി

ക്കണ്ടത്. എന്നാൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെട്ടു തുടങ്ങിയതോടെ എന്നോടുള്ള പൊതുമനോഭാവം അത്ഭുതാദരമായി മാറുന്നതായാണ് അനുഭവപ്പെട്ടത്.

അടുത്ത നാട്ടുകാരിയായ ജയ എന്ന സ്ത്രീയുടെ ഗാർഹികപീഡനപ്രശ്നത്തിലാണ് ആദ്യം ഇടപെട്ടത്. വലപ്പാട്ടേക്ക് വിവാഹം കഴിഞ്ഞുപോയ ഈ സ്ത്രീയെ ഭർത്താവ് നിരന്തരപീഡനങ്ങൾക്കൊടുവിൽ മർദ്ദിച്ചവശയാക്കി. അവർ നിസ്സഹായരായി കഴിയുമ്പോഴാണ് ഞങ്ങളിക്കാര്യം അറിയുന്നത്. തുടർന്ന് അമ്മക്കും കൈക്കുഞ്ഞായ മകനും ജീവനാംശം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും നാട്ടിൽ നടക്കുന്ന ഇത്തരത്തിലുള്ള ഗാർഹികപീഡനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കാനും ഇറങ്ങിത്തിരിക്കുകയായിരുന്നു. മാർക്സിസ്റ്റ് പാർട്ടി ഏറ്റെടുത്ത് ഒരു ഘട്ടത്തിൽ ഉപേക്ഷിച്ചിട്ട ഒന്നായിരുന്നു ജയയുടെ കുടുംബപ്രശ്നം. അതിനാൽ പാർട്ടിയുമായി ഭിന്നിച്ചു നിന്ന ചെറുപ്പക്കാരുടെ സഹായമാണ് ഇക്കാര്യത്തിൽ ഞങ്ങൾ തേടിയത്.

നിയമോപദേശപ്രകാരം ജയ വലപ്പാട്ടെ ഭർത്താവിന്റെ വീട്ടിൽ താമസമാക്കേണ്ടതുണ്ടായിരുന്നു. ആയതിന് കവി സച്ചിദാനന്ദൻ പുഴങ്കരയുടെ ഭാര്യ എൽസിയും ഞാനും ഞങ്ങളുടെ ഓരോ കുഞ്ഞുങ്ങളുമുൾപ്പെടുന്ന ഒരു സംഘം ഇപ്പോഴത്തെ ചാലക്കുടി മുൻസിപ്പൽ ചെയർമാനായ പൈലപ്പന്റെ ടെമ്പോവാനിൽ വലപ്പാട് പൂട്ടിക്കിടന്ന വീട് കയ്യേറി വെപ്പും കുടിയും ആരംഭിച്ചു. വീട്ടിലേക്കാവശ്യമുള്ള സാധനസാമഗ്രികൾ സ്വന്തം വീടുകളിൽ നിന്ന് ഞങ്ങൾ കൊണ്ടുവന്നിരുന്നു. ഞാൻ വളർത്തിയിരുന്ന പശുവിനെ വിറ്റ പണവും കയ്യിലുണ്ടായിരുന്നു. ഒളിവിൽ പോയ ഭർത്താവിന്റെ ബന്ധുക്കളുടെ നിർദ്ദേശപ്രകാരം ഞങ്ങളുടെ സംഘത്തിലെ ആണുങ്ങളെയൊക്കെ ഭവനഭേദനമുൾപ്പെടെ ഗൗരവപ്പെട്ട പലക്രിമിനൽ വകുപ്പുകൾപ്രകാരം പോലീസ് കസ്റ്റഡിയിലെടുത്തു. ടമ്പോവാനും പിടിച്ചെടുത്തു. എങ്കിലും അടുത്തദിവസം വനിതാപോലീസ് എത്തും വരെ ഞങ്ങൾ മൂന്ന് സ്ത്രീകളും കുട്ടികളും അവിടെത്തന്നെ താമസിച്ചു. പോലീസും നാട്ടുകാരും രാത്രി മുഴുവൻ കാവൽനിന്നു.

> ***വീടു വിട്ടിറങ്ങിയ ചില പെൺകുട്ടികളെ ആത്മഹത്യയിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നും കൈപിടിച്ചുയർത്താൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം ഒന്നുവേറെയാണ്. അവരിപ്പോഴും സന്തോഷത്തോടെ ജീവിക്കുന്നു എന്നറിയുമ്പോൾ വിശേഷിച്ചും.***

ജയയെ അവളുടെ ഭർത്താവിന്റെ വീട്ടിൽ നിന്ന് അറസ്റ്റുചെയ്തതായുള്ള രേഖ കോടതിയിൽ ഹാജരാക്കുകയായിരുന്നു വീട് കയ്യേറ്റത്തിലൂടെ ഞങ്ങൾ ലക്ഷ്യം വെച്ചത്. അത് വിജയിച്ചു. മാത്രമല്ല, സാറടീച്ചറെ കൊണ്ടുവന്ന് പൊതുയോഗം നടത്തുന്നതടക്കമുള്ള വ്യാപകമായ പ്രചാരണബോധവത്ക്കരണപ്രവർത്തനങ്ങൾ വലപ്പാടും മൂന്നുപീടികയിലും മറ്റും ഇതോടനുബന്ധിച്ച് നടത്തുവാനും കഴിഞ്ഞു. മൂന്നുപീടികയിലെ പൊതുയോഗത്തിൽ പ്രസംഗിച്ചത് അജിതയാണ്. വർഷങ്ങൾക്കു ശേഷം ജയക്ക് അവളുടെ ഭർത്താവിന്റെ വീടും പുരയിടവും കോടതി വഴി സ്വന്തമാക്കാനായി. അമ്മവീട്ടിലെ അവകാശവും അവൾ നേടിയെടുത്തു. ജയ ഇന്ന് നാട്ടിലെ അറിയപ്പെടുന്ന പൊതുപ്രവർത്തകകൂടിയാണ്. ഞങ്ങളുടെ സൗഹൃദം തുടരുകയും ചെയ്യുന്നു.

ജയയുടെ പ്രശ്നവുമായി ബന്ധപ്പെട്ടാണ് തൃശൂരിലെ ഷീനാ ജോസിനെ പരിചയപ്പെടുന്നതും കോഴിക്കോട് അജിതയുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതും. 1990ലെ അഖിലേന്ത്യാസ്ത്രീസമ്മേളനത്തിന്റെ നടത്തിപ്പിൽ സജീവമായത് അങ്ങനെയാണ്. ദേവി, വിജയമ്മ, റെസ്‌ലി എന്നിങ്ങനെ കോഴിക്കോട്ടെ ഒരു സംഘം ചുറുചുറുക്കുള്ള യുവതികളുമായി ചേർന്ന് അജിതയുടെ നേതൃത്വത്തിൽ പണപ്പിരിവും പോസ്റ്ററൊട്ടിക്കലും ബാനർകെട്ടലും പ്രചാരണയോഗങ്ങളും ഒക്കെയായി വളരെ ഉത്സാഹത്തിമിർപ്പിലായിരുന്നു ആ ദിവസങ്ങൾ. ജോലിത്തിരക്കു കാരണം വീട്ടിൽ വരാതെ കോഴിക്കോട് താമസിച്ചും യാത്രകൾ നടത്തിക്കൊണ്ടുമാണ് സമ്മേളന പ്രവർത്തനങ്ങൾ നീക്കിയത്.

സമ്മേളനം തകർക്കാൻ ദേശാഭിമാനിയിലെ ഒരു വിഭാഗം നടത്തിയ നിഗൂഢതന്ത്രങ്ങൾ തക്കസമയത്ത് അനാവരണം ചെയ്ത് സമ്മേളനനടത്തിപ്പ് സുരക്ഷിതമാക്കിയതിൽ എനിക്കും രവിയേട്ടനുമുള്ള പങ്ക് സാറടീച്ചറും അജിതയും ഉൾപ്പെടെ സംഘാടകർക്കെല്ലാം അറിയാവുന്നതാണ്. അതിനാൽ അക്കാര്യം വിശദീകരിക്കുന്നില്ല. പണപ്പിരിവിന്റെ കാര്യത്തിലും എനിക്ക് വ്യക്തിപരമായി ആഹ്ലാദിക്കാനും അഭിമാനിക്കാനും വകയുണ്ടായിരുന്നു. സർവ്വ ചെലവും കഴിച്ച് ഒരു തുക മിച്ചം വെക്കാൻ കഴിഞ്ഞത് അന്ന് അത്ര നിസ്സാരകാര്യമായിരുന്നില്ല.

സമ്മേളനവുമായി ബന്ധപ്പെട്ട് എന്റെ വ്യക്തിബന്ധങ്ങൾ ഏറെ വിപുലമായി. മാധവിക്കുട്ടി, സുഗതകുമാരി, മന്ദാകിനി നാരായണൻ, പി.ഇ.ഉഷ, സച്ചിദാനന്ദൻ, അഡ്വ.പൗരൻ, എം.ഗാംഗാധരൻ, ജേക്കബ് വടക്കഞ്ചേരി എന്നിങ്ങനെ

***ഫെമിനിസ്റ്റ് എന്ന് അഭിമാനത്തോടെ പറയാവുന്ന ഏതെങ്കിലും കൂട്ടായ്മയുമായി ബന്ധപ്പെട്ട് സജീവമാകാനോ എനിക്കു കഴിഞ്ഞിട്ടില്ലെന്ന വസ്തുത എടുത്തു പറയേണ്ടതുമുണ്ട്. പ്രശ്നം എന്റെ മാത്രമാണോ അതോ പ്രസ്ഥാനവും സമൂഹവും പൊതുവിൽ നേരിടുന്നതോ എന്നു തീരുമാനിക്കാനും കഴിയുന്നില്ല.***

ധാരാളം പ്രഗത്ഭമതികളെ പരിചയപ്പെടാനുമിടയായി. കാഞ്ഞങ്ങാടു നിന്ന് തിരുവനന്തപുരം വരെ നടത്തിയ വാഹനപ്രചാരണജാഥ മുരിങ്ങൂരിലെ എന്റെ വീട്ടിൽ ഒരു രാത്രി തങ്ങിയതും ഓർമ്മിക്കത്തക്ക സംഭവമാണ്.

സമ്മേളനത്തിന്റെ ആവേശം കെട്ടടങ്ങിയതോടെ ഇനിയെന്ത് എന്നൊരനിശ്ചിതാവസ്ഥയിൽ രവിയേട്ടൻ നടത്തിവന്നിരുന്ന ഹിന്ദിവിദ്യാലയത്തിന്റെ സഹകരണത്തോടെ ഒരു ട്യൂഷൻസെന്റർ തുടങ്ങിയെങ്കിലും നീണ്ടുനിന്നില്ല. പിന്നീട് രവിയേട്ടന്റേയും അജിതയുടേയും പ്രോത്സാഹനത്തിൽ സ്ത്രീകളുടെ ഒരു ടൈലറിംഗ് യൂണിറ്റ് തുടങ്ങുകയും എംബ്രോയിഡറി പഠിക്കുകയും ചെയ്തു. ഒപ്പം ഹിന്ദി വിദ്യാലയത്തിലെ ഏതാനും വിദ്യാർത്ഥിനികളുമായി ചേർന്ന് (പുഷ്പ, രാഗിണി, മേരിആന്റണി തുടങ്ങിയവർ) സ്ത്രീകൾക്കായി ചാലക്കുടിയിൽ സെമിനാറുകളും ഫെമിനിസ്റ്റ് ആശയപ്രചരണവും നടത്തിവന്നു. വിദ്യാർത്ഥിനികളുടെ സൈക്കിൾമത്സരവും സൈക്കിൾറാലിയും സംഘടിപ്പിച്ചു. ഇക്കാലത്ത് ഒട്ടേറെ സ്ത്രീപീഡനക്കേസുകളിൽ കോടതിക്കകത്തും പുറത്തും സഹായമെത്തിക്കാനും കഴിഞ്ഞിരുന്നു.

വീടു വിട്ടിറങ്ങിയ ചില പെൺകുട്ടികളെ ആത്മഹത്യയിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നും കൈപിടിച്ചുയർത്താൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം ഒന്നുവേറെയാണ്. അവരിപ്പോഴും സന്തോഷത്തോടെ ജീവിക്കുന്നു എന്നറിയുമ്പോൾ വിശേഷിച്ചും. അന്നൊക്കെ സമീപപ്രദേശങ്ങളിൽ നിന്നുള്ള ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് എന്റെ ഉത്തരവാദിത്തമാണെന്ന ധാരണയാണ് പലർക്കും ഉണ്ടായിരുന്നത്. വീടുവിട്ടിറങ്ങുന്ന പെൺകുട്ടികളെ അന്വേഷിക്കുന്ന വീട്ടുകാരും ബന്ധുക്കളും ആദ്യം എന്നെയാണ് സമീപിക്കുക പതിവ്. എന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ പ്രേരണയാലാണ് പെൺകുട്ടികൾ വീടുപേക്ഷിക്കുന്നതെന്ന ആരോപണവും കേൾക്കാനിടവന്നിട്ടുണ്ട്. ചാലക്കുടിയിലെ അഡ്വ.എ.കെ.അബ്ദുൾ നാസർ, കൊച്ചിയിലെ അഡ്വ.എ.എക്സ്.വർഗീസ്, അഡ്വ.നന്ദിനി തുടങ്ങിയവരുടെ നിയമോപദേശങ്ങൾ ഇത്തരം കേസുകളിൽ വളരെ ഗുണം ചെയ്തിട്ടുണ്ട്.

1993 മാർച്ച് 8ന് ചാലക്കുടി എസ്.എച്ച്.കോളജിലെ പ്രിൻസിപ്പാൾ സിസ്റ്റർ ലളിത എന്നെ ക്ലാസ്സെടുക്കാൻ ക്ഷണിച്ചു. പ്രസംഗത്തിനു ശേഷം കോളേജ് യൂണിഫോം എന്തുകൊണ്ട് ചുരിദാർ ആക്കിക്കൂടാ എന്ന എന്റെ അഭിപ്രായം അംഗീകരിച്ച് അതു നടപ്പാക്കാനുള്ള ചുമതല എന്നെത്തന്നെ ഏല്പിക്കുകയായിരുന്നു. ചാലക്കുടിയിലും പരിസരങ്ങളിലും പെൺകുട്ടികളുടെ വസ്ത്രധാരണരീതിയെ അടിമുടി മാറ്റിമറിച്ച പരിഷ്ക്കാരമായിരുന്നു അത്. സൈക്കിൾ സവാരിയും ചുരിദാറും പെൺകുട്ടികളിലുണ്ടാക്കിയ മാറ്റങ്ങൾ ചെറുതൊന്നുമായിരുന്നില്ല.

യൂണിഫോം വർക്കുകൾ ഏറ്റെടുത്തതോടെ ടൈലറിംഗ് യൂണിറ്റ് സാമാന്യം നല്ലനിലയിലായി. നാല്പതോളം സ്ത്രീകൾക്ക് സ്ഥിരമായും അനേകം പേർക്ക് ഭാഗികമായും ഏറെക്കാലം തൊഴിൽ കൊടുക്കാനും പലരേയും സ്വന്തം നിലയിൽ പുതിയ യൂണിറ്റുകൾ തുടങ്ങാൻ പ്രാപ്തിയുള്ളവരാക്കാനും കഴിഞ്ഞു എന്നതും ഞങ്ങൾക്കൊരു വീടുവെക്കാനായി എന്നതും തയ്യൽ യൂണിറ്റിന്റെ പ്രകടമായ ചില നേട്ടങ്ങൾ മാത്രമേ ആകുന്നുള്ളൂ. അടുത്ത പ്രദേശങ്ങളിലുള്ള ഒട്ടുമിക്കകുടുംബങ്ങളുമായി നേരിട്ടു ബന്ധം സ്ഥാപിക്കാനായത് മറ്റൊരു പ്രധാന നേട്ടമാണ്. നാട്ടിൽ ആദ്യമായി ഡ്രൈവിംഗ് പഠിക്കുകയും സ്വന്തംനിലയിൽ വാഹനം വാങ്ങി ഓടിക്കുകയും ബിസിനസ്സ് കാര്യങ്ങൾ ആണുങ്ങളെക്കാൾ നന്നായി കൊണ്ടുനടക്കുകയും ചെയ്ത സ്ത്രീയും ഞാൻ തന്നെ. 'ലവ്‌ലിയെ കണ്ട് പഠിക്ക്' എന്ന് തങ്ങളെ ഭർത്താക്കന്മാർ ഉപദേശിക്കുന്നതായി പല സ്ത്രീകളും എന്നോടു നേരിട്ടു പറയുക പതിവാണ്.

ഇതൊക്കെ കേരളത്തിലെ ഫെമിനിസ്റ്റ്പ്രസ്ഥാനത്തിൽ നിന്നുള്ള ഊർജ്ജം കൊണ്ടു കൈവന്ന നേട്ടങ്ങളായാണ് ഞാൻ മനസ്സിലാക്കുന്നത്. അതേ സമയം, കഴിഞ്ഞ കുറേ വർഷങ്ങളായി സ്ത്രീവേദിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാനോ (അങ്ങനെ പറയത്തക്ക എന്തെങ്കിലുമൊക്കെ പ്രവർത്തനമുണ്ടോ എന്നുപോലും എനിക്കറിയില്ല.), ഫെമിനിസ്റ്റ് എന്ന് അഭിമാനത്തോടെ പറയാവുന്ന ഏതെങ്കിലും കൂട്ടായ്മയുമായി ബന്ധപ്പെട്ട് സജീവമാകാനോ എനിക്കു കഴിഞ്ഞിട്ടില്ലെന്ന വസ്തുത എടുത്തു പറയേണ്ടതുമുണ്ട്. പ്രശ്നം എന്റെ മാത്രമാണോ അതോ പ്രസ്ഥാനവും സമൂഹവും പൊതുവിൽ നേരിടുന്നതോ എന്നു തീരുമാനിക്കാനും കഴിയുന്നില്ല.

ഗൗരിയമ്മ മാർക്സിസ്റ്റുപാർട്ടിക്ക് പുറത്തുവന്ന കാലത്ത് കക്ഷിരാഷ്ട്രീയത്തെ സ്ത്രീകളുടെ വീക്ഷണത്തിൽ നിന്നുകൊണ്ട് അടിമുടി വിമലീകരിക്കുന്ന ഒരു ജനാധിപത്യ സംരക്ഷണപ്രസ്ഥാനം രൂപപ്പെട്ടേക്കാമെന്നായിരുന്നു പലരുടേയും പ്രതീക്ഷ. അതുകൊണ്ട് അജിതയെപ്പോലെത്തന്നെ ഞാനും ജെ.എസ്.എസ് രൂപീകരണ കൺവെൻഷനിൽ വളരെ താല്പര്യത്തോടെയാണ് പങ്കെടുത്തത്. എന്നാൽ അവിടെ തടിച്ചുകൂടിയിരുന്ന രാഷ്ട്രീയഭി

ക്ഷാംദേഹികളുടെ ശരീരഭാഷയിൽ നിന്നുപോലും ആ പ്രസ്ഥാനം നേരെയാവില്ലെന്നു വ്യക്തമായിരുന്നു. അതൊരു പ്രസ്ഥാനമായല്ല, മറിച്ച് മറ്റൊരു രാഷ്ട്രീയപാർട്ടിയായി മാറുകയാണെന്നും വ്യക്തമായിരുന്നു. ഈ സാഹചര്യത്തിൽ ഗൗരിയമ്മയുടെ അനുവാദത്തോടെ സ്റ്റേജിൽ കയറി എന്റെ ആശങ്കകൾ വിളിച്ചു പറഞ്ഞ് ഇറങ്ങിപ്പോരുകയാണുണ്ടായത്. ജെ.എസ്.എസിന്റെ തൃശൂർജില്ലാഘടകത്തിൽ നിന്നും പ്രാഥമികാംഗത്വത്തിൽ നിന്നും രാജിവെക്കുകയും ചെയ്തു.

***കൂടെയുള്ളവരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാമെന്ന നിലയിൽ അജിത ജെ.എസ്.എസിൽ കുറച്ചുകാലം കൂടി തുടർന്നു. 'ഒറ്റയാൾപട്ടാള'മാകുമ്പോഴുള്ള സൗകര്യം ചിലപ്പോഴെങ്കിലും എത്ര വലിയ അനുഗ്രഹമാണെന്ന് അപ്പോഴാണ് ബോധ്യമായത്.***

കൂടെയുള്ളവരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാമെന്ന നിലയിൽ അജിത ജെ.എസ്.എസിൽ കുറച്ചുകാലം കൂടി തുടർന്നു. 'ഒറ്റയാൾപട്ടാള' മാകുമ്പോഴുള്ള സൗകര്യം ചിലപ്പോഴെങ്കിലും എത്ര വലിയ അനുഗ്രഹമാണെന്ന് അപ്പോഴാണ് ബോധ്യമായത്. ഈ സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടുള്ള കൂട്ടുപ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് രവിയേട്ടനോടൊപ്പം പ്രകൃതിജീവനപരിപാടികളിൽ പലപ്പോഴും പങ്കെടുത്തു വരുന്നത്. സ്ത്രീകൾക്ക് ഈ രംഗത്ത് കാര്യമായി പലതും ചെയ്യാൻ കഴിയുമെന്ന വിശ്വാസവുമുണ്ട്.

ഈയിടെ ഏതാനും മാസക്കാലം മകന്റേയും ഭാര്യയുടേയും കൂടെ ആസ്ത്രേലിയയിൽ താമസിക്കേണ്ടതായി വന്നു. അവിടുത്തെ മലയാളിസമൂഹം (അധികവും നഴ്സുമാരാണ്) വളരെ യാഥാസ്ഥിതികമായ കുടുംബജീവിതമാണ് നയിച്ചു വരുന്നത്. എന്നിരുന്നാലും കേരളത്തിലേതുപോലെ ലൈംഗികച്ചുവയുള്ള സംസാരമോ ശരീരഭാഷയോ ഒളിഞ്ഞുനോട്ടമോ സദാചാരപോലീസ് ചമയലോ മലയാളികൾക്കിടയിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപെടാതിരിക്കില്ല. ആസ്ത്രേലിയയിലെ വ്യക്തിപ്രധാനമായ സ്ത്രീപുരുഷബന്ധത്തിന്റേയും പൗരബോധത്തിന്റേയും പ്രതിഫലനമാകാം ഇതെന്നു തോന്നുന്നു. ഏതു തൊഴിലിനും മാന്യതയും തരക്കേടില്ലാത്ത പ്രതിഫലവും കർക്കശമായ നിയമവാഴ്ചയും ജീവിതസുരക്ഷയും ലഭ്യമാകുന്ന ഒരു സമൂഹത്തിൽ നമ്മുടേതുപോലെ ജാതീയവും ലിംഗപരവുമായ വിവേചനങ്ങൾക്ക് നിലനിൽക്കാനാവില്ലെന്നു കരുതാനും ന്യായമുണ്ട്. അതേസമയം നമുക്ക് വികസിതരാജ്യങ്ങളെ പിന്തുടരാനാകാത്ത അവസ്ഥയുമുണ്ട്. അതുകൊണ്ട് അവർ നാളികേരമുടക്കുന്നതു കണ്ട് നാം ചിരട്ടയുടച്ച് ഇളിഭ്യരാകാതെ നമുക്ക് അനുയോജ്യമായ രീതിയിൽ സ്വാശ്രയത്വത്തിന്റേതായ ഫെമിനിസ്റ്റ് പാതകൾ സ്വീകരിക്കുകയാവും നല്ലത് എന്നു തോന്നുന്നു. ●





# വാസ്തവം

**ജാൻസി**

**സ്ത്രീപീഡനങ്ങൾക്കും** ബലാത്സംഗങ്ങൾക്കും ന്യായീകരണങ്ങൾ കണ്ടെത്തുന്ന നാടാണ് നമ്മുടേത്. നാടുതിരിച്ചും ജില്ല തിരിച്ചും സംസ്ഥാനം തിരിച്ചും പീഡനകഥകൾ വളച്ചൊടിച്ച് പറയാൻ നമുക്ക് ഒരു പ്രത്യേക കഴിവാണ്.

എല്ലാ പീഡനപരമ്പരകൾക്കുമൊടുവിൽ ജനം കണ്ടെത്തുന്ന കാരണങ്ങൾ ഒന്നുതന്നെ. പെണ്ണിന്റെ ആഭാസവേഷവും ജീവിതവും തന്നെ. ഡൽഹി സംഭവത്തോട് (ആദ്യസംഭവം) തീവ്രമായി പ്രതികരിച്ച ജനങ്ങളെ ദിവസവും പാഠംപഠിപ്പിക്കാൻ ശ്രമം നടന്നുവരികയാണ്. ദിവസവുമെന്നോണം പീഡിപ്പിക്കപ്പെടുന്ന കുട്ടികളുടെ കഥകേട്ട് കാമവെറിയൻമാരുടെ വെറി ഏറുകമാത്രമേ ചെയ്യുന്നുള്ളൂ. പീഡനകഥകൾ ഒട്ടേറെ രൂപത്തിൽ വന്നു കഴിഞ്ഞ കേരളത്തിലാകട്ടെ കാമം മുട്ടി വീട്ടിനുള്ളിൽ കയറി കുട്ടിയെ എടുത്തുകൊണ്ടോടുന്ന അവസ്ഥയാണ് ഇന്നുള്ളത്.

പെണ്ണ് പുറത്തിറങ്ങുന്നതുകൊണ്ടും വസ്ത്രം ധരിച്ചിട്ടും ധരിക്കാഞ്ഞിട്ടുമാണ് ആണുങ്ങൾ കുറ്റകൃത്യം ചെയ്യുന്നത് എന്ന് പറയുന്നവരുടെ വികാരങ്ങൾ പങ്കുവെക്കുവാനും പെണ്ണുങ്ങളെ മര്യാദക്കാരാക്കാനും നടത്തുന്ന ശ്രീകണ്ഠൻനായർ ഷോകളിൽ പാവപ്പെട്ട പുരുഷന്മാരുടെ വേദനകൾ കണ്ട് ആഴ്ചകളിൽ മനം നൊന്ത് കരയാറുണ്ട് ഞാൻ. പറയാനും പറയിപ്പിക്കാനും തുനിഞ്ഞിറങ്ങുന്നവരെ ആപ്പിലാക്കണമെന്നേ എനിക്ക് കുറഞ്ഞരീതിയിൽ പറയാനുള്ളൂ. സ്ത്രീകളേയും കുഞ്ഞുങ്ങളേയും ബഹുമാനിക്കാനറിയാത്ത ഒരു നാട്ടിൽ നിന്ന് അതേ തോതിലുള്ള മറ്റൊരുനാട്ടിൽ ചെന്ന് പഠിച്ചുവന്നിട്ട് കാര്യമൊന്നുമില്ല. എന്തു പഠിക്കാനാണ് നമ്മുടെ മന്ത്രിമാർ ഗുജറാത്തിലേക്കു പോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇവിടെ എന്തിന്റെ കുറവാണുള്ളത്? വർഗ്ഗീയതയില്ലേ? അഴിമതിയില്ലേ? കൊലപാതകങ്ങളില്ലേ? അവിടെ നടന്ന/നടക്കുന്ന എല്ലാകാര്യങ്ങളിലും എണ്ണത്തിലും വണ്ണത്തിലും നമ്മൾതന്നെയാണ് മുമ്പന്മാർ എന്ന് ചരിത്രം നോക്കിയാൽ മനസ്സിലാകും. പിന്നെ NIFD, IIM പോലുള്ള കാമ്പസ്സുകൾ തപസ്സുചെയ്താൽ പോലും നമ്മുടെ സർക്കാറിന് ചെയ്യാൻ പറ്റില്ല. പിച്ചച്ചട്ടിയിൽ കയ്യിട്ട് വാരുന്നവരല്ലേ എല്ലാവരും. ദരിദ്രർക്കും സമ്പന്നർക്കും ജീവിക്കാനുള്ള സൗകര്യം അവിടെയുണ്ടെങ്കിൽ, ദരിദ്രർ ആത്മഹത്യ ചെയ്യുകയോ കുട്ടികളെ വിൽക്കുകയോ ചെയ്യുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. അവിടെ ഒരു വിഭാഗത്തിനു മാത്രമുള്ള സുഖസൗകര്യങ്ങൾ, ഇവിടെ ഒരു വിഭാഗത്തിനും കൊടുക്കാനും കഴിയില്ല (രാഷ്ട്രീയക്കാർക്കൊഴികെ). പണ്ട് ദാരിദ്ര്യത്തിലും അദ്ധ്വാനിക്കുന്നവർക്ക് പ്രത്യാശ നൽകാൻ ആളുകളുണ്ടായിരുന്നു. ഇന്ന് എല്ലാം മനസ്സിലൊതുക്കി സഖാവ് ലോറൻസിനെപ്പോലുള്ളവർ വയസ്സാം കാലത്തുമാത്രം സത്യം പറയാതിരിക്കാൻ വയ്യ എന്നുപറഞ്ഞ് പേടിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. പ്രതിപക്ഷ നേതാവിനും സത്യത്തിന്റെ തികട്ടൽ വന്നു തുടങ്ങിയിട്ട് അധികം നാളായില്ലല്ലോ. ജനങ്ങൾക്ക് പ്രതീക്ഷയുള്ളവർ തന്നെ ഇങ്ങനെ തുടങ്ങിയാൽ എന്തുചെയ്യും.

പറയാനുള്ള സത്യങ്ങൾ പറയേണ്ട സമയത്ത് പറയാതിരിക്കുക എന്നതും ആത്മഹത്യക്ക് സമം തന്നെയാണ് എന്ന് ഓർമ്മിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ●

ജി.എസ്.ശുഭ



# കഥയിലെ അഗ്നിസ്ഫുലിംഗം

**പെൺകുട്ടികൾ** ഏതുനിമിഷവും നശിപ്പിക്കപ്പെടാവുന്ന, ഏറെ എളുപ്പത്തിൽ നശിപ്പിക്കാൻ പറ്റുന്ന ഇനം ജീവികളാണെന്ന ധാരണ കുട്ടിക്കാലത്ത് ഉള്ളിലുറഞ്ഞ് കിടന്നിരുന്നു. അത്തരമൊരു ധാരണ പൂർണ്ണമായും കടപ്പെട്ടിരിക്കുന്നത് അക്കാലത്തു കണ്ട സിനിമകളോടാണ്. "ഞാൻ നശിച്ചു" എന്നാർത്തലക്കുന്ന നടികളെ വലിയ സ്ക്രീനിൽ കാണുമ്പോൾ അരികിലിരിക്കുന്ന അനവധി മുതിർന്ന സ്ത്രീകളുടെ കൂട്ടനെടുവീർപ്പുകളും തേങ്ങലുകളും തിയേറ്ററുകളിൽ നിറഞ്ഞൊഴുകുമ്പോൾ എന്തിനാണെന്നറിയില്ലെങ്കിലും ഞങ്ങൾ കുട്ടികളും കൂടെ കരഞ്ഞു. പതുക്കെ പതുക്കെ കോട്ടിട്ട ഒരുത്തൻ പൈപ്പും പുകച്ച് പെണ്ണിനെ ചരിഞ്ഞൊന്നു നോക്കിയാൽ, കൈലിയുടുത്തൊരു കൊമ്പൻ മീശക്കാരൻ അശ്ലീല ചിരിയുമായി മുന്നോട്ടാഞ്ഞാൽ ഒരുവൾ നശിപ്പിക്കപ്പെടുമെന്ന് ഞങ്ങൾക്കും മനസ്സിലായി. പിടിവലികൾക്കിടയിൽ അവൾ രക്ഷപ്പെടാൻ ആത്മാർത്ഥമായും പ്രാർത്ഥിച്ചു.

നശിക്കുമോ എന്നു തീർച്ചയാക്കാൻ കുറച്ചുസമയമെടുക്കുമെങ്കിലും നശിച്ചുകഴിഞ്ഞാൽ ഉടനടി ആത്മഹത്യ ചെയ്യുമെന്ന് വളരെ പെട്ടെന്നുതന്നെ ഉറപ്പാക്കി. നശിച്ചുപോയാൽ വേറെ വഴിയില്ല. കിണറ്റിലോ ആറ്റിലോ ചാടണം. വയ്യെങ്കിൽ വിഷം കഴിക്കാം. തൂങ്ങിമരിക്കാം. ഇതൊന്നും സാധിച്ചില്ലെങ്കിൽ ഭ്രാന്തിയായി മാറുകയെങ്കിലും വേണം.

മുതിരുംതോറും നിത്യേന കണ്ടുംകേട്ടും വായിച്ചും കിട്ടിയ അറിവുകൾക്കൊപ്പം നശിപ്പിക്കപ്പെടാനുള്ള

ശേഷം പേജ് 46ൽ

*"ഞാൻ നശിച്ചു" എന്നാർത്തലക്കുന്ന നടികളെ വലിയ സ്ക്രീനിൽ കാണുമ്പോൾ അരികിലിരിക്കുന്ന അനവധി മുതിർന്ന സ്ത്രീകളുടെ കൂട്ടനെടുവീർപ്പുകളും തേങ്ങലുകളും തിയേറ്ററുകളിൽ നിറഞ്ഞൊഴുകുമ്പോൾ എന്തിനാണെന്നറിയില്ലെങ്കിലും ഞങ്ങൾ കുട്ടികളും കൂടെ കരഞ്ഞു.*

കവിത

# ഇവിടെ പണ്ടൊരു കടലായിരുന്നു



ഡോ. ഇ.സന്ധ്യ

എന്റെ ഹൃദയത്തിലലയടിയ്ക്കുന്ന
പ്രണയമെന്ന മഹാസാഗരത്തെ
ഒരു നീർച്ചാലാക്കി മാറ്റാനാണോ
നീയെന്നോടാവശ്യപ്പെട്ടത്
സപ്തവർണ്ണച്ചിറകുകളിളക്കി
ആനന്ദത്തിൽ നീന്തിക്കളിച്ചിരുന്ന
എന്റെ സ്വപ്നമീനുകളെ
ശ്വാസം മുട്ടിച്ചു കൊല്ലും
ഒരുവലയിലുംപെടാതെ
ഒരു കണ്ണിലും കണ്ണിയിലും കുരുങ്ങാതെ
വിഹരിച്ചു
നാം പങ്കുവെച്ച ഓർമ്മകളുടെ
തിമിംഗലങ്ങളെ
കരയിലേക്ക് ഉന്തിവിടാം
ചുഴികളും അലകളും
ഞെരിച്ചമർത്തി
അടക്കി വെക്കാം
അനന്തമായ നീലിമ
പ്രതീക്ഷയില്ലായ്മയെന്ന
ബ്ളോട്ടിംഗ് പേപ്പർ കൊണ്ട്
ഒപ്പിയെടുക്കാം
ഹൃദയച്ചൂടിൽ നിന്നും വേനലുണ്ടാക്കി
ജലം ബാഷ്പീകരിക്കാം
അവസാനം
"ഇവിടെ പണ്ടൊരു കടലായിരുന്നു"
എന്നൊരു ബോർഡും തൂക്കാം.
സ്നേഹം കുറക്കാനാവശ്യപ്പെടുന്നിടത്തോളം
വലിയ ശിക്ഷ
ഈ ഭൂമിയിലില്ല
എന്ന് അടിക്കുറിപ്പ്



# നിഴൽ



സൗമ്യ പി.ആർ

കാലത്തൊരു നവവധുവിനെപ്പോലെ
എനിക്കു പിന്നിൽ പമ്മിപ്പമ്മി
ഉച്ചക്കവൾ എന്നോടൊപ്പം
സ്വാതന്ത്ര്യം കൊതിക്കുമൊരു താത്രിക്കുട്ടിയെപ്പോലെ
വൈകീട്ടവളെന്നെ പിന്നിലാക്കി
ഏറെ ദൂരം മുന്നിൽ-ഒരു
സ്ത്രീവിമോചനസമരനായികയെപ്പോലെ
എങ്കിലും...
സൂര്യനസ്തമിച്ചാൽ...
അവൾ എന്നിലലിഞ്ഞു ചേരും
സാംസ്കാരിക കേരളത്തെ
ഭയന്നിട്ടാണോ എന്തോ?



# ഒളി



അമ്മു ദീപ

എന്നെയൊന്നു തൊടാൻ
എന്തൊരു ഒരുക്കമാണ് നിനക്ക്
മുപ്പതുവർഷം
രാവും പകലും നീയൊരുങ്ങുന്നു
കപടസന്യാസിമാരെപ്പോലെ
കൈവിരലുകൾക്കിടയിലോ മറ്റോ
ചെറുകണ്ണാടിയൊളിപ്പിച്ചുകൊണ്ട്
ആൾക്കൂട്ടമൊഴിയുമ്പോൾ
മീശയും പേശികളും
നീ
ഒരുക്കിവയ്ക്കുന്നു
മാസാമാസം മുടിയൊതുക്കുന്നു
ചർമ്മത്തിനായി
അന്തസ്സുനിറഞ്ഞ ഇളംസുഗന്ധം
തിരഞ്ഞെടുക്കുന്നു
മുടിയിൽച്ചൂടിയ പാവുട്ടപ്പൂവെടുത്ത്
ഞാൻ വാസനിച്ചു നിൽക്കുമ്പോൾ
അസാധാരണമായ
നിന്റെ സാന്നിദ്ധ്യമറിയിച്ചുകൊണ്ട്
അറിയാത്ത മട്ടിൽ

നീ
എന്റെ മുന്നിലൂടെ നടന്നുപോകുന്നു
പെൺമയിലിനു മുന്നിൽ
പീലിവിടർത്തിയാടുന്നവന്റെ
തന്റേടമില്ലാതെ
നിന്നെത്തന്നെ ഒളിച്ചുകൊണ്ട് ഇരുട്ടിൽ
തികട്ടി നിറയുന്ന എന്നെ
ആരോരുമറിയാതെ
പുറത്തേക്കു കുതിച്ചു ചാടിച്ചു കൊണ്ട്
നിന്നെത്തന്നെ
ഇഞ്ചിഞ്ചായി
കൊന്നുകൊണ്ട്...

പേജ് 43 തുടർച്ച

സാധ്യതകൾ കലർന്നു കിടന്നിരുന്നു. രക്ഷപ്പെടാനുള്ള പഴുതുകളും മുൻകരുതലുകളും ഉപദേശമായി കിട്ടി. പക്ഷേ എല്ലാ ആധികളും ആശങ്കകളും ശരീരത്തെ ചുറ്റിപ്പറ്റി മാത്രമായിരുന്നു.

***ചിന്തയും ആവിഷ്കാരവും സ്വപ്നവുമടക്കം സ്ത്രീയുടെ ഏതൊരു ഭാവനയേയും ശരീരവുമായി ബന്ധിപ്പിച്ച് വിലയിരുത്തുന്ന ഒരു സാമൂഹിക ചുറ്റുപാടിലേക്കാണ് സിതാരയുടെ 'അഗ്നി' അച്ചടിച്ചെത്തുന്നത്. ആളൊഴിഞ്ഞ കുറ്റിക്കാടുകൾ നിറഞ്ഞ റോഡിലൂടെ സൈക്കിൾ ചവിട്ടുമ്പോൾ ആധിയും ആശങ്കയുമൊക്കെ 'അഗ്നി' യിലെ പ്രിയയേയും പിന്തുടരുന്നുണ്ട്.***

ചിന്തയും ആവിഷ്കാരവും സ്വപ്നവുമടക്കം സ്ത്രീയുടെ ഏതൊരു ഭാവനയേയും ശരീരവുമായി ബന്ധിപ്പിച്ച് വിലയിരുത്തുന്ന ഒരു സാമൂഹിക ചുറ്റുപാടിലേക്കാണ് സിതാരയുടെ 'അഗ്നി' അച്ചടിച്ചെത്തുന്നത്. ആളൊഴിഞ്ഞ കുറ്റിക്കാടുകൾ നിറഞ്ഞ റോഡിലൂടെ സൈക്കിൾ ചവിട്ടുമ്പോൾ ആധിയും ആശങ്കയുമൊക്കെ 'അഗ്നി' യിലെ പ്രിയയേയും പിന്തുടരുന്നുണ്ട്. എന്നാൽ തീർത്തും അപ്രതീക്ഷിതമായി മൂന്നു പുരുഷന്മാർ സംഘം ചേർന്ന് ബലാൽക്കാരമായി പ്രാപിച്ചിട്ടും പ്രിയ ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചില്ല. പകരം "വീട്ടിലെത്തി രണ്ടാമതും ഒരു കുളികഴിഞ്ഞ് ഉറങ്ങാൻ ശ്രമിക്കുകയാണ്." പിറ്റേന്ന് രാവിലെ പതിവുപോലെ അവൾ ഓഫീസിലേക്ക് പോയി. തന്നെ അപമാനിച്ചവരിൽ കുറ്റബോധത്തോടെ തെറ്റ് ഏറ്റുപറഞ്ഞവന് മാപ്പും നൽകി.

കഥയാവട്ടെ സിനിമയാവട്ടെ കാലങ്ങളായി ഇത്തരം സാഹചര്യങ്ങളിൽ പെൺകുട്ടിയുടെ വ്യക്തിപരമായ തകർച്ച ശീലം കൊണ്ട് ശഠിക്കുന്ന മലയാളിയെ തുടർന്നങ്ങോട്ടും അമ്പരപ്പിച്ചുകൊണ്ടാണ് സിതാരയിലെ കഥാകാരി മുന്നേറുന്നത്. ബലാൽക്കാരത്തിനു ശേഷം അതിന് അടിപ്പെടുന്ന സ്ത്രീ പെരുമാറേണ്ട രീതികളെക്കുറിച്ച് നിയതമായ നിയമങ്ങൾ എവിടേയുമില്ലെങ്കിലും വ്യക്തമായ ചില സാമൂഹിക ധാരണകൾ ഉണ്ട്. ആദ്യമായി അവൾ ഒരു ഇരയാണ്, രണ്ടാമതായി അവൾ തകർന്നവളാണ്, ഈ തകർച്ചക്ക് അടിസ്ഥാനപരമായ കാരണം അവളുടെ സദാചാരത്തേയോ ചാരിത്ര്യത്തെതന്നെയോ ബലാൽക്കാരമായി കീഴ്പ്പെടുത്തി അവളിൽ നിന്നും തട്ടിയെടുത്തു എന്നതാണ്. മൂന്നാമതായി അവൾ ചുറ്റുമുള്ള ലോകത്തിൽ നിന്ന് നീതി അർഹിക്കുന്നവളോ പ്രതീക്ഷിക്കുന്നവളോ ആണ്. അത് നിയമപരമോ വൈദ്യപരമോ സാമൂഹികമോ ആകാം. ഇങ്ങനെയുള്ള നിരവധി സാമൂഹികധാരണകളാൽ നിർമ്മിതമാണ് ബലാത്സംഗവും അതിനുശേഷമുള്ള സ്ത്രീയുടെ ജീവിതവും. ഈ ധാരണകൾ തന്നെയാണ് പുരോഗമനാത്മകം എന്ന് അവകാശപ്പെടുന്ന പല സംഘടനകളുടേയും കാഴ്ചപ്പാടുകളെ സ്വാധീനിക്കുന്നത്. ഇപ്പറഞ്ഞ സന്ദിഗ്ദ്ധതകളെല്ലാം പൊളിച്ചടുക്കുന്ന ഒരു കഥയാണ് അഗ്നി.

ബലാൽക്കാരത്തിനിടക്ക് ഓർമ്മകൾ തെന്നിപ്പോകുമ്പോൾ പ്രിയ ഇത്തിരി കുറ്റബോധത്തോടെ ഓർക്കുന്നു. 'അപമാനിക്കപ്പെടുമ്പോഴും എല്ലായ്പ്പോഴും അപമാനബോധം ഉള്ളിലുണ്ടാവുന്നില്ലല്ലോ' എന്ന്. അപമാനത്തിന്റെ ഈയൊരു ചുറയലും സമൂഹം ഇരയിൽ നിന്ന് സദാ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. പ്രിയ വളരെ പെട്ടെന്നാണ് ഇതിൽ നിന്നും കുതറിമാറുന്നത്. മുൻകൂട്ടി ആലോചിക്കാതെ ഓരോ അപമാനത്തിന്റേയും കടക്കൽ കത്തിവെക്കാൻ അവൾക്കാവുന്നുണ്ട്. മൂന്നു പുരുഷന്മാരും താൻ നിലനിൽക്കുന്ന സമൂഹവും തന്നിൽ നിന്ന് എന്താണോ തകർത്തുകളയാൻ കരുതിയത് അതുതന്നെ അവരുടെ ജീവിതത്തിൽ തകർത്തു കളഞ്ഞുകൊണ്ടാണ് പ്രിയ തന്റെ അപമാനത്തെ കൈകാര്യം ചെയ്യുന്നത്.

ലൈംഗികതയെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കാത്ത, പുരുഷതാൽപര്യങ്ങൾക്കനുസരിച്ച് മാത്രം വാക്കും വസ്ത്രവും ശരീരവും ഉപയോഗിക്കുന്ന സ്ത്രീകഥാപാത്രങ്ങളെന്ന പരിചിതമായ വായനാനുഭവങ്ങളിൽ നിന്നും വ്യത്യസ്തമാണ് പ്രിയയുടെ നിലപാടുകൾ. എന്നാൽ അമിതാവേശമൊന്നും കാണിക്കുന്നുമില്ല. തീർത്തും സാധാരണ മട്ടിലാണ് അവൾ തന്റെ വിലയിരുത്തലുകൾ വെളിവാക്കുന്നത്. സ്വന്തം കായികശേഷിയിൽ അഹങ്കാരം പൂണ്ട് ഇന്നലെ എങ്ങനെയിരുന്നുവെന്ന് ചോദിച്ച സഞ്ജീവിനോട് പുഞ്ചിരിച്ചുകൊണ്ട് "നിങ്ങൾ ഒട്ടും പോരായിരുന്നു" എന്നാണ് പറയുന്നത്. പുകഞ്ഞുകത്തുന്ന പകകൊണ്ടായിരിക്കാമെങ്കിലും ലൈംഗികതയിൽ കാപട്യം നിറച്ച ഒരു സമൂഹത്തിനും കൂടിയാണ് അവൾ ഉത്തരം നൽകുന്നത്. അതേസമയം "നീ ഒരു അസ്സൽ പുരുഷനാണെന്ന" പ്രിയയുടെ അംഗീകാരം തീർത്തും വിശ്വസിച്ച രവി ദുർബലനായി മാറുകയും ചെയ്യുന്നു. പിന്നീട് രവിയെ വഴിയിൽ വെച്ച് കാണുമ്പോഴൊക്കെ പ്രിയ പുഞ്ചിരിക്കുന്നു. അവനോട് 'ഇഷ്ട' മുണ്ടെന്നും "മറ്റു രണ്ടുപേരുടേയും കീഴ്പെടുത്തൽ നിന്നെ അളക്കാനുള്ള ഒരു അളവുകോലായിരുന്നു എനിക്ക്" എന്നും വെളിപ്പെടുത്തുന്നു.

രണ്ടു പുരുഷന്മാരുടേയും സ്ത്രീലൈംഗികതയെക്കുറിച്ചുള്ള അജ്ഞത ഇവിടെ പരിഹസിക്കപ്പെടുന്നുമുണ്ട്. അക്രമിച്ചു കീഴ്പ്പെടുത്തിയ ഇരയെ പ്രാപിക്കാൻ ശ്രമിച്ച്, അവളുടെ ആർത്തവ രക്തം കണ്ടിട്ടും പിൻവാങ്ങാത്തവരാണെങ്കിലും പിറ്റേന്ന് അതേ പെൺകുട്ടി അവരിലൊരുവൻ ഒട്ടും പോരായിരുന്നു എന്നും അപരൻ ഒരു അസ്സൽ പുരുഷനാണെന്നും പരസ്യ

ശേഷം പേജ് 55ൽ

## മൈമൂനാസ് വെള്ളിമാടുകുന്ന്



# നീ ചെയ്തത് ഒട്ടും ശരിയായില്ല...

**ബസിൽ** നല്ല തിരക്കാണ്. ആ തിരക്കിനുള്ളിലേക്ക് അവളും നുഴഞ്ഞു കയറി. ഈ റൂട്ടിൽ ഒരുപാടു ബസുകൾ ഓടുന്നുണ്ട്. എന്നിട്ടും ബസുകളിൽ തിരക്കു തന്നെ. യമുന എല്ലാസീറ്റിലേക്കും ഒന്നോടിച്ചു നോക്കി. സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ ഇരിക്കുന്നുണ്ട്. മാറിത്തരാൻ പറഞ്ഞാലോ....? സ്ത്രീകളൊക്കെ കമ്പിയിൽ പിടിച്ച് തൂങ്ങി നിൽക്കുന്നുണ്ട്. ആരും ഒന്നും പറയാതെ താനായിട്ടെന്തിനു പ്രശ്നമുണ്ടാക്കുന്നു. അവളും ഒന്നും മിണ്ടിയില്ല. അൽപം കഴിഞ്ഞപ്പോൾ യമുനക്ക് മറ്റൊരു സീറ്റ് ഒഴിഞ്ഞു കിട്ടി. സമാധാനത്തോടെ സീറ്റിൽ ചാരിയിരുന്നു.

എന്തോ ആലോചിച്ചിരിക്കുമ്പോഴാണ് വയറിനു മുകളിൽ ചെറിയൊരു തണുപ്പനുഭവപ്പെട്ടത്. അവൾ ഞെട്ടി. എന്തെങ്കിലും അരിച്ചുകയറുകയാണോ....? എന്താണെന്ന് പരിശോധിച്ചു. ഇല്ല... ഒന്നുമില്ല. തോന്നലായിരുന്നോ...? ആശ്വാസത്തോടെ അനങ്ങാതിരുന്നു. വീണ്ടും അതേ അനുഭവം. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി. തൊട്ടുപുറകിലിരിക്കുന്ന പുരുഷൻ സീറ്റിന്റെ സൈഡിലൂടെ കയ്യിട്ടതാണ്. അവൾ തിരിഞ്ഞു നോക്കി. മാന്യനായൊരു മനുഷ്യൻ. ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണാ... എന്ന മട്ടിലിരിക്കുന്നു. അവൾ സീറ്റിൽ ഒതുങ്ങിയിരുന്ന് സൈഡിലേക്ക് നോക്കിക്കൊണ്ടിരുന്നു. അയാളുടെ പ്രവൃത്തി അവ

ളെ വല്ലാതെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. അവൾ പിന്നിലേക്ക് ചെരിഞ്ഞു അയാൾക്കു മാത്രം കേൾക്കാവുന്ന രീതിയിൽ മെല്ലെ പറഞ്ഞു.

"എന്നെ ശല്യം ചെയ്യരുത്" അത് കേട്ട ഭാവം നടിക്കാതെ അയാളുടെ കൈ വീണ്ടും വന്നു. യമുനക്ക് കോപം അടക്കാനായില്ല. ബാഗിൽ നിന്നൊരു സേഫ്റ്റി പിന്നെടുത്ത് തുറന്ന് പിടിച്ച് ഈർഷ്യയോടെ അയാളുടെ കയ്യിൽ ആഞ്ഞുകുത്തി. പലപ്രാവശ്യം അങ്ങിനെ ചെയ്തിട്ടും ഒരു കുത്തുപോലും കൈക്കേറ്റില്ല. ആത്മനിയന്ത്രണം നഷ്ടപ്പെടാതെ വീണ്ടുമവൾ പറഞ്ഞു.

"മുഖത്തടിക്കാനും ഞാൻ മടിക്കില്ല സൂക്ഷിച്ചോളൂ."

പിന്നെ കുറച്ചു സമയത്തേക്ക് പ്രശ്നമൊന്നുമുണ്ടായില്ല. അവളാലോചിച്ചു. ഇനി ശല്യം ചെയ്യാൻ അയാൾക്കു ധൈര്യമുണ്ടാവില്ല. ഇത്തരം ഞരമ്പുരോഗികളുണ്ടായാൽ എങ്ങനെ സ്ത്രീകൾ യാത്ര ചെയ്യും. അവളുടെ ചിന്തകളെ മറികടന്നുകൊണ്ട് അയാളുടെ കൈ വീണ്ടും അവളെ തഴുകാനെത്തി. ലജ്ജയും പരിഭ്രമവും സങ്കടവുമെല്ലാമവൾക്കുണ്ടായി. ഉള്ളിൽ കെട്ടിക്കിടന്ന അമർഷം പുറത്തുചാടിയപ്പോൾ... പിന്നെയൊന്നും ചിന്തിച്ചില്ല. പതറാത്ത മനസ്സോടെ എണീറ്റുനിന്നു പുറകിലിരിക്കുന്ന അയാളുടെ മുഖത്ത് കൈവീശി ആഞ്ഞടിച്ചു. എന്നിട്ട് സീറ്റിൽ തലതാഴ്ത്തിയിരുന്നു. അവൾക്ക് ആശങ്കയുണ്ടായിരുന്നു. അയാളെന്തെങ്കിലും അക്രമം കാണിക്കുമോ...? അടികൊണ്ട ആളിൽ നിന്നും വല്ലാത്തൊരു ശബ്ദം പുറത്തേക്കു വന്നു. അടിക്കുമെന്ന് പറഞ്ഞെങ്കിലും അടിവീഴുമെന്ന് അയാളൊട്ടും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. സംഭവമെന്താണെന്ന് ബസിലുള്ള ആർക്കും മനസ്സിലായില്ലെങ്കിലും അടിച്ചത് എല്ലാവരും കണ്ടിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും എന്തെല്ലാമോ പിറുപിറുക്കുന്നുണ്ടായിരുന്നു. അടുത്ത സ്റ്റോപ്പിൽ ബസ് നിറുത്തിയതും ആ മാന്യൻ ഇറങ്ങിപ്പോയി.

യമുന വീട്ടിലെത്തി. അപ്പോഴും പരിഭ്രാന്തി വിട്ടൊഴിഞ്ഞിരുന്നില്ല.

***യമുന വീട്ടിലെത്തി. അപ്പോഴും പരിഭ്രാന്തി വിട്ടൊഴിഞ്ഞിരുന്നില്ല. ചെന്നപാടെ കട്ടിലിൽ കയറിക്കിടന്നു. എന്തുപറ്റി എന്നു അമ്മ ചോദിച്ചു. ഒന്നുമില്ല എന്നു മറുപടി പറഞ്ഞെങ്കിലും വല്ലാത്തൊരസ്വസ്ഥത അവളിൽ പ്രകടമായിരുന്നു. അവൾ ചിന്തിച്ചു. എനിക്കിന്ന് ഒരു പുരുഷന്റെ മുഖത്തടിക്കേണ്ടിവന്നു.***

ചെന്നപാടെ കട്ടിലിൽ കയറിക്കിടന്നു. എന്തുപറ്റി എന്നു അമ്മ ചോദിച്ചു. ഒന്നുമില്ല എന്നു മറുപടി പറഞ്ഞെങ്കിലും വല്ലാത്തൊരസ്വസ്ഥത അവളിൽ പ്രകടമായിരുന്നു. അവൾ ചിന്തിച്ചു. എനിക്കിന്ന് ഒരു പുരുഷന്റെ മുഖത്തടിക്കേണ്ടിവന്നു. ഇത്രയും തന്റേടിയാണോ ഞാൻ. ഇത്രയും ധൈര്യം എനിക്കെവിടെനിന്നു കിട്ടി. ഞാൻ ചെയ്തത് ശരിയാണോ...? ഒരു കൂട്ടം ചോദ്യങ്ങൾ അവളെ അലട്ടി.

ബസിലുണ്ടായ സംഭവം യമുന വീട്ടുകാരോട് വിവരിച്ചു. ഏതോ ഒരു സ്ത്രീ ഒരു പുരുഷന്റെ ചെകിട്ടത്തടിച്ചു എന്നാണവൾ പറഞ്ഞത്. യമുനയുടെ താമസം കൂട്ടുകുടുംബത്തിലായതു കൊണ്ട് അഭിപ്രായം ചോദിക്കാൻ ഒരുപാട് പേരുണ്ടായിരുന്നു ആ വീട്ടിൽ. ആ സ്ത്രീ ചെയ്തത് ശരിയോ തെറ്റോ...? കുട്ടികളടക്കം ഓരോരുത്തരോടും അവൾ അഭിപ്രായം ആരാഞ്ഞു. അനുകൂല മറുപടിയാണ് എല്ലാവരിൽ നിന്നും കിട്ടിയത്. യമുനയുടെ മനസ്സിനൊരു ഉന്മേഷം കിട്ടിയതുപോലെ. ഇത്തരം കിറുക്കന്മാരോട് ഒരാളെങ്കിലും പ്രതികരിച്ചില്ലെങ്കിൽ അതയാളെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമാണ്. അയാൾക്കിട്ടൊന്ന് പൊട്ടിച്ചത് നന്നായി. അല്ലെങ്കിൽ മറ്റുള്ള സ്ത്രീകളേയും അയാൾ അപമാനിക്കില്ലെ.

രാത്രിയിൽ ഭർത്താവു വന്നപ്പോൾ അഭിമാനത്തോടെ അവൾ കാര്യങ്ങൾ വിശദീകരിച്ചു. അദ്ദേഹം ഒന്നുംമിണ്ടാതെ ആലോചിച്ചു നിൽക്കുന്നതു കണ്ടപ്പോൾ അവൾ പ്രോത്സാഹിപ്പിച്ചു.

"പറയൂ... എന്താണ് നിങ്ങളുടെ അഭിപ്രായം?"

പെട്ടെന്നായിരുന്നു ഉത്തരം. "എനിക്കതിനോട് യോജിക്കാൻ കഴിയില്ല. അഹങ്കാരികളായ പെണ്ണുങ്ങളാണ് പുരുഷന്മാരെ അടിക്കുന്നത്." അവൾ അമ്പരപ്പോടെ അയാളെ നോക്കി. ഇങ്ങനെയൊരു ഉത്തരമായിരുന്നോ ഭർത്താവിൽ നിന്നും പ്രതീക്ഷിച്ചത്. ആക്രമണത്തെ ചെറുത്തു നിൽക്കാൻ ഏതെങ്കിലും ഒരു സ്ത്രീക്ക് ധൈര്യം കിട്ടിയാൽ അവളെ അഹങ്കാരികളായിട്ടാണ് സമൂഹം കാണുന്നത്. കോപം അവളെ വല്ലാതെ കീഴ്പ്പെടുത്തിയിരുന്നു.

"അപ്പോൾ പുരുഷന്മാർ ചെയ്യുന്ന തെറ്റുകൾ അംഗീകരിച്ചു കൊടുക്കണമെന്നാണോ നിങ്ങൾ പറയുന്നത്." അവൾ ചോദിച്ചു.

"അങ്ങിനെയല്ല... എന്നാലും ആ സ്ത്രീ അയാളെ അടിക്കേണ്ടിയിരുന്നില്ല. മറ്റെന്തെല്ലാം പരിഹാര മാർഗ്ഗങ്ങളുണ്ട്. അവർക്ക് കണ്ടക്ടറോട് പറയാമായിരുന്നില്ലെ."

"എന്നെയാണ് അയാൾ ഇങ്ങനെ ചെയ്തതെങ്കിലോ...? നിങ്ങൾ ഇതുതന്നെ പറയുമോ...?" ദേഷ്യത്തേക്കാളേറെ സങ്കടമായിരുന്നു അവൾക്ക്. "എന്നാൽ കേട്ടോളൂ... ഞാൻ തന്നെയാണ് അയാളെ അടിച്ചത്. ചെയ്ത പ്രവൃത്തിക്ക് അപ്പോൾ തന്നെ ശിക്ഷ കൊടുത്തു."

അതു കേട്ടപ്പോൾ ആദ്യമായി കാണുന്നതുപോലെ അയാൾ അത്ഭുതത്തോടെ അവളെ നോക്കിക്കൊണ്ട് പറഞ്ഞു.

"നീ ചെയ്തത് ഒട്ടും ശരിയായില്ല."

●

ലേഖനം

# രംഗബോധമില്ലാത്ത കോമാളി



ബിജി ബാലകൃഷ്ണൻ



**ആ** മകളായി ജനിച്ചിരുന്നെങ്കിലെന്ന് ഒരു നിമിഷമെങ്കിലും അവളെക്കുറിച്ച് ഓരോ രക്ഷിതാക്കളും ആലോചിച്ചിട്ടുണ്ടാകും. അത്രമാത്രം രോഗികളെ പരിപാലിക്കാൻ മിടുക്കുള്ള വാനമ്പാടിയായിരുന്നു ജസീന്ത. ഓസ്ട്രേലിയൻ റേഡിയോ ജോക്കികളുടെ ചതിക്ക് ഇരയായതിനെ തുടർന്ന് ലണ്ടനിൽ ആത്മഹത്യ ചെയ്യുകയായിരുന്നു മാഗ്ലൂർ സ്വദേശിനിയായ ജസീന്ത. എഡ്വേർഡ് സെവന്ത് ഹോസ്പിറ്റലിൽ നഴ്സായ അവളെ ബ്രിട്ടീഷ് രാജകുമാരി കെയ്റ്റ് മിഡിൽടണിന്റെ ഗർഭവിവരങ്ങൾ ആസ്ട്രേലിയൻ റേഡിയോ ജോക്കികൾക്ക് ചോർത്തിക്കൊടുത്തു എന്നതിന്റെ പേരിൽ ബ്രിട്ടീഷ്ഗവൺമെന്റ് കുറ്റാരോപണം നടത്തിയിരുന്നു. ഈ ഒരു സംഭവമാണ് ജസീന്തയെ ആത്മഹത്യക്ക് പ്രേരിപ്പിച്ചതെന്ന് പ്രാഥമിക നിഗമനം. നറുമുലപ്പാലിൽ അലക്കിയെടുത്ത തിരുവസ്ത്രത്തിനുള്ളിലെ അവളുടെ ഉടൽ രംഗബോധമില്ലാത്ത കോമാളി കൊത്തിപ്പറിച്ചുകൊണ്ടുപോയ നിമിഷങ്ങൾ... രാജകീയ രഹസ്യം ചുടുവാർത്തയാക്കാനുള്ള മാധ്യമപ്രവർത്തകരുടെ കുതന്ത്രത്തിൽ ജീവൻപൊലിക്കാൻ മാത്രം വിഡ്ഢിയായിരുന്നോ ജസീന്ത! അതോ! മനുഷ്യനെ നശിപ്പിക്കാം പക്ഷെ, തോൽപ്പിക്കാനാവില്ലായെന്ന ഹെമിംഗ്വേയുടെ വാചകം അവൾ തലമുടിനാരിലെ സ്ലൈഡിനോടൊപ്പം പിൻചെയ്ത് സൂക്ഷിച്ച് വെച്ചിട്ടുണ്ടായിരുന്നോ? എന്താണെങ്കിലും ജോലിയിൽ ഇത്രമാത്രം സത്യസന്ധത പുലർത്തിയിരുന്ന ഒരു നഴ്സിന്റെ പരാജയം മാത്രമായി ഈ ആത്മഹത്യയെ നോക്കിക്കാണാൻ സാധിക്കില്ല. നയമേത് അഭിനയമേതെന്ന് തിരിച്ചറിയാത്ത പ്രതിസന്ധിഘട്ടങ്ങളിൽ ഇറ്റിറ്റു വീഴുന്ന ഇരുട്ടാണ് അവൾക്ക് ചുറ്റും ഉണ്ടായിരുന്നതെന്ന് തീർച്ച. തൽസമയത്ത് അവളെ

***ആത്മഹത്യ പരാജിതന്റെ വിജയമാണെന്നും സ്നേഹിക്കുന്നവന്റെ ആശ്രയമാണെന്നും സ്വയം ഘാതകർ രേഖപ്പെടുത്തുമ്പോൾ തന്നെ നമുക്ക് ചുറ്റും ഒരു ദിവസം സ്വജീവിതം ഊരിയെറിയുന്ന അനേകം പേരുടെ വിജയാഘോഷങ്ങൾ കണ്ടില്ലെന്ന് നടിക്ക വയ്യ. പരസ്പരാശ്രയമില്ലാത്തതിന്റേയും വിശ്വാസരാഹിത്യത്തിന്റേയും പേരിൽ ജീവൻപോലും പൊലിയാതിരിക്കാൻ നമുക്ക് ശ്രമിക്കാം.***


സാന്ത്വനിപ്പിക്കാനോ സമാധാനപ്പെടുത്താനോ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ സ്ഥിതി നേരെ മറിച്ചായേനെ. ആത്മഹത്യ ഒരു കുറ്റമാണെന്ന് കോടതി തന്നെ പറഞ്ഞിട്ടുണ്ട്. ആത്മഹത്യക്ക് പ്രേരിപ്പിക്കുന്നതും കോടതിയുടെ കണ്ണിൽ കുറ്റം തന്നെ. ആത്മഹത്യ ഒരു സംഭവമല്ല അത് കേവലം ഒരു വികാരപ്രകടനം മാത്രമാണെന്ന സൈക്യാട്രിസ്റ്റുകളുടെ വിലയിരുത്തൽ പ്രകാരം ജസീന്ത മരണത്തിന്റെ പ്രിയദർശിനിയാകാൻ ഏറെ ദിവസങ്ങൾക്ക് മുമ്പ് തയ്യാറെടുപ്പ് നടത്തിയിരുന്നുവെന്ന് കണ്ടെത്താം. അതിനുള്ള തെളിവാണ് മരണത്തിന്റെ തൊട്ടുമുമ്പിലുള്ള ദിവസങ്ങളിൽ അവൾ എഴുതിയ ഡയറിക്കുറിപ്പുകൾ. "ഈയൊരു മരുന്നുകൊണ്ടെങ്കിലും അയാൾ രക്ഷപ്പെട്ടിരുന്നെങ്കിൽ എന്റെ ജീവിതം ധന്യമായേനെ" എന്ന് ഒരിക്കൽ അവൾ പുസ്തകത്താളുകളിൽ കുറിച്ചിട്ടു. ഒറ്റനോട്ടത്തിൽ ഈയൊരു കുറിപ്പ് അവളുടെ ജോലിയിലെ സത്യസന്ധതയെ വെളിപ്പെടുത്തുന്നതാണെങ്കിലും താൻ ആഗ്രഹിക്കുന്ന പുതുമണവാളനെ പുൽകാൻ അധികം വൈകാതെ തന്നെ അവൾ കൊതിച്ചിരുന്നുവെന്ന് കണ്ടെത്താം. ആത്മഹത്യയുടെ പ്രത്യയശാസ്ത്രങ്ങൾ ഇങ്ങനെയുമാകാം... ഒരുവൻ അല്ലെങ്കിൽ ഒരുവൾ ജീവിതത്തെ അങ്ങേയറ്റം ആസക്തിയോടെ നോക്കിക്കാണുന്ന നിമിഷങ്ങളിൽ അവർ തന്റെ അപരയായ മരണത്തെ തിരയുന്നുണ്ടാകും. ജസീന്തയുടെ ജീവിതത്തിലും ഇത് തന്നെയാണ് സംഭവിച്ചത്. തന്റെ ജോലിയുടെ സത്യസന്ധതയെ ചോദ്യം ചെയ്തതിലുള്ള പ്രതിഷേധത്തെ മരണത്തെ പുൽകാനുള്ള അനേകം കാരണങ്ങളിൽ ഒന്നുമാത്രമാക്കി മാറ്റി. ഓരോ മനുഷ്യന്റെ ഉള്ളിലും ഇത്തരത്തിലുള്ള വിജയത്തിന്റെ പോരാട്ടങ്ങളുണ്ടാകും. ഈ പോരാട്ടങ്ങൾ തന്നെയാണ് ചരിത്രനിർമ്മിതിയിൽ അവരുടെ സ്ഥാനം നിർണ്ണയിക്കുന്നത്. ചരിത്രത്തിൽ ജസീന്തയുടെ സ്ഥാനം നിർണ്ണായകം തന്നെ! ജസീന്ത ആത്മഹത്യയിലൂടെ ഈ ഒരു സ്ഥാനക്കയറ്റം ആഗ്രഹിച്ചിട്ടുണ്ടാകും. "സത്യം പറയുമ്പോൾ ഞാൻ ഒറ്റയ്ക്കാവും ഞാൻ പറയുന്നത് കേൾക്കാൻ ആളില്ലാതിരിക്കാം. എന്നാൽ മറ്റു ശബ്ദങ്ങൾ കലർന്നാൽ എന്റെ ശബ്ദം കേൾക്കാതിരിക്കില്ലെന്ന" ഗാന്ധിജിയുടെ സന്ദേശത്തെ ഒട്ടൊരു മസോക്കിസ് ഭാവത്തോടെയാണ് ഒരു പക്ഷെ ജസീന്തയും നോക്കി കണ്ടിട്ടുണ്ടാവുക. പ്രതീക്ഷക്കപ്പുറമായി മറ്റുള്ളവരുടെ ശബ്ദങ്ങളെ തളർത്തിയല്ലേ അവൾ സ്വന്തം ശബ്ദം കാണികൾക്കായി കേൾപ്പിച്ചത്. സ്ത്രീക്ക് ആഴമുള്ള ഒരു മനസ്സുണ്ടെന്നും അവർ ദയാലുക്കളും വികാരജീവികളും ദൃഢസ്വഭാവക്കാരുമാണെന്ന് വിചാരിക്കുമ്പോഴും അവളുടെ മനസ്സിനെ തൊട്ടുണർത്താൻ ആർക്കും കഴിയുന്നില്ലെന്നതാണ് സ്ത്രീ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.


ആത്മഹത്യ പരാജിതന്റെ വിജയമാണെന്നും സ്നേഹിക്കുന്നവന്റെ ആശ്രയമാണെന്നും സ്വയംഘാതകർ രേഖപ്പെടുത്തുമ്പോൾ തന്നെ നമുക്ക് ചുറ്റും ഒരു ദിവസം സ്വജീവിതം ഊരിയെറിയുന്ന അനേകം പേരുടെ വിജയാഘോഷങ്ങൾ കണ്ടില്ലെന്ന് നടിക്ക വയ്യ. പരസ്പരാശ്രയമില്ലാത്തതിന്റേയും വിശ്വാസരാഹിത്യത്തിന്റേയും പേരിൽ ജീവൻപോലും പൊലിയാതിരിക്കാൻ നമുക്ക് ശ്രമിക്കാം. ആത്മഹത്യ തടയുന്ന ഒരുപാട് രക്ഷാകേന്ദ്രങ്ങൾ നമുക്ക് ചുറ്റുമുള്ളത് സാക്ഷരകേരളത്തെ സംബന്ധിച്ച് അഭിമാനകരമാണ്. എന്നിട്ടും കേരളം ഇന്ന് ആത്മഹത്യയുടെ പറുദീസാകേന്ദ്രങ്ങളായി തീർന്നിരിക്കുകയാണ്. കണ്ണടച്ച് തുറക്കുന്ന നിമിഷത്തിനുള്ളിൽ ചുരുങ്ങിയത് അഞ്ച് ആത്മഹത്യയെങ്കിലും നടക്കുന്നുണ്ടാകുമെന്നാണ് ലോകാരോഗ്യസംഘടനയുടെ വിലയിരുത്തൽ. സാമൂഹ്യസ്നേഹിയായ മനുഷ്യന്റെ ഏറ്റവും മികച്ച സാമൂഹ്യപ്രവർത്തനം ഇനി മുതൽ ആത്മഹത്യക്കെതിരെയാകട്ടെ. ഒരു ജീവനു വേണ്ടിയുള്ള പൊരുതലിൽ നമുക്കും ഇതിൽ പങ്കാളികളാകാം.

●

സിനിമ

ഡോ. സുഷമ. എൽ





# നിശ്ശബ്ദമാക്കപ്പെട്ട കാലഘട്ടവും കാഞ്ചനസീതയും

**സി.** എൻ. ശ്രീകണ്ഠൻനായരുടെ നാടകത്രയത്തിലെ 'കാഞ്ചന സീത' എന്ന പ്രശസ്തമായ നാടകത്തെ അവലംബിച്ചു അരവിന്ദൻ നിർമ്മിച്ച സിനിമയാണല്ലോ കാഞ്ചനസീത. സി. എന്റെ ഓർമ്മയ്ക്കു മുന്നിലാണ് അരവിന്ദൻ സിനിമ സമർപ്പിക്കുന്നത്. സീത എന്ന കഥാപാത്രമേ ഇല്ലാതെ സി. എൻ. ശ്രീകണ്ഠൻ നായരെ പിന്തുടർന്ന് അരവിന്ദനും സീതയ്ക്കു സിനിമയിൽ പാത്രാവസരം നല്കുന്നില്ല. സി. എന്റെ നാടകം തന്നിലുണ്ടാക്കിയ അനുരണനം ഇന്ത്യയുടെ ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടവുമായി കൂട്ടി വായിക്കുകയാണോ അരവിന്ദൻ ചെയ്തതെന്ന് പരിശോധിക്കയാണിവിടെ.

വ്യക്തിയേക്കാൾ, രാജാവ് എന്നതിൽ അഭിമാനിക്കുന്ന രാമന് തന്റെ ഉള്ളിലെ സംശയാഗ്നിയെ അണയ്ക്കാനാവുന്നില്ല. ആത്മസംഘർഷത്തെ മറച്ചുവെയ്ക്കാൻവേണ്ടിയാണ് രാമൻ ജനഹിതം എന്ന മറ ഉപയോഗിക്കുന്നത്. ജനഹിതം എന്ന രാമന്റെ മനസ്സിന്റെ മറയെ ഭരതനും കൗസല്യയും ഊർമ്മിളയും കാഞ്ചനസീത നാടകത്തിലൂടെ വലിച്ചു കീറുന്നു. വസിഷ്ഠന്റെ ആജ്ഞയെ ശിരസാവഹിക്കുന്ന രാമരാജാവിനു പിടിച്ചടക്കാനുള്ള മോഹം അവസാനിച്ചിട്ടില്ലായിരുന്നു. ലങ്കയുടെ കീഴടക്കലിനുശേഷമുള്ള തുടർയാത്രയായിട്ടാണ് അശ്വമേധത്തെ കാണേണ്ടത്. രാജാവായ രാമൻ അശ്വമേധത്തിലൂടെ നീങ്ങുന്നത് ചക്രവർത്തി പദത്തിലേക്കാണ്. അശ്വമേധയാഗത്തിൽ പത്നി ആവശ്യമായി വരുമ്പോൾ വസിഷ്ഠൻ അതിനും വഴി കണ്ടെത്തുന്നു. ജനഹിതം എന്ന തന്റെ മറനഷ്ടപ്പെടാതിരിക്കാൻ കരുതലുള്ള രാമന്റെ തീരുമാനം കാഞ്ചനപ്രതിമയിൽ എത്തിനിൽക്കുന്നു. ഏകപത്നീവ്രതമെന്ന ആദർശത്തിലുറച്ചുനില്ക്കുന്നുവെന്ന തോന്നലുണ്ടാക്കുന്നത് ജനഹിതം തനിക്കനുകൂലമാക്കാൻ ഉപകരിക്കുമെന്നു രാമൻ കരുതുന്നുണ്ട്. ഇങ്ങനെ അധികാരി/പ്രജ, ഭർത്താവ്/ ഭാര്യ, രാജാവ്/രാജ്ഞി എന്നീ ദ്വന്ദ്വങ്ങളിലൂടെ

നിസ്സഹായതയോ നിസ്സംഗതയോ നടിച്ചു താനുദ്ദേശിക്കുന്ന രീതികളിലേക്കു നീങ്ങുന്ന രാമന്റെ ചിത്രം, നാടകം മലയാളികൾക്കു നൽകി. കഠാരമുനയ്ക്കൊപ്പം ശക്തമായ സംഭാഷണങ്ങളാൽ നാടകം ആത്മാഹന്തകളെ കീറിമുറിക്കുന്നുണ്ട്. അവിടെ നിന്നുള്ള യാത്രയാണ് അരവിന്ദന്റെ കാഞ്ചനസീത.

സമാന്തരസിനിമയുടെ പ്രതിനിധിയായ അരവിന്ദനു സിനിമയിലൂടെ പറയാതെ പറയാനുള്ള അവസരം ധാരാളം കിട്ടിയിട്ടുണ്ട്. കാഞ്ചനസീതസിനിമയിൽ വളരെ കുറച്ചു സംഭാഷണങ്ങളേയുള്ളൂ. ദൃശ്യഭാഷയുടെ മാധ്യമമായ സിനിമയുടെ സവിശേഷതയായി അതിനെ വായിക്കാൻ കഴിയും. മറ്റൊരു വിധത്തിൽ നിശ്ശബ്ദതയുടെ കാലഘട്ടത്തെ നിശ്ശബ്ദമായി തന്നെ കാണാൻ വിടുക എന്ന തന്ത്രമായി ഇതിനെ കരുതാം. സംഭാഷണങ്ങൾ കുറച്ചതിനു കാരണം ഒരു അഭിമുഖത്തിൽ അരവിന്ദൻ പറയുന്നു: രാമായണ കഥ എല്ലാവർക്കുമറിയാം, അത് ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. വാക്കുകളിലൊതുങ്ങിപ്പോവാതെ, കാഴ്ചയിലൂടെ, പറയുന്നതിനപ്പുറം ചിന്തിക്കാൻ കഴിയണമെന്നു അദ്ദേഹം നിശ്ചയമായും കരുതിയിട്ടുണ്ട്. അരവിന്ദൻ രാമകഥയെ മറ്റാരും കാണാത്ത വിധത്തിൽ അവതരിപ്പിച്ചുവെന്ന വായന അക്കാലത്തുതന്നെയുണ്ടായിട്ടുണ്ട്. എന്നാൽ ഈ സിനിമയെടുത്ത 1977 കാലഘട്ടത്തെക്കുറിച്ചുള്ള ചിന്തയിൽ നിന്ന് സിനിമയുടെ കാഴ്ചയെ മറ്റൊരു വിധത്തിൽ കൂടി അരവിന്ദൻ വിന്യസിച്ചിട്ടുണ്ടെന്നുള്ള തോന്നൽ ജനിക്കുന്നു. 1975–77 അടിയന്തരാവസ്ഥ നിശബ്ദമാക്കിയ ഇന്ത്യൻ സാഹചര്യത്തിൽ സംഭാഷണങ്ങൾക്കു പ്രസക്തിയും പ്രാധാന്യവും നഷ്ടപ്പെട്ടു. നാവടക്കൂ, പണിയെടുക്കൂ എന്ന മുദ്രാവാക്യത്തോടുള്ള പ്രതിഷേധം സിനിമയിലേക്കും വ്യാപിച്ചിരിക്കുന്നതായി കാണാം.

മലയാളത്തിലും മറ്റ് ഇന്ത്യൻ ഭാഷയിലും പലയാവർത്തി രാമകഥ സിനിമയിലെത്തിയിട്ടുണ്ട്. ആദർശത്തിന്റെ പ്രതിനിധിയായ നരോത്തമനായ രാമനും ദൈവാംശമായ രാമനും വ്യക്തിസംഘർഷങ്ങളിൽപ്പെട്ടുഴലുന്ന സാധാരണ മനുഷ്യനായ രാമനും മറ്റുള്ളവരാൽ നയിക്കപ്പെടുന്ന രാമനും മറ്റും സിനിമകളിൽ കടന്നുവന്നിട്ടുണ്ട്. എന്നാൽ ഈ സിനിമ രാജദേവ വേഷങ്ങളുടെയും കൊട്ടാരക്കെട്ടുകളുടെയും ആഡംബരങ്ങളെ കൊഴിച്ചുകളഞ്ഞിരിക്കുന്നു. കെട്ടുകാഴ്ചകളായിമാറുന്ന കൊട്ടാരദൃശ്യങ്ങളും ഭൃത്യവൃന്ദ അടിമത്തവും ഉപേക്ഷിച്ചിരിക്കുന്നു. പതിനായിരത്തോളം പേരടങ്ങുന്ന ദൃശ്യവിരുന്നുകൾ, സംഗീതവേളകൾ എല്ലാം ഒഴിവാക്കിക്കൊണ്ട് അവയിലൊന്നും കാണാത്ത മറ്റു ചിലയിടങ്ങളിലേക്കു കഥയേയും കഥാഗതിയേയും നീക്കി നിർത്താൻ അരവിന്ദനു കഴിഞ്ഞിരിക്കുന്നു.

ആന്ധ്രാപ്രദേശത്തിലെ ഗോദാവരി തീരത്തു രാമചെഞ്ചു എന്ന ആദിമവാസികൾ അവർ ഇക്ഷ്വാകു വംശത്തിന്റെ പിൻമുറക്കാരായി കരുതി ജീവിച്ചുപോരുന്ന കഥ ചിന്താരവിയിൽ നിന്നാണ് അരവിന്ദൻ മനസ്സിലാക്കിയത്. ഈ അറിവ് ഉപയോഗിച്ചുകൊണ്ട് അരവിന്ദൻ ആന്ധ്രയിലെ ഉണ്ടാവലി വിജയവാഡ കാട്ടിൽ മൂന്നാഴ്ചകൊണ്ടാണു ഈ സിനിമ ചിത്രീകരിച്ചത്. ഇക്ഷ്വാകു വംശത്തിന്റെ പിൻതലമുറക്കാരായി സ്വയം കരുതുന്ന ഗോത്രവർഗ്ഗക്കാരിൽ നിന്നാണു രാമനെയും ലക്ഷ്മണനെയും സ്വീകരിച്ചത്. കുടവയറും ഊശാൻ താടിയുമുള്ള ചുണങ്ങു പിടിച്ച കഥാപാത്രങ്ങളെ സിനിമാറ്റിക് കാഴ്ചകൾ നോക്കിയല്ല തെരഞ്ഞെടുത്തത്. അവർക്കു നൽകാതിരുന്ന വേഷ ആഡംബരങ്ങളും ചമയങ്ങളുമെല്ലാം അവരെ പച്ച മനുഷ്യരാക്കി. മറ്റുള്ളവരിൽ നിന്നു വ്യത്യസ്തരല്ലാതാക്കുകയും ചെയ്തു. ഇക്ഷ്വാകുവംശവും രാമരാജ്യവും എല്ലാം ഒരു ഗോത്രകഥയാക്കി മാറ്റാൻ ഈ ഒരു തെരഞ്ഞെടുപ്പിലൂടെ നിഷ്പ്രയാസം സാധിച്ചു. ഒരു ഗോത്രവർഗ്ഗത്തിന്റെ കഥയാക്കി മാറ്റിക്കൊണ്ട് ആ ഗോത്രത്തലവനെ കൊണ്ടു അഭിനയിപ്പിച്ചു. ശംബുകനായി ആ തെരുവിലെ ഒരു മുനിയെ തെരഞ്ഞെടുത്തു. കാട്ടിലെ പാറപ്പുറമാണു തീരുമാനമെടുക്കുന്ന സ്ഥലം. പത്തോ അമ്പതോ പശുക്കളെ ദൂരക്കാഴ്ചയിൽ കാണിച്ചുകൊണ്ട് രാജ്യത്തിന്റെ ഗോസമ്പത്തിനെ അടയാളപ്പെടുത്തുന്നു. ജനപഥങ്ങളിൽ നിറയാത്ത ജനക്കൂട്ടം, ഓല മറച്ചുകെട്ടിയ യാഗസ്ഥലത്തിന്റെ പ്രൗഢതയില്ലായ്മ, ആകെ പത്തോ പന്ത്രണ്ടോ നടീനടന്മാർ മാത്രം. അതിൽ രണ്ടു സ്ത്രീകൾ, ഊർമ്മിള, ശംബുക പത്നി എന്നിവരും മാത്രം. ഇങ്ങനെയൊക്കെയാണ് സിനിമക്ക് കളമൊരുക്കുന്നത്.

രാമരാജ്യം എന്ന സങ്കല്പം ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുമുമ്പു മുതൽ ഗാന്ധിജിയുടെ വാക്കുകളിലൂടെ അനേകരാൽ ആവർത്തിച്ചുച്ചരിക്കപ്പെട്ടതും മന്ത്രതുല്യവുമാണ്. ഇക്ഷ്വാകുവംശവും പിൻതലമുറയും അവകാശപ്പെടുന്ന ഭരണപ്രദേശത്തെ അടയാളപ്പെടുത്താൻ ഗോദാവരി തീരത്തെ ചിത്രീകരണത്തിനു തെരഞ്ഞെടുത്തു. ഗോദാവരി തീരത്തെ കൽക്കെട്ടുകൾ രാജധാനിയും ഓലമറച്ച യാഗശാലയു

*മലയാളത്തിലും മറ്റ് ഇന്ത്യൻ ഭാഷയിലും പലയാവർത്തി രാമകഥ സിനിമയിലെത്തിയിട്ടുണ്ട്. ആദർശത്തിന്റെ പ്രതിനിധിയായ നരോത്തമനായ രാമനും ദൈവാംശമായ രാമനും വ്യക്തിസംഘർഷങ്ങളിൽപ്പെട്ടുഴലുന്ന സാധാരണ മനുഷ്യനായ രാമനും മറ്റുള്ളവരാൽ നയിക്കപ്പെടുന്ന രാമനും മറ്റും സിനിമകളിൽ കടന്നുവന്നിട്ടുണ്ട്.*

മായി മാറുമ്പോൾ നാം ഐതിഹ്യ പുരാണങ്ങളിലൂടെ വായിച്ച മായാ മോഹനരംഗങ്ങളെയെല്ലാം റദ്ദു ചെയ്യാൻ നിഷ്പ്രയാസം വഴിയൊരുങ്ങുന്നു. നിറമുള്ള സിനിമയിൽ വാണിജ്യ സിനിമയുടെ മുഖവേഷപകർച്ചകളെ നിരാകരിച്ചു. ഒരു ഗോത്രവർഗ്ഗകഥയെ പുത്തൻ സംസ്കാര പരിഷ്ക്കാരത്തിലേക്കു നീങ്ങുന്ന ജനത അവരുടെ സ്വപ്നങ്ങളിലൂടെ പുനർസൃഷ്ടിക്കുമ്പോൾ സംഭവിക്കുന്ന എല്ലാ മഹത്വഘോഷങ്ങളെയും നിരസിക്കാൻ ഇത്തരം പശ്ചാത്തല, കഥാപാത്ര സൃഷ്ടികളിലൂടെ അരവിന്ദനു കഴിഞ്ഞു. പ്രാകൃത സംസ്കാരത്തിന്റെ അവശിഷ്ടങ്ങളായ കാടൻ നീതികൾ എന്ന് ധ്വനിപ്പിക്കാൻ വേണ്ടി കൂടിയാവും കാട്ടിലെ അന്തരീക്ഷത്തിലേക്ക് കാഞ്ചനസീത സിനിമയെ കൂട്ടിക്കൊണ്ടുപോയത്. ഓരോ സംസ്കാരവും മുൻ തലമുറയുടെ ജീവിത രീതികളിൽ നിന്ന് പരിഷ്കരിക്കപ്പെട്ടാണ് മുന്നോട്ടു പോകുന്നതെന്നാണ് നാം സാമാന്യേന കരുതുന്നത്. ഈ സംസ്കാര പുരോഗതിസങ്കല്പത്തെ തകിടം മറിച്ച ഒരു ഭരണ കാലഘട്ടത്തെ സൂചിപ്പിക്കാൻ വേണ്ടി കൂടിയാകാം ഈ പശ്ചാത്തലത്തിലേക്ക് നീങ്ങിയത്. ഒരു കാടൻ ഭരണകാലം എന്ന വ്യഞ്ജന വളർത്തിക്കൊണ്ടുവരാൻ പര്യാപ്തമായ എത്രയോ ദൃശ്യങ്ങൾ അരവിന്ദൻ കോർത്തുവെച്ചിട്ടുണ്ട്.

രാമകഥയെ ആശ്രയിച്ച സിനിമകളിൽ ഭൂരിഭാഗവും രാമന്റെ ബാല്യകാലത്തെ വൈകാരികഭംഗിയോടെ ചിത്രീകരിക്കുന്നുണ്ട്. മൂന്നമ്മമാരുടേയും പിതാവിന്റേയും സ്നേഹവാൽസല്യങ്ങളാൽ വളർന്ന ശക്തനും സുന്ദരനുമായ കുട്ടി. എന്നാൽ ബാലകനാവുമ്പോൾ തന്നെ അസുരന്മാരെ വില്ലൊച്ചയാൽ അകറ്റുന്ന വീരരാമൻ കാഞ്ചനസീതയിലില്ല. തപസ്സുചെയ്യുന്ന ശംബുകനു നേരെ അമ്പെടുക്കുന്ന രാമനാണു ഇതിലുള്ളത്. അമ്പു തൊടുക്കുന്നത് അസുരനുനേരെയല്ല, അശക്തനായ മറ്റൊരു മനുഷ്യനു നേരെയാണെന്നതു ശ്രദ്ധിക്കേണ്ടതാണ്. എന്താണ് പുരാണത്തിൽ ശംബുകനുനേരെ ഉന്നയിക്കപ്പെട്ട തെറ്റ്. തപസ്സു ചെയ്തുവെന്ന തെറ്റ്, അവനവന്റെ ധർമ്മം വിട്ടുപ്രവർത്തിച്ചുവെന്ന തെറ്റ്, ബ്രാഹ്മണൻ ചെയ്യേണ്ടത് ചെയ്തുവെന്ന മഹാപരാധം. അതു മാത്രമല്ല ശംബുകൻ തപസ്സുചെയ്തതുകൊണ്ടു ബ്രാഹ്മണകുട്ടി മരിച്ചുപോയി. അതിനാൽ ഇനിയും അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടിയാണ് രാമനും ലക്ഷ്മണനും കാട്ടിലേയ്ക്കു നീങ്ങുന്നത്. ഈ യാത്രയാണു സിനിമയുടെ തുടക്കം. ധർമ്മം തെറ്റിക്കുന്നവനെ ശിക്ഷിക്കുന്നതിനുള്ള അധികാരം, പിതാവിന്റെ കയ്യിൽനിന്നു പാരമ്പര്യമായി ലഭിച്ച അധികാരിയുടെ ഭരണപാടവം വ്യക്തമാക്കുന്ന ദൃശ്യം. പാരമ്പര്യമായി ലഭിച്ച അധികാരത്തെ ദുർവിനിയോഗം ചെയ്യുന്ന അധികാരിയുടെ കഥ.

നിശ്ശബ്ദമായ നിമിഷങ്ങളിലൂടെ സിനിമ കുറെ നേരം കടന്നു പോകുന്നു. ഇതിലൂടെ നിശ്ശബ്ദമാക്കപ്പെട്ട രാജ്യത്തെയും ജനങ്ങളെയും ഓർമ്മിപ്പിക്കുന്നു. സിനിമയുടെ തുടക്കത്തിലെ ഈ നിശ്ശബ്ദത കാണികൾക്കു നൽകുന്ന മുന്നറിയിപ്പുകൂടിയാണ്. കാര്യങ്ങൾ തിരിച്ചറിയേണ്ടതു നിങ്ങൾതന്നെയാണ്. എല്ലാ തിയേറ്ററുകളിലും അക്കാലത്തു ഈ സിനിമ പ്രദർശിപ്പിച്ചപ്പോൾ കാണികൾ സിനിമ തുടങ്ങി അൽപസമയത്തിനുള്ളിൽ ഒരു സംഭാഷണവും കേൾക്കാതെ എന്തെങ്കിലും ഒന്നു മിണ്ടൂ, ആരെങ്കിലും എന്തെങ്കിലും ഒന്നു പറയൂ വെന്ന ആക്രോശം ഉയർത്തിയിരുന്നു. താഴെ സീറ്റുകളിലെ പ്രതികരണശേഷി നഷ്ടപ്പെടാത്തവരാണ് വിളിച്ചുകൂവിയിരുന്നത്. പ്രതികരണശേഷി നഷ്ടപ്പെട്ടവരെ അത്തരത്തിൽതന്നെ സിനിമ വെല്ലുവിളിക്കുന്നുണ്ട്. പ്രതികരിക്കേണ്ട സമയത്തു പ്രതികരിക്കാത്തവരെ നിശ്ശബ്ദതയിലേക്കു തള്ളിവിട്ട് സംന്ത്രാസത്തിലേക്കെത്തിച്ചുകൊണ്ടാണ് സിനിമ മുന്നോട്ടു നീങ്ങുന്നത്. ശംബുകനു നേരെ ഉയർത്തുന്ന അമ്പ് തൊടുക്കാതെ ഭാര്യയുടെ യാചന പ്രകാരം മാപ്പു നൽകി അവർ മടങ്ങുന്നു. ഗോദാവരി ഒഴുകുന്നെങ്കിലും പരന്നുകിടക്കുന്ന മണൽ തിട്ടകളുടെ വരൾച്ച ആർദ്രത നഷ്ടപ്പെട്ടതിനെ ബോധ്യമാക്കുന്നു. ഉറച്ചു നിൽക്കുന്ന പർവ്വതപംക്തികൾ അധികാരിയുടെതലയെടുപ്പിനെയും തീരുമാനങ്ങളുടെ ശക്തിയേയും സൂചിപ്പിക്കുന്ന ബിംബങ്ങളായി സിനിമ ആവർത്തിക്കുന്നു.

സുവർണ്ണലോഹത്താൽ നിർമ്മിതമായ ചെറുപ്രതിമ മാത്രമായി രാമപത്നി മാറുന്ന സിനിമയിൽ സീത എന്ന കഥാപാത്രമില്ല. സീത പ്രകൃതി തന്നെയാണെന്നും സീതയ്ക്കു മരണമില്ലെന്നും കാഞ്ചനസീത നാടകത്തിൽ പറയുന്നുണ്ട്. അവിടെ നിന്നാണ് ഈ സിനിമ ആരംഭിക്കുന്നതെന്നു സിനിമാ നിരൂപകർ നേരത്തെ തന്നെ പറഞ്ഞുവെച്ചിട്ടുമുണ്ട്.

അധികാരമോഹം ഏതു ഭരണാധികാരിയിലും സ്ത്രീയിലും പുരുഷനിലും സ്ഥിതിചെയ്യുന്നു. അതു കീഴടക്കലുകളും പിടിച്ചടക്കലുകളും നിശ്ശബ്ദമാക്കലും ഒഴിവാ

***ഓരോ സംസ്കാരവും മുൻ തലമുറയുടെ ജീവിത രീതികളിൽ നിന്ന് പരിഷ്കരിക്കപ്പെട്ടാണ് മുന്നോട്ടു പോകുന്നതെന്നാണ് നാം സാമാന്യേന കരുതുന്നത്. ഈ സംസ്കാര പുരോഗതി സങ്കല്പത്തെ തകിടം മറിച്ച ഒരു ഭരണ കാലഘട്ടത്തെ സൂചിപ്പിക്കാൻ വേണ്ടി കൂടിയാകാം ഈ പശ്ചാത്തലത്തിലേക്ക് നീങ്ങിയത്.***

ക്കലുകളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അധികാരി, പുരുഷൻ എന്ന സമീകരണത്തെ അരവിന്ദൻ കാഞ്ചനസീതയിലൂടെ ചോദ്യം ചെയ്യുന്നുണ്ട്. കാഞ്ചനസീത നാടകത്തിൽ "അയോദ്ധ്യയുടെ കണ്ഠം വിഛേദിക്കാനുള്ളതല്ല കുമാരാ നമ്മുടെ ഖഡ്ഗം" എന്ന് രാമൻ ഭരതനോടു പറയുന്നുണ്ട്. ഈ സംഭാഷണത്തിൽ നിന്നു സിനിമയുടെ രാഷ്ട്രീയം ആരംഭിക്കുന്നുവെന്നു പറയാം. ഖഡ്ഗം കൊണ്ടു നിശ്ശബ്ദമാക്കിയ അധികാരിയെ സ്ത്രീ/പുരുഷ ദ്വന്ദ്വത്തെ മറികടന്ന് ഏകമാക്കാൻ അരവിന്ദൻ ശ്രമിച്ചു. ഖഡ്ഗത്താൽ ജനങ്ങൾ നിശ്ശബ്ദരാക്കപ്പെട്ട ഒരു കാലത്തിന്റെ കഥയാണ് അരവിന്ദൻ കാഞ്ചനസീതയിലൂടെ വരക്കാൻ ശ്രമിച്ചതെന്ന് വ്യക്തം. ഈ വീക്ഷണത്തിൽ നിന്നുകൊണ്ട് സിനിമയിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ധാരാളം ദൃശ്യങ്ങൾ സങ്കലനത്തിലും പരസ്പരസമന്വയത്തിലുമെത്തിച്ചേരുന്നതു കാണാം. രാമായണത്തിൽ കാണുന്ന രാമകുമാരന്റെ ബാല്യം ജനങ്ങൾ കൊതിച്ചു ലാളിച്ച ബാല്യമായിരുന്നു. ഇന്ത്യ ആഗ്രഹിച്ച് സ്വന്തമാക്കിയ ബാല്യയൗവനങ്ങൾ പ്രിയദർശിനിക്കുമുണ്ടായിരുന്നു. അച്ഛൻ ജയിലിൽ നിന്ന് മകൾക്കയച്ച കത്തുകൾ വ്യക്തിഭേദമില്ലാതെ എല്ലാവരും സ്വന്തമാക്കി. അമ്മമാരുടെ ലാളന നേടിയ രാമകുമാരനോടു ചേർത്തുവെയ്ക്കാവുന്നതാണ് ഗാന്ധിജിയോടൊപ്പമുള്ള ചെറുപ്രിയദർശിനിയുടെ പ്രശസ്ത ചിത്രവും ജീവിതവും. ഇന്ത്യ കൊതിച്ച ഒരു ബാല്യത്തിനു അവകാശിയായി മാറുന്ന പ്രിയദർശിനിയെയാണ് അന്നു ജനം കണ്ടെത്തിയത്. വ്യക്തി/സ്ഥാപനം എന്ന ദ്വന്ദ്വം വ്യക്തിയിൽ നിന്ന് സ്ഥാപനമായി വളരുമ്പോൾ നഷ്ടപ്പെടുന്നത് എന്താണ്. വ്യക്തിയിൽ സ്വാർത്ഥമായ അധികാരമോഹം വളരുന്നു. അധികാരത്തെ പുറന്തള്ളി നദികടന്ന രാമൻ കാട്ടിൽ നിന്നു തിരിച്ചു വരുമ്പോഴേയ്ക്കു കീഴടക്കലിന്റെ മോഹമല്ലേ അദ്ദേഹത്തെ ഭരിച്ചത്. ജനങ്ങളുടെ സേവകൻ എന്ന നിലയിൽ അധികാരം ഏറ്റെടുക്കുകയും അതു മോഹിപ്പിക്കുന്ന അശ്വമേധത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

***അധികാരത്തെ പുറന്തള്ളി നദികടന്ന രാമൻ കാട്ടിൽ നിന്നു തിരിച്ചു വരുമ്പോഴേയ്ക്കു കീഴടക്കലിന്റെ മോഹമല്ലേ അദ്ദേഹത്തെ ഭരിച്ചത്. ജനങ്ങളുടെ സേവകൻ എന്ന നിലയിൽ അധികാരം ഏറ്റെടുക്കുകയും അതു മോഹിപ്പിക്കുന്ന അശ്വമേധത്തിലേക്കു നയിക്കുകയും ചെയ്യുന്നു.***

മേധാശ്വത്തിന്റെ വീരയാത്ര ആവേശം പകരുന്ന രാജ്യസ്ഥാപനവൽക്കരണത്തിന്റെ രൂപമാണെങ്കിലും അതു സൃഷ്ടിക്കുന്ന കീഴടക്കലുകൾ ക്രൂരവും മറ്റുള്ളവരെ നിശ്ശബ്ദരാക്കുന്നതുമാണ്. ജേതാവായ അശ്വത്തിന്റെ അന്ത്യമോ ദയനീയവും യാഗത്തിൽ അർപ്പിക്കപ്പെടുന്നതുമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യമെന്നത് സഹനം, അഹിംസ എന്നിവയിലൂടെ നേടിയെടുത്തതും നിലനിർത്തിയതുമാണ്. ധർമ്മാധർമ്മ വിവേചന ബോധമുള്ള ജനത. ധർമ്മം എന്നതു ചാതുർവർണ്യധർമ്മമായി പരിവർത്തിക്കുമ്പോൾ അധർമ്മങ്ങൾ ന്യായീകരിക്കപ്പെടുന്നു. ധർമ്മത്തിനുവേണ്ടി എന്തും ത്യജിക്കുന്ന ബൗദ്ധസംസ്കാരം ജനിച്ചനാട്. ഈ സംസ്കാരത്തിനേറ്റ അടിയാണ് നിശബ്ദമാക്കപ്പെട്ട ഇന്ത്യയുടെ 1975 – 77 കാലഘട്ടം.

ആ ചരിത്രത്തിന്റെ ആഖ്യാനം കൂടിയായി മാറത്തക്കവിധം ശംബുകന്റെ വധശ്രമത്തെ വ്യക്തി സ്വാതന്ത്ര്യത്തിനുമേലുള്ള കൈകടത്തലായി സിനിമ തിരിച്ചറിയുന്നു. കാഞ്ചനസീതയിൽ പ്രകൃതിയും ചുറ്റുമുള്ള ലോകവും തലകീഴായി മറിയുകയും പ്രകമ്പനം ചെയ്യുന്നതുമായ രണ്ടു രംഗങ്ങളുണ്ട്. അക്കാലത്ത് രാജ്യത്തിനുണ്ടായ രണ്ട് കെടുതികളെ ഈ പ്രകമ്പനങ്ങൾ കൃത്യമായും സൂചിപ്പിക്കുന്നുവെന്നു കാണാം. സഹജനെ ശത്രുവായിക്കണ്ട് രാമഭരതന്മാർ നേർക്കുനേർ ആയുധമെടുക്കുന്നു. മറ്റൊരു സിനിമയിലും കടന്നുവരാത്ത രാമകഥാഭാഗമാണിത്. 1971 ലെ പാകിസ്ഥാൻയുദ്ധവും ബംഗ്ലാദേശ്‌വിഭജനവും ഇവിടെ പരാമർശിക്കപ്പെടുന്നുവെന്ന് കരുതാം.

രണ്ടാമത്തേത് പ്രകൃതിക്കു നേരെയുണ്ടായ ആഘാതമാണ്. 1974 ലാണല്ലോ 'ബുദ്ധന്റെ ചിരി'യുണ്ടാകുന്നത്. സിനിമയിൽ മരങ്ങളടർന്നു നിലംപതിക്കുന്നു. ഭൂമിയിലുണ്ടാകുന്ന ഭീകരമായ കമ്പനം ഇതിനെ പ്രതിനിധീകരിക്കുന്നു.

വാല്മീകിയും രാമകഥയും തടയപ്പെടുമ്പോൾ അക്കാലഘട്ടത്തിലെ മനുഷ്യമനസ്സിനെ സ്വാധീനിക്കാൻ കഴിവുള്ള കലകൾക്കെതിരെയും സാഹിത്യത്തിനെതിരെയും മാധ്യമങ്ങൾക്കു നേരെയും ഉണ്ടായിരുന്ന നിരോധനമായി വായിക്കാം. വ്യക്തിയെന്ന നിലയിലെ രാമന്റെ വിരഹദുഃഖം പ്രിയദർശിനിക്കും അർഹതപ്പെട്ടതാണ്.

മേധാശ്വത്തിന്റെ ഗതി സിനിമയിലെ അപൂർവ്വ ചലനാത്മകദൃശ്യങ്ങളിലൊന്നാണ്. ഇത് പിടിച്ചടക്കലിന്റെ ത്വരയെ ശക്തിയോടെ വ്യഞ്ജിപ്പിക്കുന്നു. കാഞ്ചനസീതനാടകത്തിൽ പതിനാലുവർഷത്തെ ഭർതൃവിരഹം നിന്നെ സ്ത്രീയല്ലാതാക്കി തീർത്തുവെന്നുള്ള സംഭാഷണം ഊർമ്മിളയെ ഉദ്ദേശിച്ചു കൗസല്യ പറയുന്നുണ്ട്. ഈ വാക്കുകളും 60 മുതൽ 75 വരെ പതിനാലു വർഷവും അരവിന്ദൻ കാണാതെ പോയിട്ടില്ല. സിനിമയിലേയ്ക്കു ഇതെല്ലാം ചേർത്തുവെയ്ക്കാനാണ് സി. എന്റെ ഓർമ്മയെ കൂട്ടുപിടിക്കുന്നത്. നാടകത്തിൽ വാല്മീകി പറയുന്നുണ്ട് രാമചന്ദ്രന്റെ ഹൃദയ

ശേഷം പേജ് 59ൽ

പേജ് 25 തുടർച്ച

നാധിപത്യപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും എന്നതിൽ സംശയമില്ല. പക്ഷേ ഇന്നും ഇത്തരം പ്രവർത്തനങ്ങളിൽ പുരുഷപങ്കാളിത്തമാണ് കൂടുതൽ. മാത്രവുമല്ല അവർക്ക് പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചും മറ്റും ധാരണയില്ല. അവരെ സംബന്ധിച്ച് പ്രധാനചർച്ചാവിഷയം മൂലധനവും തൊഴിലും തമ്മിലുള്ള പൊരുത്തക്കേടുകൾ മാത്രമാണ്.

കേരളത്തിൽ നിന്നു പോയ എനിക്ക് ത്രിപുരയിലെ കാഴ്ചകൾ പുതിയൊരു അനുഭവം തന്നെയായിരുന്നു. രാജകുടുംബാംഗങ്ങൾ വളർത്തിക്കൊണ്ടുവന്ന വിദ്യാഭ്യാസമേഖലയിലെ സൗകര്യങ്ങൾ സമൂഹത്തിന് വളരെയധികം ഗുണം ചെയ്തിരുന്നു. പക്ഷേ ആരോഗ്യമേഖലയിലെ സൗകര്യങ്ങളുടെ കാര്യത്തിലും അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിലും തൊഴിലാളികളുടെ അവകാശസംരക്ഷണത്തിന്റെ കാര്യത്തിലും ത്രിപുര കേരളത്തെ അപേക്ഷിച്ച് വളരെ പുറകിലാണ്. ഇരുപത്തിയഞ്ച് വർഷം തുടരെ സി.പി.ഐ(എം) ഭരിച്ച പശ്ചിമബംഗാളിലും കാര്യങ്ങൾ വ്യത്യസ്തമല്ല. കേരളത്തിൽ ദളിത്, സ്ത്രീ, പരിസ്ഥിതിസംഘടനകൾ വളർന്നുവന്നതു കാരണം പല ചർച്ചകളുണ്ടാവുകയും ജീവിതം തന്നെ ദുസ്സഹമാക്കുന്ന 'പുരോഗമന'ത്തിന്റെ പേരിൽ നടത്തിവരുന്ന പല പ്രവർത്തനങ്ങൾക്കും കടിഞ്ഞാണിടുവാനും സാധിച്ചു. 70കളിൽ മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന വേളയിലാണ് ക്രിസ്ത്യൻ സമുദായത്തിൽപെടുന്ന ഭൂരിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് രാഷ്ട്രീയപാർട്ടികൾ പോലും ബോധവാന്മാരായത്. ആ കാലത്ത് അത്തരത്തിലുള്ള വേതനം ലഭിക്കാത്ത തൊഴിലാളികളുടെ യൂണിയൻ എന്നത് രജിസ്റ്റർ ചെയ്യാൻ തന്നെ ബുദ്ധിമുട്ടായിരുന്നു. അന്ന് തൊഴിലാളി എന്നാൽ വേതനം ലഭിക്കുന്ന ആൾ എന്നായിരുന്നു അർത്ഥം. 'സേവ' എന്ന സംഘടനക്കും രജിസ്ട്രേഷൻ ലഭിക്കാൻ ബുദ്ധിമുട്ടായിരുന്നു. കാരണം വേതനം ലഭിക്കാത്ത സ്ത്രീകൾ മാത്രമായിരുന്നു സേവയിലെ അംഗങ്ങൾ. കേന്ദ്രതൊഴിലാളി സംഘടന എന്ന നിലയിൽ അംഗീകാരം കിട്ടിയപ്പോൾ മാത്രമാണ്, അതും ഒരു നിയമയുദ്ധത്തിനു ശേഷം, സേവക്ക് കേരളത്തിൽ ഒരു സംഘടന എന്നനിലയിൽ രജിസ്റ്റർ ചെയ്യുവാൻ കഴിഞ്ഞത്.

അജോയ്ദായുടെ അനുഭവങ്ങളിൽ നിന്നും നമ്മൾ ഉൾക്കൊള്ളേണ്ടത് ഒരു തൊഴിലാളിസംഘടന രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നിന്നും സ്വതന്ത്രമായി നിലകൊള്ളണമെന്നും തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്നുമാണ്. 'ശാക്തീകരണ' ത്തിന്റെ പേരിൽ രാഷ്ട്രീയപാർട്ടികൾ സ്ത്രീകളേയും നിയന്ത്രിക്കാൻ തുടങ്ങിയിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയുടെ പൊരുത്തക്കേടുകൾ പുരുഷമേധാവിത്തത്തിന്റെ പൊരുത്തക്കേടുകളിൽപ്പെട്ടവയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും തൊഴിലാളികളെ ചൂഷണം ചെയ്യുന്നത്, സ്ത്രീകളേയും ഭൂമിയേയും ചൂഷണം ചെയ്യുന്നത്. വ്യക്തിക്കെതിരെയുള്ള ആക്രമണങ്ങളെക്കുറിച്ച് മാത്രമാണ് സ്ത്രീസംഘടനകൾ സംസാരിക്കുന്നത്. ഇവിടെ ആക്രമണത്തിന്റെ ശരിയായ മുഖം നമ്മൾ മനസ്സിലാക്കുന്നില്ല എന്നുവേണം കരുതുവാൻ. പുരോഗമനത്തിന്റെ പേരിൽ ഭൂമിയുടെ മേൽ നടത്തിവരുന്ന ചൂഷണങ്ങളെ നാം കാണാതെ പോകുന്നത് ദീർഘവീക്ഷണം ഇല്ലാത്തതുകൊണ്ടാണ്. ഇത്തരം ചൂഷണങ്ങളെ ചോദ്യം ചെയ്യാൻ ശ്രമിക്കാതിരിക്കുന്നത് ട്രേഡ്യൂണിയനിസത്തിനും ക്ഷീണമാണ്.

●

---

പേജ് 46 തുടർച്ച

മായി വിലയിരുത്തുന്നതോടെ ഇരുവരും പൂർണ്ണമായും തകരുന്നു. മറിച്ച് പ്രിയ കൂടുതൽ കരുത്തുനേടുകയാണ്. ഒരിക്കൽ ഭയന്നിരുന്ന റോഡിലൂടെ കടന്നുപോകുമ്പോൾ അവൾക്ക് പേടി തോന്നുന്നില്ല. അവളെ കാണുമ്പോൾ അപകർഷതയോടെ അസ്വസ്ഥനാകുന്ന സഞ്ജീവിനരികിൽ കൂടുതൽ സമയം ചിലവഴിച്ച് അവനെ സംഘർഷത്തിലാഴ്ത്തി സന്തോഷം കണ്ടെത്തുന്നു. ബലാൽക്കാരേണ പ്രാപിച്ചവരെ ലൈംഗിക വേഴ്ചക്ക് ശേഷം തരംതിരിക്കാനും തനിക്ക് അവരെക്കുറിച്ച് തോന്നിയത് അവരോടുതന്നെ തുറന്നു പറയാനുമുള്ള ചങ്കൂറ്റം കാണിച്ച് പ്രിയയിലൂടെ കഥയും കഥാകാരിയും സുഗമമായി കടന്നുപോകാൻ കഴിഞ്ഞിട്ടും മലയാളികൾ പ്രവേശിക്കാൻ മടിച്ചുനിന്ന ഒരു വഴിയിലൂടെ ഏറെ സംയമനത്തോടെ, എന്നാൽ പൂർണ്ണ സ്വാതന്ത്ര്യത്തോടെ സഞ്ചരിക്കുന്നു.

തനിക്ക് ഇരയാകേണ്ട, അനുതാപവും വേണ്ട, ലഭിക്കാത്തതോ നീട്ടിവെച്ച് നീട്ടിവെച്ച് അർത്ഥം തന്നെ നഷ്ടപ്പെട്ടു പോകുന്നതോ ആയ (അ)നീതിക്കായി അനന്തമായി കാത്തിരിക്കാനും ഉദ്ദേശമില്ല എന്നാണ് പ്രിയയുടെ ജീവിതം പറയുന്നത്. ഒരു കഥയുടെ ആദിമധ്യാന്തം പ്രതീക്ഷിതമായ രീതിയിൽ പോകുമ്പോഴേ ആ കഥ വിപ്ലവാത്മകമാവൂ എന്നു കരുതുന്ന ഒരു ശീലമുണ്ട്. അതല്ല കഥയുടെ ഊടുംപാവും നെയ്യുന്നതെന്ത് എന്ന് മാത്രം നോക്കിയും വിലയിരുത്താം. അങ്ങിനെ സമീപിക്കുമ്പോൾ അഗ്നി അതേവരെയുള്ള ബലാത്സംഗം ചെയ്യപ്പെട്ട സ്ത്രീയെക്കുറിച്ചുള്ള സാമൂഹ്യധാരണകൾ പൊളിച്ചടുക്കുന്ന കഥയാണ്. ഇരയും വേട്ടക്കാരനും എന്ന ദ്വന്ദ്വസമവാക്യം പൊളിക്കുന്നു. ബലാത്സംഗം ചെയ്ത പുരുഷനെ തകർക്കാൻ അവർ ഉപയോഗിച്ച അതേ ആയുധം-ലൈംഗികശേഷി-തന്നെ സ്ത്രീയും ഉപയോഗിക്കുന്നു. വേട്ടക്കാർ തകർന്ന് തരിപ്പണമാവുകയും, ഇരയാകാൻ വിസമ്മതിച്ചു നിൽക്കുന്ന പ്രിയക്കുമുമ്പിൽ അടിയറവ് പറയുകയും ചെയ്യുന്നു. എന്നാൽ പ്രിയക്ക് ഇതൊരു ജയപരാജയമാകുന്നില്ല.

കൂട്ടബലാത്സംഗവും തുടർന്ന് അതിനിരയായവൾ അനുഭവിക്കേണ്ടി വന്ന ശാരീരികതവും മാനസികവുമായ സംഘർഷങ്ങളും അടങ്ങിയ ഒരു വിഷയം വൈകാരികതയുടെ അമിതപ്രയോഗങ്ങളില്ലാതെ ഒതുക്കത്തിൽ വികസിപ്പിച്ച് ഒടുവിൽ എല്ലാ സാമ്പ്രദായിക സങ്കൽപ്പങ്ങളേയും അട്ടിമറിച്ച സിതാരയിലെ കഥാകാരി കഥയെ വായനക്കാരിൽ അണയാത്ത ഒരഗ്നിയായി നിലനിർത്താൻ പ്രാപ്തമാക്കി.

●




# പത്മശ്രീ സുകുമാരി ഒരു അനുസ്മരണം

**സുകുമാരി,** മലയാളത്തിന്റെ ഇരുത്തം വന്ന നടി, പല ഭാഷകളിലും വേഷങ്ങളിലുമായി അറുപത് വർഷങ്ങളുടെ അഭിനയപാരമ്പര്യമുള്ള ഒരു ജീനിയസ്സാണ്. പത്തുവയസ്സു മുതൽ ആരംഭിച്ച അവരുടെ സിനിമാഭിനയിത്തിനിടക്ക് മൂവ്വായിരത്തോളം സിനിമകളിൽ അവർ അഭിനയിച്ചിട്ടുണ്ട്.

1940ൽ നാഗർകോവിലിലാണ് അവർ ജനിച്ചത്. തിരുവിതാംകൂർ സഹോദരിമാരെന്ന് പ്രസിദ്ധിയാർജ്ജിച്ച ലളിത, പത്മിനി, രാഗിണിമാരുടെ കസിനാണ്. ഈ സഹോദരിമാരോടൊപ്പം നൃത്തം പഠിച്ചു. കേരളനടനം, കഥകളി, ഭരതനാട്യം തുടങ്ങിയ നൃത്തരൂപങ്ങളിൽ അവർ വൈദഗ്ദ്ധ്യം നേടിയിരുന്നു. ഈ സഹോദരിമാരോടൊപ്പം ഒരു അഖി

*അടൂർ ഗോപാലകൃഷ്ണന്റെ 'നിഴൽക്കുത്ത്'(2002) ൽ അവരുടെ റോൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. 2003ൽ കേന്ദ്രസർക്കാർ അവർക്ക് പത്മശ്രീ നൽകി ആദരിച്ചു. 2010ൽ 'നമ്മഗ്രാമം' എന്ന സിനിമയിലെ അഭിനയത്തിന് ഏറ്റവും നല്ല സഹനടിക്കുള്ള അവാർഡ് കിട്ടി.*



***മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഹിന്ദി സിനിമകളിൽ അഭിനയിക്കുമ്പോൾ സ്വന്തം ശബ്ദം തന്നെയാണ് അവർ ഉപയോഗിച്ചിരുന്നത് എന്നതും അവരുടെ പ്രത്യേകതയായിരുന്നു.***




ലേന്ത്യാപര്യടനവും അവർ നടത്തിയിരുന്നു.

ഒരിക്കൽ പത്മിനിയോടൊപ്പം ഒരു സിനിമാസെറ്റിൽ വെച്ച് ഒരു സംവിധായകൻ സുകുമാരിയെ ശ്രദ്ധിക്കുകയും ആദ്യമായി 'ഒരറിവു' എന്ന തമിഴ്സിനിമയിൽ മുഖ്യറോൾ അവരെ ഏൽപിക്കുകയും ചെയ്തു. സംവിധായകനായ ഭിംസിംഗിനെയായിരുന്നു അവർ വിവാഹം ചെയ്തത്. അവരുടെ മുപ്പതാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ചേട്ടത്തി, കുസൃതിക്കുട്ടൻ, കുഞ്ഞാലിമരക്കാർ, തച്ചോളി ഒതേനൻ, യക്ഷി, കരിനിഴൽ തുടങ്ങിയ ബ്ലാക്ക് & വൈറ്റ് സിനിമകളിൽ അവർ അഭിനയിച്ചിരുന്നു. പിന്നീട് പ്രിയദർശന്റെ 'പൂച്ചക്കൊരു മൂക്കുത്തി' , 'ഓടരുതമ്മാവാ ആളറിയാം' , 'ബോയിങ്ങ് ബോയിങ്ങ്' , 'വന്ദനം' തുടങ്ങിയ സിനിമകളിലെ അവരുടെ അഭിനയം ശ്രദ്ധേയമായിരുന്നു. 'മണിച്ചെപ്പു തുറന്നപ്പോൾ', 'കാര്യം നിസ്സാരം' തുടങ്ങിയ ബാലചന്ദ്രമേനോന്റെ സിനിമകളിലും അവരുടെ അഭിനയം ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. അടൂർ ഗോപാലകൃഷ്ണന്റെ 'നിഴൽക്കുത്ത്'(2002) ൽ അവരുടെ റോൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. 2003ൽ കേന്ദ്രസർക്കാർ അവർക്ക് പത്മശ്രീ നൽകി ആദരിച്ചു. 2010ൽ 'നമ്മ ഗ്രാമം' എന്ന സിനിമയിലെ അഭിനയത്തിന് ഏറ്റവും നല്ല സഹനടിക്കുള്ള അവാർഡ് കിട്ടി. വേദനാജനകമായ അവരുടെ അന്ത്യം മലയാളസിനിമക്ക് വലിയൊരു നഷ്ടം തന്നെയാണ്. മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഹിന്ദി സിനിമകളിൽ അഭിനയിക്കുമ്പോൾ സ്വന്തം ശബ്ദം തന്നെയാണ് അവർ ഉപയോഗിച്ചിരുന്നത് എന്നതും അവരുടെ പ്രത്യേകതയായിരുന്നു.

●





കേസ് ഡയറി

സ്മിത

# ഇങ്ങനേയും ജീവിതങ്ങൾ!

***"അമ്മയെന്നെ ഒരുപാട് തല്ലി, എന്നെ രക്ഷിക്കണം" എന്നുപറഞ്ഞ് നിലവിളിയായി. കരച്ചിൽ കേട്ട് അയൽക്കാരെല്ലാം ഓടിക്കൂടി. എങ്ങനെയെങ്കിലും ഈ കുട്ടിയെ രക്ഷിക്കണമെന്ന് അവരും പറഞ്ഞു. ഞങ്ങൾ അവളുടെ അച്ഛനെ ഫോണിൽ വിളിച്ചറിയിച്ച് അവളെ അന്വേഷിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു.***

ഒരു സ്നേഹസ്പർശം, ഒരു കൈത്താങ്ങ് കൊടുത്താൽ നമുക്ക് ചുറ്റും കാണുന്ന പല ജീവിതങ്ങളേയും ദുരിതക്കയങ്ങളിൽ നിന്ന് രക്ഷിക്കാനായേക്കാം. അന്വേഷിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ ഒരുപാട് ജീവിതങ്ങൾ അങ്ങിനെ രക്ഷപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള ഒരു സംഭവമാണിത്. കൗമാരക്കാർക്ക് വേണ്ടി ഒരു ക്ലാസ്സ് നടത്താനാണ് അന്വേഷി പ്രവർത്തകരായ ഞങ്ങൾ ആ ഗ്രാമത്തിലെ അംഗനവാടിയിലെത്തിയത്. ക്ലാസ്സിനു ശേഷം അവിടുത്തെ ടീച്ചറുമായുള്ള സൗഹൃദസംഭാഷണത്തിനിടക്കാണ് രമ്യയേയും കുടുംബത്തിനേയും കുറിച്ചറിഞ്ഞത്. സ്ഥലവാസിയായ ടീച്ചർക്ക് അവരെ നന്നായി അറിയാം. ആ കുടുംബം വളരെ പരിതാപകരമായ അവസ്ഥയിലാണെന്നും അവരെ എങ്ങനെയെങ്കിലും സഹായിക്കണമെന്നും ടീച്ചർ ആവശ്യപ്പെട്ടു. കൂടുതൽ അന്വേഷിച്ചപ്പോഴാണ് കഥയുടെ ചുരുളഴിയുന്നത്.

ശോഷിച്ച ശരീരവുമായി മുടന്തി മുടന്തി നടക്കുന്ന ഒട്ടും ആരോഗ്യമില്ലാത്ത 27കാരിയാണ് രമ്യ. അവളും അമ്മയും തമ്മിൽ എന്നും വഴക്കാണ്. പൊറുതിമുട്ടിയ അച്ഛൻ രണ്ടുപേരെയും അടിക്കുകയും തെറിവിളിക്കുകയും ചെയ്യും. എപ്പോഴും ആ വീട്ടിൽ അടിയും ബഹളവും കരച്ചിലുമാണ്. ആ വീട്ടിലെ ജോലികളെല്ലാം ചെയ്യുന്നത് രമ്യയാണ്. എന്നാൽ അവൾക്ക് അമ്മ ഭക്ഷണമൊന്നും കൊടുക്കില്ലത്രേ. അവർ പുറത്തുപോകുമ്പോൾ രമ്യയെ പൂട്ടിയിടും. ഇതിനൊക്കെ എന്താണ് കാരണമെന്ന് നാട്ടുകാർക്കൊന്നും അറിയില്ല. ഞങ്ങൾ ആ വീട്ടിൽ ചെന്ന ദിവസം രമ്യയുടെ അമ്മ വീട്ടിലുണ്ടായിരുന്നില്ല. അവൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ഞങ്ങളെ കണ്ട രമ്യ "അമ്മയെന്നെ ഒരുപാട് തല്ലി, എന്നെ രക്ഷിക്കണം" എന്നുപറഞ്ഞ് നിലവിളിയായി. കരച്ചിൽ കേട്ട് അയൽക്കാരെല്ലാം ഓടിക്കൂടി. എങ്ങനെയെങ്കിലും ഈ കുട്ടിയെ രക്ഷിക്കണമെന്ന് അവരും പറഞ്ഞു. ഞങ്ങൾ അവളുടെ അച്ഛനെ ഫോണിൽ വിളിച്ചറിയിച്ച് അവളെ അന്വേഷിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. അന്വേഷിയിൽ വെച്ച് നടന്ന കൗൺസലിങ്ങിനിടയിൽ അമ്മ അവളോട് കാണിക്കുന്ന ക്രൂരതകൾ ഓരോന്നായി പറഞ്ഞു. തന്റെ കാല് അമ്മ ചവിട്ടി ഒടിച്ചതുകൊണ്ടാണ് മുടന്തിയായി പോയതെന്നും അമ്മ ഭക്ഷണമൊന്നും കൊടുക്കാറില്ലെന്നും പറഞ്ഞ് അവൾ ഒരുപാട് കരഞ്ഞു. ഒരു മണിക്കൂറിലധികം നീണ്ട

കൗൺസലിംഗിൽ കുറേ സത്യങ്ങൾ മനസ്സിലായി. രമ്യയുടെ കാല് അമ്മ ചവിട്ടി ഒടിച്ചതല്ല. അത് ജന്മനാ അങ്ങനെയായിരുന്നു. കൂടാതെ ആ കുട്ടിക്ക് ചെറിയതോതിലുള്ള ബുദ്ധിമാന്ദ്യവും ഉണ്ടെന്ന് മനസ്സിലായി. അടുത്ത ദിവസം അച്ഛനേയും അമ്മയേയും അന്വേഷിയിലേക്ക് വിളിപ്പിച്ചു. അവർക്ക് രണ്ടുപേർക്കും പ്രത്യേകം പ്രത്യേകം കൗൺസലിംഗ് കൊടുത്തു. അപ്പോഴാണ് ഞെട്ടിക്കുന്ന മറ്റൊരു സത്യം മനസ്സിലായത്. രമ്യയുടെ അമ്മ കടുത്ത മനോരോഗിയാണ്. അവരുടെ മനസ്സിലുണ്ടാവുന്ന വിഭ്രമജനകമായ തോന്നലുകളാണ് രമ്യയെ ഉപദ്രവിക്കാൻ ഇടയാക്കിയത്. ആ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടാനായി ബുദ്ധിമാന്ദ്യമുള്ള രമ്യ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളാണ് ആ കുടുംബത്തെ കൂടുതൽ ദുരിതത്തിലാക്കിയത്. രമ്യക്ക് ബുദ്ധിമാന്ദ്യമുണ്ടെന്നും അവളുടെ അമ്മക്ക് മാനസികരോഗമാണെന്നും നാട്ടുകാരും മനസ്സിലാക്കിയിരുന്നില്ല. ഇതൊന്നും അറിയാതെ അമ്മക്കും മകൾക്കും ഇടയിൽപെട്ട് അച്ഛനും ഒരുപാട് കഷ്ടപ്പെട്ടു.

അമ്മയുടെ അസുഖത്തിന്റെ ഭീകരതയെക്കുറിച്ചും അവരെ ചികിത്സിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചും അച്ഛനെ വ്യക്തമായി ധരിപ്പിച്ചു. ചികിത്സക്കാവശ്യമായ എല്ലാ സഹായവും അന്വേഷി ചെയ്തു കൊടുത്തു. രമ്യയെ അന്വേഷിയുടെ ഷോർട്ട് സ്റ്റേ ഹോമിൽ താമസിപ്പിച്ചു. മാനസികമായും ശാരീരികമായും ആരോഗ്യം വീണ്ടെടുത്തപ്പോൾ അവളെ അച്ഛനമ്മമാരോടൊപ്പം പറഞ്ഞയച്ചു. അപ്പോഴേക്കും ചികിത്സയിലൂടെ അമ്മ സാധാരണനിലയിലെത്തിയിരുന്നു. രണ്ടുമാസത്തിനു ശേഷം ഞങ്ങൾ ആ കുടുംബത്തെ സന്ദർശിച്ച് വിവരങ്ങൾ തിരക്കി. രമ്യയുടെ വീട്ടുകാരുടേയും നാട്ടുകാരുടേയും ഞങ്ങളോടുള്ള സമീപനം വളരെ നന്ദിപൂർവ്വമായിരുന്നു. ആ വീട്ടിൽ ഇപ്പോൾ പ്രശ്നങ്ങളൊന്നുമില്ലെന്നും അവർ സുഖമായി കഴിയുന്നുണ്ടെന്നും അയൽക്കാർ ഞങ്ങളോടു പറഞ്ഞു. രമ്യയും അമ്മയുമായി നല്ല സ്നേഹത്തിലാണെന്ന് അമ്മയും പറഞ്ഞു. ഞങ്ങളതു നേരിട്ടു മനസ്സിലാക്കുകയും ചെയ്തു. അന്വേഷിയുടെ സമയോചിതമായ ഇടപെടലിലൂടെ മൂന്നു ജീവിതങ്ങളാണ് രക്ഷപ്പെട്ടത്.

●

---

പേജ് 54 തുടർച്ച

വും ലോഹമാണല്ലെ എന്ന്. ഇന്ത്യയുടെ ഉരുക്കുവനിതയെന്ന ഇന്ദിരയുടെ വിശേഷണം ഇവിടെ ചേർത്തു വായിച്ചുകൂടെ?

രാജാവെന്ന അധികാരി പുരുഷചിഹ്നമായി മാറുമ്പോൾ സീത വാക്കിന്റെ അർത്ഥം കൊണ്ടുതന്നെ ജന്മഭൂമിയായി മാറുന്നു. ലവകുശന്മാർ യാഗാശ്വത്തെ കീഴടക്കുന്ന ഭാഗത്ത് തങ്ങൾ ക്ഷത്രിയ കുമാരന്മാരാണ്, അധികാരമുണ്ടെന്ന അവരുടെ ഭാവത്തെ സിനിമ മറുചോദ്യം കൊണ്ടു കഠാരകൊണ്ടെന്ന പോലെ കുത്തിക്കീറുന്നുണ്ട്. നിങ്ങളുടെ രാജ്യമേതാണ്, യാഗാശ്വത്തെതടഞ്ഞുനിർത്താൻ നിങ്ങൾക്കു സ്വന്തമായ രാജ്യമുണ്ടോ?. പാരമ്പര്യമായി പകർന്നു കിട്ടുന്ന രാജാധികാരം പോലെ കൈമാറേണ്ട ഒന്നായി ഇന്ത്യൻ ഭരണം മാറിക്കൊണ്ടിരുന്ന പ്പോഴുള്ള ഈ ചോദ്യം ഒരുപാടു അർത്ഥതലങ്ങളെ ഉൾക്കൊള്ളുകയും ചോദ്യകർത്താവിനൊപ്പം കാണികളിലും ഗൂഢസ്മിതമുണർത്തുകയുംചെയ്യുന്നുണ്ട്.

വാക്കുകൾ കുറഞ്ഞിട്ടും ഊർമ്മിളയെയും ശംബുകപത്നിയെയും ജ്വലിക്കുന്ന രണ്ട് സ്ത്രീപ്രതിനിധാനങ്ങളായി സിനിമകൊണ്ടുവരുന്നുണ്ട്. രണ്ടുപേരുടെയും കണ്ണുകൾ നിറയുന്നു. സ്ത്രീത്വത്തിന്റെ പ്രതീകങ്ങളായി അവ മാറുന്നു. ഊർമ്മിളയുടെ കാത്തിരിപ്പ്, സ്ത്രീ കാത്തിരിക്കുന്നതു ഹൃദയാലുവായ ഒരു രാജാവിനെയാണ്, ബന്ധുവിനെയാണ്. അവൾക്കു ലഭിക്കാതെ പോകുന്നതും അതാണ്. അധികാരം പുരുഷത്വമായി മാറുമ്പോൾ പ്രകൃതിയും സ്ത്രീയും ഒന്നല്ലേ എന്ന വാക്കുകൾ ഉയരുന്നു. പുരുഷൻ പ്രകൃതിയിൽ നിന്നു വേറിട്ടതോ എന്ന ചോദ്യവും സിനിമ ഉയർത്തുന്നു.


വെറും ലോഹപ്രതിമയായി മാറുന്ന രാമരാജ്യസങ്കൽപ്പങ്ങൾ, ഇക്ഷ്വാകുവംശത്തിലൂടെ അവരുടെ തുടർച്ചയെന്നു അഭിമാനിക്കുന്ന ആദിമവാസികളെ കാട്ടുമനുഷ്യരായി അവതരിപ്പിച്ചുകൊണ്ട് നാം കൊട്ടിഘോഷിക്കുന്ന ആർഷസംസ്കാരത്തെ തന്നെ ചോദ്യം ചെയ്യുകയാണ്. ഗോത്രവർഗ്ഗക്കാരുടെയിടയിലെ കഥയെ നെഞ്ചേറ്റി വൈഷ്ണവകഥയാക്കി അവരെ ആര്യവംശമാക്കി മാറ്റുമ്പോൾ ഓരോ അധികാരവും നിലനിൽക്കുന്നത് അനേക അഭിപ്രായങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടോ നിശ്ശബ്ദമാക്കികൊണ്ടോ ആണെന്ന യാഥാർഥ്യം പലപ്പോഴും മറന്നുപോകുന്നു. ജനഹിതമെന്ന വാക്കിന്റെ പൊള്ളത്തരവും അതെടുത്ത് അണിയുന്നവന്റെ പൊള്ളത്തരവും ഒരേ സമയം വെളിച്ചത്താവുന്നു. രാമരാജ്യം മിഥ്യയാണെന്ന ധാരണ രാമനു തന്നെയുണ്ടാകുന്നുണ്ട്.

അവസാനത്തെ രംഗം പതിനാറു തംബുരുകളിൽ മീട്ടിയ മുഴക്കമുള്ള ശബ്ദത്തിന്റെ പശ്ചാത്തലത്തിൽ സരയുവിന്റെ പശ്ചാത്തലത്തിലേക്കു നടന്നു നീങ്ങുന്ന അധികാരി, പിന്നിൽനിന്നുള്ള ക്യാമറയിൽ ദൂരെ മറ്റൊരു പ്രകാശത്തിലേക്ക് ലയിക്കുന്നു. സ്വയം വരിക്കുന്ന അന്ത്യം. അന്ത്യത്തിൽ സീത(നദിയെന്നും അർത്ഥം)യിൽ ചേരുകയല്ലാതെ ആർക്കും നിത്യനാകാനാവില്ല എന്ന ഓർമ്മപ്പെടുത്തലും സിനിമ നൽകുന്നു. ഈ രംഗം ഒരു മായികരംഗം പോലെ എടുത്തതിനെ കുറിച്ച് അരവിന്ദൻ പറയുണ്ട്. ഏതൊരു അന്ത്യത്തിന്റെയും നിസ്സഹായത, ദയനീയത അന്നേ അരവിന്ദൻ എങ്ങനെ ഒപ്പിയെടുത്തുവെന്ന് ഇന്ന് നമുക്കതിശയിക്കാം.

●

# അന്വേഷി വാർത്തകൾ

## അഡോളസെന്റ് വർക്ക്ഷോപ്പ്




അന്വേഷിയുടേയും ബേപ്പൂർ ഐ.സി.ഡി.എസ്സിന്റേയും ആഭിമുഖ്യത്തിൽ 2013 ഏപ്രിൽ 3, 4, 5 തിയ്യതികളിലായി കൗമാരക്കാരായ പെൺകുട്ടികൾക്കുവേണ്ടി 'അഡോളസെന്റ് പ്രോബ്ലംസ് & ഹൗ ടു ഡീൽ വിത്ത് ഇറ്റ്' എന്ന വിഷയത്തെ അധികരിച്ച് ബേപ്പൂർ ഗവ.എൽ.പി.സ്കൂളിൽ ത്രിദിനശില്പശാല നടത്തി. വാർഡ് കൗൺസിലർ ശ്രീമതി രജനി ശില്പശാല ഉദ്ഘാടനം ചെയ്തു. 49 പെൺകുട്ടികൾ ശില്പശാലയിൽ പങ്കെടുത്തു. ഡോ.ജാൻസി ജോസ്, ജയശ്രീ, പ്രമീള എന്നിവർ മൂന്നുദിവസങ്ങളിലായി നടന്ന ക്ലാസ്സുകൾ നയിച്ചു.

## ഹെൽത്ത് സെമിനാർ




സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം എന്ന വിഷയത്തിൽ അന്വേഷിയും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി 26.3.2013ന് സെമിനാർ നടത്തി. ബാലുശ്ശേരി ബ്ലോക്കിലെ 80 ആശാവർക്കർമാർ സെമിനാറിൽ പങ്കെടുത്തു. ബാലുശ്ശേരി പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ.കെ.അജിത്കുമാർ സെമിനാർ ഉദ്ഘാടനം ചെയ്തു. അന്വേഷി പ്രസിഡണ്ട് കെ.അജിത ആധ്യക്ഷം വഹിച്ച ചടങ്ങിൽ എലിസബത്ത് സ്വാഗതവും അൽഫോൺസ നന്ദിയും പറഞ്ഞു. കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ അഷ്റഫ് കാവിൽ, അന്വേഷി ഹെൽത്ത് കോ-ഓർഡിനേറ്റർ പി.ശ്രീജ തുടങ്ങിയവർ ക്ലാസുകളെടുത്തു.

## "സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യ പ്രശ്നം" സെമിനാർ

അന്വേഷിയും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി വയനാട് ജില്ലയിലെ മേപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വെച്ച് "സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യ പ്രശ്നം" എന്ന വിഷയത്തിൽ 17/4/2013ന് സെമിനാർ നടത്തി. വയനാട് ജില്ലാ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ.ബി ജോയ് സെമിനാർ ഉദ്ഘാടനം ചെയ്തു. അന്വേഷി പ്രസിഡണ്ട് കെ.അജിത അദ്ധ്യക്ഷത വഹിച്ചു. മേപ്പാടി പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ.ദിവ്യ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബാബു സെബാസ്റ്റ്യൻ, അജിത തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതവും, ഹെൽത്ത് കൗൺസലർ അൽഫോൺസ നന്ദിയും പറഞ്ഞു. 75 ആളുകൾ സെമിനാറിൽ പങ്കെടുത്തു.

